# കരയോഗ സൗഹൃദം


സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 12 ലക്കം - 10 കന്നി - 1195 ഒക്ടോബർ 2019






എറണാകുളം കരയോഗത്തിന്റെ 2019 ലെ നവരാത്രി ആഘോഷം
പ്രസിഡന്റ് ശ്രീ.കെ.പി.കെ.മേനോൻ ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യുന്നു.



പി.സി.എസ്.ജെ, എറണാകുളം കരയോഗം, ജില്ലാ ചൈൽഡ് വെൽഫെയർ കമ്മിറ്റി, ശിശുസംരക്ഷണ യൂണിറ്റ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പോക്സോനിയമം 2012 സെമിനാർ ബഹു.ജസ്റ്റിസ് ശ്രീ. ദേവൻ രാമചന്ദ്രൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുന്നു



എറണാകുളം കരയോഗത്തിന്റെ സാമൂഹ്യ സേവനവിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നിർദ്ധനരായ കിടപ്പുരോഗികളുടെ കുടുംബാംഗങ്ങൾക്കുള്ള ഭക്ഷ്യോൽപ്പന്ന കിറ്റ് വിതരണം





ടിഡിഎം ഹാളിലും പ്രശാന്തി വനിതാ ഹോസ്റ്റലിലും നടന്ന ഓണാഘോഷം 2019 ൽ നിന്ന്



ലോക ആത്മഹത്യാ പ്രതിരോധദിനമായ സെപ്റ്റംബർ 10 ന് ചൈത്രത്തിന്റെ നേതൃത്വത്തിൽ ഹൈക്കോർട്ട് ജംഗ്ഷനിൽ വച്ച് നടത്തിയ ബോധവല്ക്കരണ പരിപാടിയിൽ കൺവീനർ ഡോ.പി. വിജയലക്ഷ്മി മേനോൻ സംസാരിക്കുന്നു.



എറണാകുളം കരയോഗത്തിന്റെ നവരാത്രിയാഘോഷത്തോടനുബന്ധിച്ച് ടി ഡി എം ഹാളിൽ നടന്ന ശ്രീമദ് ദേവിഭാഗവത പാരായണം



എഡിറ്റോറിയൽ

# നാറ്റ്ഗ്രിഡ് - ഉചിതമായ തീരുമാനം

ലോകത്താകമാനം ഭീകരത നിഴൽ വിരിച്ചിരിക്കുന്നു എന്ന് യു. എൻ. സെക്രട്ടറി ജനറലും ഇസ്ലാമിക തീവ്രവാദംകൊണ്ട് പൊറുതി മുട്ടിയിരിക്കുന്നതായി അമേരിക്കൻ പ്രസിഡണ്ട് ഡോണാൾഡ് ട്രംപും പ്രസ്താവിച്ചിരിക്കുന്നു. പാക്കിസ്ഥാൻ എന്ന ഇസ്ലാമിക മതാധിഷ്ഠിത രാജ്യവും അവർ തീറ്റിപോറ്റുന്ന ഭീകരരും നമ്മുടെ രാജ്യത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാൻ തുടങ്ങിയിട്ട് വർഷങ്ങളേറെയായി. മുമ്പ് തീവ്രവാദത്തിനെതിരെ നാം സ്വീകരിച്ച മൃദു സമീപനവും ജമ്മുകാശ്മീരിലും അതിർത്തി പ്രദേശങ്ങളിലും നാം കൈക്കൊണ്ട മാനുഷീക പരിഗണനാടിസ്ഥാനത്തിലുള്ള പ്രവർത്തികളും പാക്കിസ്ഥാൻ ഇന്ത്യയിലേക്ക് കയറ്റി അയക്കുന്ന തീവ്രവാദത്തിന് ശക്തി പകരുകയാണുണ്ടായത്. 'വെട്ടാൻ വരുന്ന പോത്തിനോട് വേദം ഓതിയിട്ട് കാര്യമില്ല' എന്ന തിരിച്ചറിവ് ഇപ്പോൾ നമുക്കുണ്ടായിരിക്കുന്നു – തദനുസരണമായുള്ള പ്രവർത്തനങ്ങളും. അതുകൊണ്ട് തന്നെ പുറമേനിന്നുള്ള തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഏറെ കുറവ് വന്നിട്ടുണ്ട്. എന്നാൽ പാക്കിസ്ഥാനിൽ നിന്നും ഉള്ള തീവ്രവാദഭീഷണി പോലെ തന്നെ ഗുരുതരമാണ് രാജ്യത്തിനകത്തു തന്നെയുള്ള ഭീകരപ്രവർത്തനങ്ങളും. ഇവയെല്ലാം ഉന്മൂലനം ചെയ്താൽ മാത്രമേ ജനങ്ങൾക്ക് സമാധാനത്തോടെ ജീവിക്കാൻ സാധിക്കുകയുള്ളൂ. കാശ്മീരിലായാലും ശരി, കേരളത്തിലായാലും ശരി, ഇന്ത്യയിൽ എവിടെ ആയിരുന്നാലും ശരി തീവ്രവാദത്തെ വേരോടെ പിഴുതു കളയുക, പൂർണ്ണമായും ഇല്ലായ്മ ചെയ്യുക എന്നുള്ളതാണ് ഇന്നിന്റെ ആവശ്യം. അതെ, ഭീകരത – മതഭീകരതയോ, രാഷ്ട്രീയ ഭീകരതയോ

# ഉള്ളടക്കം

വാല്യം 12 | ലക്കം 10 | ഒക്ടോബർ 2019


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| ജനറൽ സെക്രട്ടറിയുടെ പംക്തി | 5 |
| എറണാകുളം കരയോഗം പ്രതിമാസ പരിപാടി | 6 |
| ബാലലോകം | 7 |
| രാഗപരിചയം | 9 |
| വാസ്തു | 10 |
| ഭാരതത്തിലെ ഋഷികവികൾ | 11 |
| ക്ഷേത്രങ്ങളിലൂടെ | 16 |
| മഹാഭാരതം | 20 |
| ഹരിസുധാലഹരി | 24 |
| പാതഞ്ജലയോഗദർശനം | 25 |
| വിയോജിപ്പുകളും ആകാം | 26 |
| ഒരു മിനിക്കഥ | 30 |
| ക്ഷേത്രദർശനം | 31 |
| അന്ന് വെള്ളപ്പൊക്കവും കൊടുങ്കാറ്റും താറുമാറാക്കിയപ്പോൾ | 32 |
| മനസ്സും മസ്തിഷ്കവും മയക്കുമരുന്നുകളും | 33 |
| സുഹൃദ്ബന്ധം (കൂട്ടുകെട്ട്) | 35 |
| മസ്തിഷ്കവും നാഡീവ്യൂഹവും | 36 |
| ചങ്ങമ്പുഴയുടെ പ്രേമദർശനം | 38 |
| അതിജീവനം | 41 |
| കേരളവും പ്രളയവും | 45 |
| ഒരു ആഭ്യന്തരമഹായുദ്ധം | 49 |
| ചരമവാർഷികം | 54 |
| മാസഫലം | 55 |
| മാട്രിമോണിയൽ | 56-66 |


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**

ഏതുമാകട്ടെ, അതിനെ ഈ നാട്ടിൽ നിന്നും പൂർണ്ണമായും തുടച്ചു നീക്കണം.

ഭീകരപ്രവർത്തനങ്ങളെ കാലേക്കൂട്ടി കണ്ടെത്തി സമയോചിതമായ നടപടികൾ കൈക്കൊള്ളുവാൻ വേണ്ടി കേന്ദ്രസർക്കാർ രൂപം കൊടുത്തിരിക്കുന്ന അന്വേഷണ ഏജൻസിയാണ് National Intelligence grid (NATGRID). രാജ്യത്തിനകത്ത് ഭീകരപ്രവർത്തനം നടത്തുന്ന മുഴുവൻ രാജ്യദ്രോഹകളേയും കണ്ടെത്താൻ കഴിയുന്ന എല്ലാ വിധ സംവിധാനങ്ങളോടെയുമാണ് നാറ്റ്ഗ്രിഡിന് രൂപം നല്കിയിരിക്കുന്നത്. പുറത്തു നിന്ന് ഇങ്ങോട്ട് വരുന്നവരുടേയും പുറത്തേയ്ക്ക് പോകുന്നവരുടെയും മുഴുവൻ വിവരങ്ങളും അപ്പപ്പോൾ തന്നെ നാറ്റ്ഗ്രിഡിന് ലഭിക്കും. അവരുടെ ബാങ്ക് അക്കൗണ്ടുകളെ സംബന്ധിച്ചുള്ള വിവരങ്ങളുൾപ്പടെയാണ് ലഭിക്കുന്നത്. പുറത്തു നിന്ന് ഇവിടെയുള്ള ഭീകരവാദികൾക്കും മാവോയിസ്റ്റുകൾക്കുമൊക്കെ ബാങ്കു വഴി എത്തിക്കൊണ്ടിരിക്കന്ന ധനസഹായം കണ്ടെത്താനും അവയെയെല്ലാം ഫലപ്രദമായി നിയന്ത്രിക്കുവാനും ഈ പുതിയ ഇന്റലിജൻസ് സംവിധാനം വഴി സാധ്യമാകും. ഇതു കൂടാതെ ഇവരുടെ യാത്രാവിവരങ്ങൾ, സന്ദേശങ്ങൾ തുടങ്ങി എല്ലാ പ്രവർത്തനങ്ങളും നാറ്റ്ഗ്രിഡിന്റെ പൂർണ്ണ നിരീക്ഷണത്തിലായിരിക്കും. ഇങ്ങനെ തീവ്രവാദ പ്രവർത്തനങ്ങൾക്കുള്ള എല്ലാ പഴുതും അടച്ചുകൊണ്ടാണ് ഈ സംവിധാനം പ്രവർത്തിക്കുക. രാജ്യത്തെ പ്രധാനപ്പെട്ട എല്ലാ അന്വേഷണ ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഈ അന്വേഷണ സമ്പ്രദായം വിജയിക്കും. തീവ്രവാദത്തെ ഈ മണ്ണിൽ നിന്ന് ഇങ്ങിനെ വരാത്തവണ്ണം തുരത്തുവാൻ കഴിയുമെന്നുള്ളതിൽ സംശയമില്ല.

2008 –ലെ മുംബേ ഭീകരാക്രമണം കഴിഞ്ഞപ്പോൾ തന്നെ ഇതുപോലുള്ള ഒരു സംവിധാനം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ചകൾ നടക്കുകയും അങ്ങനെയൊന്ന്, അതിനുതകുന്ന ഒരു അന്വേഷണ ഏജൻസി രൂപികരിക്കുവാനായി അന്നത്തെ സർക്കാർ തീരുമാനം എടുക്കുകയും ചെയ്തു. അതനുസരിച്ച് 2010 ൽ നാറ്റ്ഗ്രിഡ് രൂപികരണത്തിനായി 3400 കോടി രൂപയും നീക്കി വെച്ചു. എന്തുകൊണ്ടോ പിന്നീട് അതിന്റെ പ്രവർത്തനങ്ങളൊന്നും നടന്നില്ല. 2016 ൽ ബഹു: പ്രധാനമന്ത്രി ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുകയും, ഈ അന്വേഷണ സംവിധാനത്തിന് രൂപം കൊടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇപ്പോഴിതാ 2020 – ആദ്യം തന്നെ നാറ്റ്ഗ്രിഡ് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകും വിധമുള്ള തയ്യാറെടുപ്പിലാണ്.

ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയും സമാധാനാന്തരീക്ഷത്തിലുള്ള ജീവിത സാഹചര്യം ഒരുക്കുകയുമാണ് ഒരു സർക്കാരിന്റെ പ്രഥമകർത്തവ്യം. ഭീകരവാദഭീഷണിയില്ലാതെ സമാധാനപരമായി ജീവിതം മുമ്പോട്ടുകൊണ്ടു പോകുവാനുപയുക്തമായ ഇമ്മാതിരി സംവിധാനങ്ങൾ ഒരുക്കിയ കേന്ദ്രസർക്കാരിന് അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ.

## അഭിനന്ദനങ്ങൾ

മലയാളത്തിന്റെ സ്വന്തം കഥാകാരനായ തകഴിയുടെ നേതൃത്വത്തിൽ രൂപീകൃതമായ കേരള സാഹിത്യവേദിയുടെ ഈ വർഷത്തെ തകഴി സാഹിത്യപുരസ്കാരം നമ്മുടെ കരയോഗാംഗമായ




ശ്രീമതി. മൃണാളിനിക്കാണ് ലഭിച്ചത്. 'കണക്കുപുസ്തകം' എന്ന നോവലാണ് ശ്രീമതി. മൃണാളിനിയെ പുരസ്കാരത്തിന് അർഹയാക്കിയത്. മലയാളത്തിലെ പ്രശസ്ഥ പുരസ്കാരങ്ങളിലൊന്നായ തകഴി സാഹിത്യപുരസ്കാരം നേടിയ നമ്മുടെ മൃണാളിനിക്ക് എറണാകുളം കരയോഗത്തിന്റെ അകമഴിഞ്ഞ, ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. നമ്മുടെ മുൻ വൈസ് പ്രസിഡണ്ടായ ശ്രീ. കെ. രാമചന്ദ്രൻ നായരുടെ സഹധർമ്മിണിയാണ് ശ്രീമതി. മൃണാളിനി.







# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

രാധേയം ഗസ്റ്റ്ഹൗസ്, ഗുരുവായൂർ എന്ന നവതി സ്മാരകമന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിച്ചു വരികയാണ്. 90% സിവിൽ വർക്കുകളും പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇന്റീരിയർ ജോലികളും അന്തിമഘട്ടത്തിലുള്ള ചുറ്റുമതിൽ നിർമ്മാണങ്ങളും പ്രവേശന കവാടത്തിന്റെ വീതി 5 മീറ്ററിൽ നിന്നും 8 മീറ്ററായി വർദ്ധിപ്പിക്കുന്നതിലേക്ക് ആവശ്യമായ ഭൂമി വിലയ്ക്കെടുത്തുകൊണ്ട് പ്രവേശന കവാടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഭൂമിക്കും കെട്ടിടത്തിനും മൊത്തം 20 കോടിയോളം രൂപ ചിലവ് പ്രതീക്ഷിക്കുന്ന സ്മാരക മന്ദിരം കരയോഗത്തിന്റെ അന്തസ്സിനും നിലയ്ക്കും വിലയ്ക്കും ഉതകുന്ന രീതിയിൽ മികവുറ്റ നിർമ്മാണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. എറണാകുളം കരയോഗത്തെ സംബന്ധിച്ച് ഈ പ്രസ്ഥാനത്തിന്റെ വളർച്ചയുടെ മറ്റൊരു കാൽവെയ്പാണിത്. സാമൂഹ്യ പ്രതിബദ്ധതയോടെ പൊതുജനങ്ങൾക്ക് സേവനം നൽകുമ്പോൾ അതിന്റെ മികവും ഗുണനിലവാരവും കാത്തുസൂക്ഷിക്കുവാനും നിലനിർത്തുവാനും നാം പ്രതിജ്ഞാബദ്ധരാണ്.

എറണാകുളം കരയോഗത്തിന്റെ വകയായ ടി.ഡി.എം.ഹാൾ കോംപ്ലക്സിന്റെയും പ്രശാന്തി വനിതാ ഹോസ്റ്റലിന്റെയും മറ്റ് സ്ഥാപനങ്ങളുടെയും പ്രവർത്തനവും സേവനവും ഇതിന് ഉദാഹരണങ്ങളാണ്. സ്വാഭാവികമായും വൃത്തിയായും പുതുമ നിലനിർത്തിക്കൊണ്ടും ഇത്തരം സേവനങ്ങൾ നടത്തിക്കൊണ്ടു പോകുവാൻ ദൈനംദിന ചിലവുകൾ കൂടുമെങ്കിലും എറണാകുളം കരയോഗത്തെ സംബന്ധിച്ച് ചെയ്യുന്ന സേവനങ്ങൾക്ക് തനതായ ഒരു ശൈലിയും ഗുണമേൻമയും ഉറപ്പു നൽകുക എന്നത് കരയോഗത്തിന്റെ പ്രത്യേകതയാണ്. ആ നിലയ്ക്ക് രാധേയം ഗസ്റ്റ് ഹൗസ് പൊതുജന സേവനത്തിന് തുറന്നു കൊടുക്കുമ്പോൾ തീർച്ചയായും മിതമായ നിരക്കിൽ നമ്മുടെ തനത് ശൈലിയിൽ മികവുറ്റ സേവനം എല്ലാ ജനവിഭാഗങ്ങൾക്കും ലഭ്യമാക്കുവാൻ കഴിയും എന്നാണ് വിശ്വാസം.

എറണാകുളം കരയോഗത്തിന്റെ ഇത്തരം സേവന പദ്ധതികൾ കരയോഗത്തിലെ അംഗങ്ങളായ അഭ്യുദയകാംക്ഷികളുടെ സഹായ സഹകരണങ്ങൾ മൂലമാണ് നടന്നുപോന്നിട്ടുള്ളത്. പദ്ധതി പൂർത്തിയാക്കുന്ന ഈയവസരത്തിൽ ഇതുമായി സഹകരിച്ച് കരയോഗത്തിന്റെ ഈ സംരംഭം വിജയിപ്പിക്കുവാൻ നിങ്ങളോരോരുത്തരും ബാദ്ധ്യസ്ഥരും കടപ്പെട്ടവരാണെന്ന് അറിയിക്കുന്നു.

2019 സെപ്റ്റംബർ 29ന് തുടങ്ങി ഒക്ടോബർ 8–ാം തീയതി വരെ കരയോഗത്തിന്റെ 'നവരാത്രി' ആഘോഷ പരിപാടികൾ വിപുലമായ രീതിയിൽ ടിഡിഎം ഹാളിൽ വച്ച് നടത്തുകയുണ്ടായി.

### പ്രതിമാസ പരിപാടികൾ

ഈ മാസത്തെ എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രതിമാസ കഥകളി 'സുഭദ്രാഹരണം' ഒക്ടോബർ 22ന് ചൊവ്വാഴ്ച വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

കരയോഗത്തിന്റെ സഹകരണത്തോടെ നടത്തുന്ന ബീമിന്റെ പ്രതിമാസ പരിപാടിയിൽ ശ്രീ.സതീഷ് കുമാറിന്റെ 'ഗസൽസന്ധ്യ' ഒക്ടോബർ 25ന് വൈകുന്നേരം 6.30ന് ടി.ഡി.എം.ഹാൾ ഗംഗയിൽ അവതരിപ്പിക്കുന്നതാണ്.

സംഗീത കൂട്ടായ്മയായ 'അകായിലെ സംഗീതം' ഒക്ടോബർ മാസത്തെ പരിപാടി വയലാർ–

ദേവരാജൻ സ്മൃതി: 20-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.00 മണിക്ക് നടത്തുന്നു. വ്യത്യസ്തമായ രീതിയിൽ അവതരിപ്പിക്കുന്ന ഈ പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ സാംസ്കാരിക വേദി കൺവീനറുമായി ബന്ധപ്പെടുക. ഫോൺ: 9895637118.

എറണാകുളം കരയോഗം ഫിലിം ക്ലബ്ബിന്റെ ഒക്ടോബർ മാസത്തിലെ പരിപാടിയിൽ 27ന്, ഞായറാഴ്ച, വൈകുന്നേരം 5.00 ന് 'അപരൻ' സിനിമ പ്രദർശനം ടിഡിഎം നർമ്മദ ഹാളിൽ നടത്തുന്നതാണ്.

കരയോഗത്തിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും അംഗങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

-ജനറൽ സെക്രട്ടറി

## എറണാകുളം കരയോഗം
## 16.10.2019 മുതൽ 09.11.2019 വരെയുള്ള പരിപാടികൾ

| | | | | |
|---|---|---|---|---|
| 16.10.2019 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 19.10.2019 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 20.10.2019 | ഞായർ | 10.00 a.m. | : | പാർക്കിൻസൺസ് രോഗചികിത്സ(ആയുഷ്യം പോളിക്ലിനിക്) |
| | | 2.00 p.m. | : | ചൈത്രം 12-ാമത് വാർഷികം |
| | | 4.00 p.m. | : | കരയോഗം സാംസ്ക്കാരിക വേദി- അകായിലെ സംഗീതം |
| 22.10.2019 | ചൊവ്വ | 6.30 p.m. | : | കരയോഗം കഥകളി ക്ലബ്ബ് -കഥകളി - സുഭദ്രാഹരണം |
| 23.10.2019 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| | | 3.30 p.m. | : | വിമൻസ് ഫോറം യോഗം |
| 25.10.2019 | വെള്ളി | 6.30 p.m. | : | ബീം പ്രതിമാസ പരിപാടി -ഗസൽ സന്ധ്യ |
| 26.10.2019 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 27.10.2019 | ഞായർ | 5.00 p.m. | : | കരയോഗം ഫിലിംക്ലബ്ബ്-സിനിമ- അപരൻ |
| 30.10.2019 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 2.11.2019 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 6.11.2019 | ബുധൻ | 3.00 p.m. | : | ദേവി ഭാഗവതം ക്ലാസ്സ് |
| 9.11.2019 | ശനി | 10.00 a.m. | : | വേദാന്ത പഠന ക്ലാസ്സ് (ആചാര്യൻ കെ.ആർ.നമ്പ്യാർ) |



## അഭിനന്ദനങ്ങൾ

നമ്മുടെ കരയോഗാംഗമായ ശ്രീ. ഉണ്ണികൃഷ്ണൻ എം. വി. യുടെ മകന്റെ ഭാര്യ ശ്രീമതി. ദേവിശ്രീ. എസ്സ് രാജസ്ഥാൻ BITS Philani യിൽ നിന്നും നാനോ ടെക്നോളജിയിൽ പി.എച്ച്.ഡി കരസ്ഥമാക്കിയിരിക്കുന്നു. ശ്രീമതി.ദേവിശ്രീ.എസ്സിന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.







# ബാല ലോകം

ലക്ഷ്മിദേവി നായർ (ഫോൺ: 9947770638)

പ്രിയപ്പെട്ട കൂട്ടുകാരെ,

ശ്രദ്ധ എന്നൊരു വാക്ക് കൂട്ടുകാർ പല തവണ കേട്ടിരിക്കും അല്ലെ? ഏതു കാര്യങ്ങൾ ചെയ്യുമ്പോഴും ശ്രദ്ധയോടെ ചെയ്യണം എന്ന് കൂട്ടുകാർക്ക് അച്ഛനമ്മമാർ പറഞ്ഞു തരാറുണ്ടാവുമല്ലോ? ശ്രദ്ധിച്ചു കേൾക്കുക. പഠിക്കുക, മനസ്സിലാക്കുക എന്നൊക്കെ കൂട്ടുകാർ കേട്ടിട്ടില്ലേ? ഇതോടൊപ്പം ഈശ്വരധ്യാനവും ശ്രദ്ധയോടെ ചെയ്യണം കേട്ടോ. ഒരു നിമിഷമാണ് പ്രാർത്ഥന എങ്കിലും മനസ്സുറപ്പിച്ചു തന്നെ ചെയ്യുക. അതാണ് വിജയത്തിലേക്കുള്ള മാർഗ്ഗം. ശ്രദ്ധയോടെ കാര്യങ്ങൾ ചെയ്യാൻ പഠിച്ചാൽ പിന്നെ എല്ലാ വിജയവും തനിയെ വരും. അതുതന്നെയാണ് ശ്രീകൃഷ്ണ ഭഗവാൻ ഭഗവത് ഗീതയിൽ അർജ്ജുനനെ ഉപദേശിച്ചതും. 'ക്ഷുദ്രം ഹൃദയ ദൗർബല്യം' ദുർബലമായ ചിത്താഗതി നന്നല്ല എന്നാണ് ഗീത നമ്മെ ഉപദേശിക്കുന്നത്. ശ്രദ്ധയുണ്ടെങ്കിൽ ഈ ദൗർബല്യത്തെയും മറികടക്കാനാവും. ശ്രദ്ധയോടെ സ്വന്തം സ്ഥാനത്ത് ഉറച്ചു നില്ക്കാനാണ് ഭഗവാൻ അർജ്ജുനനോടു പറഞ്ഞത്. അതുകൊണ്ട് കൂട്ടുകാരും ഇതു ശ്രദ്ധിക്കണം. ക്ലാസ്സിൽ ശ്രദ്ധിക്കുന്നവർക്ക് വീട്ടിൽ ഇരുന്ന് കൂടുതൽ ബുദ്ധിമുട്ടി പഠിക്കേണ്ട ആവശ്യം വരില്ലെന്ന് കൂട്ടുകാരും കേട്ടിട്ടില്ലേ ?

സ്വയം ഉയരാനുള്ള ചവുട്ടുപടികളിലേക്കാണ് നാമെപ്പോഴും ശ്രദ്ധ ഊന്നേണ്ടത്. ശ്രദ്ധയ്ക്ക് തടസ്സമായി നില്ക്കുന്ന ഒന്നാണ് കോപം.

കോപംകൊണ്ടു ശപിക്കരുതാരും
ഭഗവന്മയമെന്നോർക്ക സമസ്തം

എന്നാണ് നാം എപ്പോഴും ഓർക്കേണ്ട മറ്റൊരു കാര്യം. സ്വയം വളരാനുള്ള വഴി ഏതാണെന്ന് നാം ആദ്യം മനസ്സിലാക്കണം. പിന്നീട് അതനുസരിച്ച് പ്രവർത്തിക്കുകയും വേണം കേട്ടോ. മാനസികമായ വളർച്ച നമ്മെ ഔന്നത്യത്തിലെത്തിക്കും. അതുകൊണ്ടു തന്നെ മറ്റുള്ളവർ കുറ്റപ്പെടുത്തിയാലും ശാന്തമായി ഇരുന്നോളൂ. ഇങ്ങിനെ വരുമ്പോൾ നമ്മുടെ ഊർജ്ജത്തിന്റെ അളവു കൂടും. ദേഷ്യമാവട്ടെ, ഇരിക്കുന്ന വൃക്ഷശിഖിരത്തിനെ നാം തന്നെ വെട്ടുന്നതിനു തുല്യമാണ്.

മറ്റൊരുദാഹരണം കൂട്ടുകാർക്ക് പറഞ്ഞു തരാം. നാം ഒരു കടയിൽ പോയി സാധനം വാങ്ങുമ്പോൾ കടയുടെ ഉടമ നമ്മോട് പരുഷമായി പെരുമാറി എന്നിരിക്കട്ടെ. പിന്നീട് അവിടെ പോകാൻ താല്പര്യം തോന്നുമോ ? ഇവിടെ നഷ്ടം ആർക്കാണ്. കടമയുടമക്കു തന്നെയല്ലെ കൂട്ടുകാരെ ? എല്ലാ കാര്യവും ഇതുപോലെയാണ്. മറ്റുള്ളവരോട് ശണ്ഠ കൂടാതെ, അവരുടെ വികാരങ്ങളെ നുള്ളിനോവിക്കാതെ മുന്നോട്ടു പോകൂ. വിജയം സുനിശ്ചിതമാണ് കേട്ടോ.....

ഒരിക്കൽ സ്വാമി വിവേകാനന്ദന്റെ ഖ്യാതിയെ നിയന്ത്രിക്കാൻ അമേരിക്കയിൽ പല ശ്രമങ്ങളും നടന്നു. അദ്ദേഹം വലിയ അപകടകാരിയാണ് എന്നുവരെ ഒരാൾ അദ്ദേഹത്തെ കുറിച്ചു പറഞ്ഞു. പക്ഷെ, സ്വാമി ഇതറിഞ്ഞ് ഭാവമേ കാട്ടിയില്ല. അദ്ദേഹം നിശബ്ദതയോടെ, ശാന്തതയോടെ ഈ പ്രശ്നം കൈകാര്യം ചെയ്തു. ജനങ്ങൾ അദ്ദേഹത്തെ കൂടുതൽ സ്നേഹിച്ചു തുടങ്ങി. അദ്ദേഹത്തിന്റെ സുഹൃദ്ബന്ധങ്ങൾ വളർന്ന് കൊണ്ടേയിരുന്നു. പാശ്ചാത്യപൗരസ്ത്യ സംസ്കാരങ്ങളുമായി അദ്ദേഹം കൂടുതൽ ഇടപഴകി. നല്ല വാക്കുകളിലൂടെ, വിശാലമായ ഹൃദയത്തോടെ, സ്നേഹത്തോടെ, അദ്ദേഹം മറ്റുള്ളവരെ തന്നിലേക്കാകർഷിച്ചു. അദ്ദേഹം പ്രായമായവരെ അമ്മയെന്നും ചെറുപ്പക്കാരികളായ സ്ത്രീകളെ സഹോദരിമാരെ എന്നും കുട്ടികളെ മക്കളേയെന്നും വിളിച്ചു. അദ്ദേഹത്തിന്റെ സുഹൃദ്ബന്ധം പടർന്നു പന്തലിച്ചതങ്ങിനെയാണു കൂട്ടുകാരെ. വിവേകാനന്ദന്റെ സുഹൃദ്ബന്ധത്തെക്കുറിച്ചൊരു കേൾവിയുണ്ട്.

ഒരിക്കൽ ലാഹോറിൽ വെച്ച് അദ്ദേഹം തന്റെ ബാല്യകാലത്തെ ഒരു ചങ്ങാതിയെ കണ്ടു. മോത്തിലാൽ എന്നു പേരുള്ള അയാൾ ഒരു സർക്കസ് കമ്പനിയുടെ സംഘവുമായി ലാഹോറിൽ എത്തിയതായിരുന്നു. വിവേകാനന്ദ സ്വാമികൾക്ക്

തന്റെ ബാല്യകാല സുഹൃത്തിനെ കണ്ടപ്പോഴു ണ്ടായ സന്തോഷംകൊണ്ട് അദ്ദേഹം സുഹൃത്തി ന്റെ അടുത്തേയ്ക്ക് ഓടിയെത്തി. ലോകം മുഴുവൻ ആദരിക്കുന്ന വിവേകാനന്ദൻ എന്ന മഹദ്വ്യക്തി തന്റെ അടുത്തേക്ക് വരുന്നതു കണ്ട് അയാൾ സ്തബ്ധനായി. അയാൾ അല്പം സംശയത്തോടെ സ്വാമിയോടു ചോദിച്ചു. ഞാനെന്താണ് അങ്ങയെ വിളിക്കേണ്ടത് നരേന്ദ്രനെന്നോ സ്വാമിയെന്നോ ? വിവേകാനന്ദൻ പൊട്ടിച്ചിരിച്ചു കൊണ്ടു പറഞ്ഞു. എന്റെ പ്രിയമോത്തി, ഞാൻ നരേന്ദ്രനും നീ മോത്തിയുമാണ്. ഇതു കേട്ട് മോത്തിയുടെ കണ്ണുകൾ സജലങ്ങളായി. അയാൾ നരേന്ദ്രനെ ആദരപൂർവ്വം നമിച്ചു. ഇതാണ് സ്വാമി നമ്മെയെല്ലാം ഉപദേശിക്കുന്നത് കൂട്ടുകാരെ. സൗഹൃദത്തോടെ ജീവിക്കുക. സന്തോഷത്തോടെ പണിയെടുക്കുക. കൂട്ടുകാരും ഈ ആദർശങ്ങളെല്ലാം ജീവിതത്തിൽ പകർത്താൻ ശ്രമിക്കണെ.

# കുറുക്കന്റെ സാമർത്ഥ്യം

പറവൂർ
രാജഗോപാൽ.
ഫോൺ: 9847291483

ഒരു കുറുക്കൻ തീറ്റതേടി ഇറങ്ങിയതാണ്. അബദ്ധത്തിൽ കിണറ്റിൽ വീണു. കരയ്ക്കു കയറാൻ പഠിച്ച പണി പതിനെട്ടും കുറുക്കൻ നോക്കി. പക്ഷേ എത്ര ശ്രമിച്ചിട്ടും അതിന് കരയ്ക്കു കയറാൻ പറ്റിയില്ല.

കുറുക്കൻ അതിൽ കിടന്ന് പല ശബ്ദങ്ങളും ഉണ്ടാക്കി. ആരെങ്കിലും അതുകേട്ട് വന്നെത്തിയെങ്കിലോ ?

അപ്പോഴാണ് അതു വഴി വന്ന ഒരാട് കിണറ്റിലെ ശബ്ദം കേട്ട് എത്തി നോക്കിയത്.

ഇതു നമ്മുടെ കുറുക്കച്ചാരല്ലേ. എന്തേ കുറുക്കച്ചാരെ ഈ കിണറ്റിൽ വന്നു കിടക്കുന്നത്? – ആട് കുറുക്കനോടു ചോദിച്ചു.

കുറുക്കൻ പറഞ്ഞു.

അല്ലാ അപ്പൊ നീ ഇതൊന്നും അറിഞ്ഞില്ലാന്നാണോ ? നന്നായി.

എന്ത് വിശേഷം ? – ആടിന് ജിജ്ഞാസയായി.

ഇതിലെ വെള്ളം വളരെ വിശേഷമാണെടോ. ഞാനത് അറിഞ്ഞാണ് വന്നത്. കുടിച്ച് നോക്കിയപ്പോഴല്ലെ അറിയുന്നത്. എന്തു രസം. കുറുക്കൻ ആടിന്റെ മുമ്പിൽ കൗശലത്തോടെ പെരുമാറി. എനിക്കും കുടിക്കണം ഇതിലെ വെള്ളം. എനിക്കും വേണം കുറുക്കച്ചാരേ – ആടിന് വെള്ളം കുടിച്ചേ തീരൂ. അതിനു ധൃതിയായി.

അതിനെന്താ, ഇങ്ങോട്ടു ചാടിക്കോളൂ. ആവശ്യത്തിനു വെള്ളം കുടിക്കാം. നല്ല സ്വാദാണ്.

ഇനി ഇതിൽ അധികമില്ല. പലരും ഇറങ്ങി കുടിച്ചു വറ്റിച്ചിരിക്കണു.

ആട് പിന്നെ മറ്റൊന്നും ചിന്തിച്ചില്ല. കിണറ്റിലേക്ക് ഒറ്റച്ചാട്ടം. ആട് കിണറ്റിലെത്തിയതും കുറുക്കൻ ആടിന്റെ പുറത്തു ചാടിക്കയറി കിണറ്റിനു പുറത്തേക്ക് ചാടിക്കടന്നു.

അവിടം വിടും മുമ്പ് കുറുക്കൻ ആടിനോടായി പറഞ്ഞു. നീ അവിടെ കിടന്നോ. ധാരാളം വെള്ളവും കുടിച്ചോ.

ആട് കിണറ്റിൽ പെട്ടുപോയി എന്നു പറഞ്ഞാൽ മതിയല്ലോ.

ആരെങ്കിലും എന്തെങ്കിലുമൊക്കെ പറയുന്നതു കേട്ട് ചാടിക്കയറി ഓരോന്നു ചെയ്താൽ ഇങ്ങനെയിരിക്കും.

## വിമൻസ് ഫോറം 2019 ഒക്ടോബർ മാസത്തെ പരിപാടി

| തീയതി | വിഷയം | സമയം |
|---|---|---|
| 23.10.2019 | പ്രഭാഷണം | 3.30 p.m. |





രാഗപരിചയം

# ആന്ദോളിക

ഡോ. ജയലക്ഷ്മി നന്ദകുമാർ

22-ാമത്തെ മേളകർത്താ രാഗമായ ഖരഹരപ്രിയയുടെ ജന്യരാഗമാണ് ആന്ദോളിക. മനസ്സിന്റെ പിരിമുറുക്കം കുറയ്ക്കാൻ സഹായിക്കുന്ന ഒരു രാഗമാണിത്. മയൂരധ്വനി എന്നൊരു പേരുകൂടി ഈ രാഗത്തിനുണ്ട്.

ആരോഹണം : സ രി മ പ നി സ

അവരോഹണം : സ നി ധ മ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതി ഋഷഭം, ശുദ്ധ മദ്ധ്യമം, പഞ്ചമം, ചതു : ശ്രുതി ധൈവതം, കൈശികി നിഷാദം.

അഞ്ചു സ്വരങ്ങൾ വീതം ആരോഹണത്തിലും അവരോഹണത്തിലും വരുന്നതിനാൽ ആന്ദോളിക ഒരു ഔഡവ രാഗമാണ്. 'ഗാന്ധാരം' ഈ രാഗത്തിൽ വർജ്ജ്യമാണ്. ആരോഹണത്തിൽ ധൈവതവും അവരോഹണത്തിൽ പഞ്ചമവും ഇല്ല. മദ്ധ്യമാവതി, കേദാരഗൗള തുടങ്ങിയ രാഗങ്ങൾ സമാനമായി കരുതാമെങ്കിലും തനതായ ശൈലികൊണ്ട് ആന്ദോളിക രാഗം വ്യത്യസ്തമാകുന്നു. വീര രസം ഉളവാക്കുന്ന ആന്ദോളിക രാഗം ഏതു സമയത്ത് ആലപിച്ചാലും ശോഭിക്കുന്ന സർവ്വകാലിക രാഗം കൂടിയാണ്. താരസ്ഥായിയിലുള്ള രാഗ സഞ്ചാരങ്ങളും പ്രത്യാഹത ഗമകവും (സനി നിധ ധമ – നിനി ധധ മമ ാ രി ാ സ) ഭംഗി കൂട്ടുന്നവയാണ്. അന്യസ്വരങ്ങൾ ഇല്ലാത്തതുകൊണ്ട് ആന്ദോളിക ഉപാംഗ രാഗം ആണ്. ഒരു ചെറിയ രാഗമായതുകൊണ്ട് രാഗം ആലപിക്കുന്നതിനും മറ്റും പരിമിതി ഉണ്ട്. അതുകൊണ്ടു തന്നെയാവണം കൃതികളും കുറവായിട്ടാണ് കാണുന്നത്.

## ഈ രാഗത്തിലുള്ള കൃതികൾ

വർണ്ണം

| | | | | | | |
|---|---|---|---|---|---|---|
| 1. | നീ ദയരാദ | – | ആദി | – | ജി. എൻ. ബാലസുബ്രഹ്മണ്യം |
| 2. | മഹിഷാസുര | – | ആദി | – | മുത്തയ്യാ ഭാഗവതർ |

കൃതി

| | | | | | |
|---|---|---|---|---|---|
| 3. | രാഗസുധാരസ | – | ആദി | – | ത്യാഗരാജസ്വാമി |
| 4. | കാരണമേമീ | – | രൂപകം | – | ജി. എൻ. ബാലസുബ്രഹ്മണ്യം |
| 5. | വ്യോമകേശം നമാമി | – | ത്രിപുട | – | മുത്തയ്യാ ഭാഗവതർ |
| 6. | സേവിക്ക വേണ്ടുമയ്യാ | – | ആദി | – | മുത്തു താണ്ഡവർ |

ജി. എൻ. ബാലസുബ്രഹ്മണ്യം, എം. എൽ. വസന്തകുമാരി തുടങ്ങിയ സംഗീതജ്ഞർ കച്ചേരികളിൽ 'രാഗസുധാരസ' എന്ന കൃതി തുടർച്ചയായി ആലപിച്ച് പ്രചാരം നേടി കൊടുത്തു എന്ന് പറയപ്പെടുന്നു.

ആന്ദോളിക രാഗത്തിൽ ചലച്ചിത്ര ഗാനങ്ങൾ ഇല്ല എന്നു തന്നെ പറയാം. 'രാഗസുധാരസ' എന്ന ത്യാഗരാജകൃതി 'സർഗ്ഗം' എന്ന ചലച്ചിത്രത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 'മകരം തിരി കൊളുത്തും' എന്ന ഒന്നാം തിരുപ്പടി എന്ന ആൽബത്തിലെ ഗാനം ആന്ദോളിക രാഗത്തിലാണ് ചിട്ടപ്പെടുത്തിയിരിക്കുന്നത്.

മനുഷ്യൻ എന്നും ഏകനാണ്.
ജനകനുമമ്മയുമാത്മസഖിപ്രിയ –
ജ്ജനവുമടുത്തയൽവാസികളും വിനാ
ജനനമെടുത്തു പിരിഞ്ഞിടുമെപ്പൊഴും
തനിയെയിരിപ്പതിനേ തരമായ് വരൂ.

→ അച്ഛൻ, അമ്മ, ആത്മസഖികൾ, പ്രിയജനങ്ങൾ, അടുത്ത അയൽവാസികൾ എന്നിവരൊന്നും കൂടാതെ ജനിക്കുകയും അവരെക്കൂടാതെ ഈ ലോകത്തു നിന്ന് പിരിഞ്ഞു പോകുകയും ചെയ്യേണ്ടി വരും, അങ്ങനെ എപ്പോഴും തനിയെ ഇരിക്കാനുള്ള തരം മാത്രമേ ഉണ്ടാവുകയുള്ളൂ.

*ശ്രീ നാരായണഗുരു*

# വാസ്തു



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ (ഫോൺ: 9447032434)

വളരെ ചരിത്രമുള്ള ഒരു വീട് പരിശോധിക്കേണ്ടതായി വന്നു. 50 കൊല്ലം മുമ്പ് അന്നത്തെ ഏറ്റവും പ്രമാണിയായ ആൾ വാസ്തു നോക്കി പണിത വീടാണ്. അദ്ദേഹത്തിന്റെ മരണശേഷം രണ്ട് കൊല്ലത്തിനകം മകൾ വീട് വിറ്റു. പിന്നീട് ഓരോ പത്തു കൊല്ലം കൂടുമ്പോഴും കടം കേറി വീടു വിൽക്കുകയായിരുന്നു. ഇപ്പോഴത്തെ താമസക്കാരൻ കടം കയറി ബാങ്കുകാർ ഏറ്റെടുക്കുവാൻ ആലോചിക്കുന്നു. സ്ഥലത്തിന്റെ സ്കെച്ച് നോക്കുക.




തെക്കും കിഴക്കും നല്ല വീതിയുള്ള ബസ്സുകൾ പോകുന്ന റോഡാണ്. തെക്കു റോഡ് പടിഞ്ഞാറോട്ട് നല്ല ചരിവാണ്. തെക്കു പടിഞ്ഞാറു ഭാഗത്ത് അകത്തു കടക്കാനും കിഴക്ക് പുറത്തു പോകാനും ഉള്ള ഗേറ്റുണ്ട്. വീടിന്റെ മുഖം പടിഞ്ഞാറോട്ടാണ്. എല്ലാ മുറികളുടെ സ്ഥാനവും വലിയ കുഴപ്പമില്ല.

വീട്ടിലെ പറമ്പ് കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചരിവാണ്. തെക്കു പടിഞ്ഞാറ് താഴ്ന്ന് കിടക്കുന്നു.

വീടിന്റെ വടക്കു കിഴക്ക് വലിയ കുളവും, കുളത്തിന്റെ വടക്ക് ജോലിക്കാർക്ക് താമസിക്കുന്നതിനായി മറ്റൊരു വീടും ഉണ്ട്. കുളത്തിന്റെ ചുറ്റും ഉദ്ദേശം പത്ത് അടി ഉയരത്തിൽ മതിൽ കെട്ടിയിട്ടുമുണ്ട്.

പറമ്പിന്റെ വടക്കു കിഴക്ക് ഭാഗം പറമ്പ് മുറിഞ്ഞു പോയിട്ടുണ്ട്. വളരെ വിലയുള്ള സ്ഥലവും വീടും ആയതിനാൽ സാധാരണക്കാർക്ക് വാങ്ങുവാനും വിഷമമാണ്.

ഇപ്പോഴത്തെ ആൾ മുപ്പതു കോടിയ്ക്കാണ് വാങ്ങിയത് എന്ന് കേൾക്കുന്നു.

താഴെ പറയുന്ന കാര്യങ്ങൾ നെഗറ്റീവ് ആണ്. തെക്കുപടിഞ്ഞാറ് ഗേറ്റ് വടക്കു കിഴക്ക് ഭാഗം പറമ്പ് മുറിഞ്ഞിരിക്കുന്നു. കുളത്തിനു ചുറ്റും ഉയരമുള്ള മതിൽ. കുളത്തിന് വടക്ക് മറ്റൊരു വീട്. ഭൂമിയുടെ ചരിവ് തെക്കു പടിഞ്ഞാറോട്ട് വീട് പൊളിച്ച് പറമ്പ് ശരിയാക്കുക മാത്രമാണ് പോംവഴി.

വീട് പണിയെപ്പറ്റി ചിന്തിക്കുമ്പോൾ തന്നെ ആദ്യം പറമ്പ് ശരിയാക്കണം. വടക്ക് കിഴക്ക് മുറിയരുത്. ഭൂമിയുടെ ചരിവ് വടക്കോട്ട് അഥവാ കിഴക്കോട്ട് ആയിരുന്നിരിക്കണം. ഒരിക്കലും തെക്കോട്ട് അഥവാ പടിഞ്ഞാറോട്ട് ചെരിവ് നല്ലതല്ല.

തെക്കും പടിഞ്ഞാറും നിയമപ്രകാരം സ്ഥലം വിട്ട് കൂടുതൽ സ്ഥലം വടക്കും കിഴക്കും ഒഴിച്ചിടണം.

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

**എറണാകുളം കരയോഗത്തിന്റെ പ്രതിമാസ പാർക്കിൻസൺസ് രോഗചികിത്സാ ക്ലിനിക് 2019 ഒക്ടോബർ മാസം 20-ാം തീയതി, ഞായറാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ ആയുഷ്യം പോളിക്ലിനിക്കിൽ വച്ച് നടത്തുന്നതാണ്.**
***ജനറൽ സെക്രട്ടറി***





തുടർച്ച



# ഭാരതത്തിലെ ഋഷികവികൾ
## അധിനിവേശം-പൈതൃകം-നവോത്ഥാനം

ശ്രീകുമാരി രാമചന്ദ്രൻ (ഫോൺ: 9947054009)

**കൃഷ്ണദാസ്**

ശ്രീനാഥ്ജി മന്ദിരത്തിലെ സോപാനഗായകരിൽ നാലാമനായ കൃഷ്ണദാസ് ശൂദ്രജാതിയിൽപ്പെട്ട വ്യക്തിയായിരുന്നു. ഗുജറാത്തിലെ രാജ്നഗറിൽ (അംദാബാദ്) ചിലോത്രാ ഗ്രാമത്തിലെ ഒരു പട്ടേൽകുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. ഗ്രാമമുഖ്യനായ പിതാവ് ധനലോലുപനായിരുന്നു. സത്യവിരുദ്ധമായ പ്രവൃത്തികളിലൂടെ ധനം സമ്പാദിച്ചിരുന്നു. ഇതിൽ മനംനൊന്ത കൃഷ്ണദാസ് രാജസദസ്സിൽവെച്ച് പിതാവിന്റെ കള്ളത്തരങ്ങൾ വെളിപ്പെടുത്തി. തത്ഫലമായി രാജാവ് കൃഷ്ണദാസിന്റെ പിതാവിനെ ഗ്രാമത്തലവന്റെ പദവിയിൽ നിന്നു നീക്കം ചെയ്തു. കുപിതനായ പിതാവ് കേവലം പതിമൂന്നു വയസ്സുമാത്രം പ്രായമുള്ള പുത്രനെ വീട്ടിൽ നിന്ന് ഇറക്കിവിട്ടു.സത്യവിരോധിയായ പിതാവിന്റെ സത്യസന്ധനായ പുത്രന് സന്യാസിമാരുടെ സമ്പർക്കം മന:ശാന്തി നൽകി. ഗുജറാത്തി ഭാഷയിൽ മാത്രം പ്രാവീണ്യമുണ്ടായിരുന്ന ബാലൻ സന്യാസിമാരിൽനിന്ന് വ്രജഭാഷയും അവധിയും വശമാക്കി. തീർത്ഥയാത്രാസംഘത്തോടൊപ്പം വൃന്ദാവനവും മഥുരയും സന്ദർശിച്ചു. അവിടെനിന്ന് ഗോവർദ്ധനത്തിലെത്തി ദേവദമന വിഗ്രഹത്തെ ദർശിച്ചു. ശ്രീനാഥ്ജി മന്ദിരത്തിന്റെ നിർമാണം പൂർണ്ണമായിരുന്നില്ല. നിമിഷനേരംകൊണ്ട് കൃഷ്ണദാസിന്റെ മനസ്സിൽ ഭഗവാനോടുള്ള ഭക്തി അങ്കുരിച്ചു. അപ്പോൾത്തന്നെ അദ്ദേഹം വല്ലഭാചാര്യയെ ചെന്നുകണ്ടു വണങ്ങി. സന്ദർശകന്റെ ഭക്തിയിലും കുശാഗ്രബുദ്ധിയിലും മതിപ്പു തോന്നിയ വല്ലഭാചാര്യ കൃഷ്ണദാസിനെ ശിഷ്യനായി സ്വീകരിക്കയും ശ്രീനാഥ്ജി മന്ദിരത്തിലെ കാര്യക്കാരായി നിയമിക്കയും ചെയ്തു. കൃഷ്ണദാസിലെ കവി ഉണരാൻ പിന്നെയും സമയമെടുത്തു. ക്ഷേത്രകാര്യങ്ങളുടെ മേൽനോട്ടത്തിനിടയിലും അദ്ദേഹം നിഷ്ക്കർഷയോടെ ഭഗവാനെസേവിച്ചു. ഇതിനിടെ ബംഗാളികളായ ക്ഷേത്രജീവനക്കാരെ തന്ത്രപരമായി നീക്കം ചെയ്തത് അദ്ദേഹത്തിന്റെ പ്രതിഛായക്കു മങ്ങലേൽപ്പിച്ചുവെങ്കിലും തന്റെ കവിത്വമുണർന്നതോടെ കൃഷ്ണദാസ് വീണ്ടും ജനസമ്മതനായി. കൃഷ്ണന്റെ കുഞ്ജലീലയെയും ഗോചരണലീലയെയും ആസ്പദമാക്കി അദ്ദേഹം ഒട്ടേറെ കൃതികൾ രചിച്ചു. വല്ലഭാചാര്യയുടെ പുത്രനും അനന്തരാവകാശിയുമായ വിട്ടൽനാഥ് കൃഷ്ണദാസ് കൃതികളെ മുക്തകണ്ഠം പ്രശംസിച്ചു. എ.ഡി. 1632 നും 1638 നുമിടക്ക് കൃഷ്ണദാസ്ജി ഗോലോകത്തേക്കു യാത്രയായി.കൃഷ്ണദാസ്ജിയുടെ രചനകൾ കയ്യെഴുത്തു പ്രതികളായി വല്ലഭസമ്പ്രദായ കേന്ദ്രങ്ങളിൽ സംരക്ഷിക്കപ്പെട്ടുപോരുന്നു. ഭ്രമരഗീതം, പ്രേമസത്വനിരൂപ്, വൈഷ്ണവ്വന്ദൻ, പ്രേംരസ്രാസ്, കൃഷ്ണദാസ് കീ ബാണി, ജുഗൽമാൻ ചരിത്ര്, ഭക്തമാൽ ടീകാ, ഭാഗവത് ഭാഷാനുവാദ് തുടങ്ങിയവയാണ് കൃഷ്ണദാസിന്റെ മുഖ്യകൃതികൾ.

**നന്ദദാസ്**

ഭക്തികാവ്യധാരയിൽ നന്ദദാസ്ജിയുടെ കൃതികൾക്ക് സവിശേഷമായ സ്ഥാനമുണ്ട്. ഇദ്ദേഹത്തിന്റെ ജീവിതവൃത്താന്തത്തെക്കുറിച്ചു പറയാൻ വ്യക്തമായ രേഖകൾ ലഭ്യമല്ല. എങ്കിലും 'ഭക്തമാൽ'

എന്ന ഗ്രന്ഥം ഇദ്ദേഹം രാംപുർ നിവാസിയാണ് എന്നു വ്യക്തമാക്കുന്നു. 'അഷ്ടസഖാക്കളെ'ക്കുറിച്ചുള്ള മറ്റൊരു ഗ്രന്ഥവും ഇദ്ദേഹം രാംപുർ നിവാസിയാണ് എന്ന സൂചന നൽകുന്നു. മഥുരക്കും ഗോകുലത്തിനും കിഴക്കുമാറിക്കിടക്കുന്ന രാംപുർ ഗ്രാമത്തിലാണ് നന്ദദാസ് ജനിച്ചത് എന്നു സൂചിപ്പിക്കുന്ന വേറെയും ലിഖിതങ്ങളുണ്ട്. ഇദ്ദേഹം ഉന്നതകുലജാതനായിരുന്നുവെന്ന് 'ഭക്തമാൽ' ഗ്രന്ഥം വെളിപ്പെടുത്തുന്നു. മറ്റൊരു ഗ്രന്ഥം ഇദ്ദേഹത്തെ ധനാഢ്യ ബ്രാഹ്മണൻ എന്നു വിശേഷിപ്പിക്കുന്നു. കവികുലഭൂഷൺ തുളസീദാസ്ജിയും നന്ദദാസും ഏകോദരസഹോദരന്മാരായിരുന്നുവത്രേ! തുളസീദാസ്ജിയുടെ പിതൃസഹോദരപുത്രനായിരുന്നു നന്ദദാസ് എന്നു വ്യക്തമാക്കുന്നു മറ്റു ചില ഗ്രന്ഥങ്ങൾ.ലൗകിക ജീവിതത്തോട് ഏറെ താൽപര്യമുണ്ടായിരുന്ന നന്ദദാസ് കുറെക്കാലം കാശിയിൽ തുളസീദാസിനൊപ്പം താമസിച്ചു. ഇക്കാലത്ത് അദ്ദേഹം വിവാഹിതനായി എന്നൊരു ശ്രുതിയുണ്ട്. അതല്ല, വിവാഹശേഷം ഗൃഹസ്ഥാശ്രമത്തിൽ വിരക്തിയുണ്ടായതിനാലാണ് നന്ദദാസ് കാശിക്കു പോയി തുളസീദാസിനൊപ്പം തങ്ങിയതെന്ന് ചില വാമൊഴികൾ സൂചിപ്പിക്കുന്നു. എങ്ങിനെയായാലും കുറച്ചുനാൾ കഴിഞ്ഞപ്പോൾ അദ്ദേഹം കാശിയുപേക്ഷിച്ച് ഗോകുലത്തിലെത്തിയെന്നത് വാസ്തവം. അവിടെ വല്ലഭാചാര്യയിൽ നിന്നും ദീക്ഷ സ്വീകരിച്ച് പുഷ്ടിമാർഗത്തിന്റെ സഹയാത്രികനായി. വല്ലഭാചാര്യയുടെ പുത്രനായ വിഠൽനാഥ്ജി നന്ദദാസിനെ സൂർദാസിനൊപ്പം സഹവസിക്കാൻ ഏർപ്പാടുകൾ ചെയ്തു. ലോലമനസ്കനായ നന്ദദാസിന് മാനസികോത്തേജനം നൽകുക എന്ന ഉദ്ദേശത്തോടെയാണത്രേ സൂർദാസ്ജി 'സാഹിത്യലഹരി' എന്ന കൃതി രചിച്ചത്. പ്രാഥമിക വിദ്യാഭ്യാസമുണ്ടായിരുന്നെങ്കിലും ഗോകുലവാസത്തിനിടെയാണ് ഉപരിപഠനത്തിനവസരമുണ്ടായത്. വിഠൽനാഥ്ജിയുടെ ശിക്ഷണത്തിൽ സംസ്കൃതത്തിലും ഹിന്ദിയിലും പ്രാവീണ്യം നേടി. സാധാരണക്കാർക്ക് സംസ്കൃതഭാഷ അപ്രാപ്യമായിരുന്ന ഒരു കാലഘട്ടമായിരുന്നു അത്. അതിനാൽ സാധാരണക്കാർക്കുവേണ്ടി ഭാഗവതത്തെ അദ്ദേഹം ജനങ്ങളുടെ ഭാഷയിലേക്കു മൊഴിമാറ്റം ചെയ്തു. ഇതോടെ ബ്രാഹ്മണർക്ക് അദ്ദേഹത്തോട് നീരസമായി. നന്ദദാസിന്റെ ഭാഗവതം തർജ്ജമ പൂർണ്ണമായും വീണ്ടെടുക്കപ്പെട്ടിട്ടില്ല.

വല്ലഭ/പുഷ്ടി സമ്പ്രദായത്തിൽ ചേർന്നതോടെ സമ്പൂർണ്ണമായും അദ്ദേഹം കൃഷ്ണഭക്തിയിൽ വിലീനനായി. ഗോകുലത്തിലും ഗോവർദ്ധനപർവ്വതത്തിലും ഉണ്ടായിരുന്ന ക്ഷേത്രങ്ങൾ സന്ദർശിക്കാനും അവിടങ്ങളിൽ സേവനമനുഷ്ഠിക്കാനും ശ്രദ്ധ പുലർത്തി . ഇതിനിടെ അനേകം കൃതികളും രചിച്ചു. സോപാനത്തിങ്കൽ നിന്ന് സ്വന്തം കൃതികൾ ആലപിച്ചു സായൂജ്യം നേടി. ഇതിനിടെയാണ് തുളസീദാസ് വൃന്ദാവനത്തിലെത്തിയത്. തന്നോടൊപ്പം കൂടാനും ശ്രീരാമനെ ആരാധിക്കാനും അദ്ദേഹം നന്ദദാസിൽ പ്രേരണ ചെലുത്തി. ശ്രീനാഥ്ജിയെ വിട്ട് താനെവിടേക്കുമില്ലെന്ന് നന്ദദാസ് വിനയപൂർവ്വം അറിയിച്ചു. ഒരിക്കൽ അക്ബർ ചക്രവർത്തി മന്ത്രിയായ ബീർബലിനെ അയച്ച് നന്ദദാസിനെ കൊട്ടാരത്തിലേക്കു വരുത്തിയെന്നും നന്ദദാസ് കീർത്തനങ്ങൾ ആലപിച്ച് ചക്രവർത്തിയെ സംപ്രീതനാക്കിയെന്നും ഐതിഹ്യമുണ്ട്. ഇനിയും തന്നെ കൊട്ടാരത്തിലേക്കു വരാൻ നിർബന്ധിക്കരുത് എന്ന പേക്ഷിച്ച നന്ദദാസ് ചക്രവർത്തി നൽകിയ പുരസ്കാരങ്ങൾ പോലും സ്വീകരിക്കാതെ ഗോകുലത്തിലേക്കു മടങ്ങി. ഇതിനുശേഷം 'ദിൻ ഇലാഹി' എന്ന വിശ്വമതം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി അക്ബർ മാനസിഗംഗ (ഗോവർദ്ധൻ) യിലെത്തുകയും ശ്രീനാഥ്ജിയുടെ പാദത്തിൽ ഉപഹാരങ്ങളർപ്പിക്കുകയും ചെയ്തു.എ.ഡി. 1639ൽ നന്ദദാസ് സ്വർഗ്ഗാരോഹണം ചെയ്തു.രസമഞ്ജരി, മാൻമഞ്ജരി, വിരഹ്മഞ്ജരി, രൂപ്മഞ്ജരി, ദശമസ്കന്ധ്, ശ്യാമ്സഹായി, ഗോവർദ്ധന്‌ലീല, സുദാമാചരിത്, രുക്മിണീമംഗൾ, രാസ്പഞ്ചാദ്ധ്യായി, ഭംവർഗീത്, സിദ്ധാന്ത്പഞ്ചാദ്ധ്യായി, നന്ദദാസ് പദാവലി തുടങ്ങിയ നന്ദദാസ് രചനകൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്.

### ചതുർഭുജദാസ്

എ.ഡി. 1567 ൽ വൃന്ദാവനത്തിലെ ജമുനാവടം എന്ന ഗ്രാമത്തിലാണ് ചതുർഭുജദാസ് ജനിച്ചതത്രേ! ജാതിയിൽ ക്ഷത്രിയനായ ഇദ്ദേഹം അഷ്ടസഖാക്കളിൽ ഒരാളായ കുംഭൻദാസ്ജിയുടെ ആറു പുത്രന്മാരിൽ ഏറ്റവും ഇളയപുത്രനായിരുന്നുവത്രേ ! ബാല്യം മുതൽക്കേ ഭഗവാൻ കൃഷ്ണനിൽ ദൃഢമായ ഭക്തിയുദിച്ചു. അതിനാൽ ശ്രീനാഥ്ജിയുടെ സേവകരായ മാതാപിതാക്കൾ ചതുർഭുജദാസിൽ പ്രത്യേക വാത്സല്യം ചൊരിഞ്ഞു. ചതുർഭുജദാസിന്റെ സഹോദരങ്ങൾക്ക് ലൗകിക ജീവിതത്തിലായിരുന്നു താൽപര്യം. അവർ മാതാപിതാക്കളെയും ഇളയസഹോദരനെയുമുപേക്ഷിച്ചു പോയി.ഗൃഹസ്ഥനായിരുന്നെങ്കിലും, സദാ ശ്രീനാഥ്ജിയെ സ്തുതിച്ചും അവിടുത്തെ പാദസേവയിൽ മുഴുകിയും ചതുർഭുജദാസ് സായൂജ്യം കണ്ടു. വല്ലഭാചാര്യയുടെ പുത്രനും അനന്തരവകാശിയുമായ ശ്രീവിട്ടൽനാഥിൽ നിന്നു ദീക്ഷയും ഉപരിവിദ്യാഭ്യാസവും നേടിയ ചതുർഭുജദാസ് ശ്രീനാഥ്ജിമന്ദിരത്തിലെ സോപാനഗായകപദവിയിൽ അവരോധിക്കപ്പെട്ടു. അതോടെ അദ്ദേഹത്തിലെ കവിയും ഗായകനും ഉണർന്നു. ഭഗവൽകൃതികൾ രചിച്ചു പാടുന്നതിനപ്പുറം മറ്റൊന്നിലും അദ്ദേഹം ശ്രദ്ധ പുലർത്താതായി. വ്രജഭാഷയിൽ ശ്രുതിമധുരമായ കാവ്യങ്ങളാണ് അദ്ദേഹത്തിന്റെ തൂലികയിൽ വിരിഞ്ഞത്. മധുമാലതി, ഭക്തിപ്രതാപ്, ഹിതജുകോമംഗൾ, ചതുർഭുജദാസ്കൃതികൾ എന്നിവയാണ് വീണ്ടെടുക്കപ്പെട്ട രചനകൾ.ഗുരുവിന്റെ സ്വർഗാരോഹണത്തോടെ ചതുർഭുജദാസിന്റെ മനം തളർന്നു. എ.ഡി. 1642 -ൽ അദ്ദേഹം സമാധിയടഞ്ഞു.

### ഗോവിന്ദ്സ്വാമി

മറ്റ് അഷ്ടസഖാക്കളെപ്പോലെതന്നെ ഗോവിന്ദ്സ്വാമിയുടെ രചനകളിലും ആത്മചരിത്രത്തിന്റെ സൂചനകൾ യാതൊന്നുമില്ല. എന്നാൽ ചില പദങ്ങളിൽ ഗുരു വിഠൽനാഥ്ജിയെക്കുറിച്ചും അദ്ദേഹത്തിന്റെ ഏഴു പുത്രന്മാരെക്കുറിച്ചും വ്യക്തമായി പറയുന്നുണ്ട്. ഭക്തമാൽ തുടങ്ങിയ ഗ്രന്ഥങ്ങൾ ഗോവിന്ദ്സ്വാമിയുടെ ജീവചരിത്രത്തിലേക്കു വെളിച്ചം വീശുന്നതിങ്ങനെ. വ്രജഭൂമിയിലുൾപ്പെട്ട ഭരത്പൂർ എന്ന രാജ്യത്തെ ആന്ത്രിഗ്രാമത്തിലാണ് ഗോവിന്ദ്സ്വാമി ഭൂജാതനായത്. ബാല്യം മുതൽക്കുതന്നെ സന്യാസി സംഘങ്ങളുമായി സമ്പർക്കമുണ്ടായി. സ്വാഭാവികമായും അദ്ദേഹം വേദപുരാണങ്ങളിലും സംസ്കൃതത്തിലും ജ്ഞാനം നേടി. കീർത്തനങ്ങൾ രചിക്കാനും ആലപിക്കാനും പ്രത്യേകമായ ഒരു കഴിവുണ്ടായിരുന്നതിനാൽ ഒട്ടേറെ ജനങ്ങൾ സംഗീതം പഠിക്കാൻ അദ്ദേഹത്തെ സമീപിച്ചിരുന്നുവത്രേ. വനാന്തരങ്ങളിൽ ദിവസങ്ങളോളം ഏകാന്തധ്യാനത്തിലിരിക്കുക അദ്ദേഹം ശീലമാക്കി. പർവ്വതങ്ങളുടെ താഴ്‌വാരത്തിലുള്ള ഒരു ഉപവനമായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടസങ്കേതം. ഈ സ്ഥലം ഇന്നും 'ഗോവിന്ദ്സ്വാമിയുടെ ഉപവനം' എന്നറിയപ്പെടുന്നു. ഭക്തന്മാർ ഗോവിന്ദ്സ്വാമിയിൽ നിന്നു ഗ്രഹിച്ചെടുത്ത പദങ്ങൾ മറ്റു ദിക്കുകളിൽ പാടി നടക്കാൻ തുടങ്ങി. അവരിൽ ചിലർ വല്ലഭാചാര്യയുടെ ആശ്രമത്തിലെത്തി. സന്ധ്യാപ്രാർത്ഥനക്കിടയിൽ അവർ ഗോവിന്ദ്സ്വാമിയുടെ കൃതികൾ പാടി. ഹർഷപുളകിതനായ വിഠൽനാഥ്ജി വിവരങ്ങൾ തിരക്കി. അദ്ദേഹം ഗോവിന്ദ്സ്വാമിയെ കാണാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. ഏതാണ്ട് ഇതേ സമയത്തുതന്നെ ഗോവിന്ദ്സ്വാമിക്കും വിഠൽനാഥ്ജിയെ കാണാനുള്ള അഭിവാഞ്ഛയുണ്ടായി. ഏതാനും വൈഷ്ണവർക്കൊപ്പം ഗോകുലത്തിലെത്തിയ അദ്ദേഹം ആദ്യസമാഗമത്തിൽത്തന്നെ വിഠൽനാഥ്ജിയെ ഗുരുവായി വരിച്ചു. അവിടെനിന്നു ഭാഗവതം വശമാക്കി. യമുനാനദിയും തീരവും അദ്ദേഹത്തിന്റെ ഹൃദയത്തെ സ്വാധീനിച്ചു. യമുനയുമായി പ്രണയത്തിലായെങ്കിലും എന്തുകൊണ്ടെന്നറിയില്ല ഒരു തവണപോലും അദ്ദേഹം യമുനാസ്നാനത്തിനു മുതിർന്നില്ല. പാപിയായ തന്റെ ശരീരസ്പർശത്താൽ യമുനയെ മലിനപ്പെടുത്തിക്കൂടാ എന്ന ദൃഢനിശ്ചയം മൂലമാണ് അദ്ദേഹം യമുനാസ്നാനത്തിനു വിമുഖത കാട്ടിയതത്രേ! ഗോകുലത്തിൽനിന്ന് ഗോവർദ്ധനത്തിലെത്തിയതോടെ അദ്ദേഹം ശ്രീനാഥ്ജി മന്ദിരത്തിലെ സേവകനായിത്തീർന്നു. മരണം വരെ ഭഗവൽസേവയിൽ മുഴുകി അവിടെത്തന്നെ കഴിച്ചുകൂട്ടുകയും ചെയ്തു. ഉദാരമതിയും ദൃഢവൈരാഗിയുമായിരുന്നു ഗോവിന്ദ്സ്വാമി. അദ്ദേഹത്തിനു വിഠൽനാഥ്ജിയോടു മാത്രമല്ല സൂർദാസ്ജിയോടും സവിശേഷമായ ആദരവുണ്ടായിരുന്നു. വാസ്തവത്തിൽ സൂർദാസ്ജിയുടെ സഹവാസം കൊണ്ടാണ് അദ്ദേഹത്തിന്റെ കാവ്യജീവിതം പുഷ്കലമായത്. അപൂർവ്വരാഗങ്ങളിൽ സംഗീതമാലപിക്കാൻ കഴിവുള്ള ഗായകനായിരുന്നു അദ്ദേഹം. 'രാഗകൽപ്പദ്രുമം' എന്ന ഗ്രന്ഥത്തിൽ ഗോവിന്ദ്ദാസിന്റെ 65 പദങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. 'രാഗരത്നാകര'ത്തിൽ അദ്ദേഹത്തിന്റെ പത്തോളം പദങ്ങൾ ഉൾപ്പെടുത്തിക്കാണാം.വല്ലഭസമ്പ്രദായത്തിന്റെ ഗ്രന്ഥശേഖരത്തിലും ഇദ്ദേഹത്തിന്റെ ഇരുന്നൂറിൽപരം പദങ്ങൾ സംഗ്രഹിച്ചിരിക്കുന്നു. രാധാകൃഷ്ണന്മാരുടെ കുഞ്ജലീലയെയും ബാലഗോപാലലീലയെയും ആധാരമാക്കി അദ്ദേഹം ധാരാളം കൃതികൾ രചിച്ചു. ശ്രീനാഥ്ജിയുടെ സോപാനത്തിൽ പാടിപ്പാടിനേടിയ പുണ്യവുമായി ഗോവിന്ദ്ദാസ് എന്ന ഗാനകോകിലം എ.ഡി. 1642-ൽ ഹരിപാദം പൂകി.

### ഛീത് സ്വാമി

അഷ്ടസഖാക്കളിൽ ഒരാളായ ഛീത്സ്വാമിയുടെ (ഛീഥ്സ്വാമി) ഗുരുഭക്തി വളരെ പ്രസിദ്ധമാണ്. എ.ഡി. 1628 ൽ മഥുരയിലാണ് അദ്ദേഹം ജനിച്ചത് എന്നല്ലാതെ അദ്ദേഹത്തിന്റെ മാതാപിതാക്കളെക്കുറിച്ചോ, വൈവാഹിക ജീവിതത്തെക്കുറിച്ചോ സൂചിപ്പിക്കുന്ന യാതൊരു രേഖയും ലഭ്യമല്ല. അക്ബറിന്റെ ദർബാറിലെ നവരത്നങ്ങളിലൊരാളായ ബീർബലിന്റെ പുരോഹിതനായിരുന്നു ഇദ്ദേഹം എന്നു ചില ഊഹാപോഹങ്ങളുണ്ട്. ഛീത്സ്വാമി ആദ്യകാലത്ത്

ശൈവോപാസകനായിരുന്നു. ലൗകികകാര്യങ്ങളിൽ താൽപര്യവുമുണ്ടായിരുന്നു. ജന്മസിദ്ധമായ സംഗീതവും കവിത്വവും മൂലം അദ്ദേഹത്തിനു ധാരാളം ആരാധകരുണ്ടായി. ഒരിക്കൽ ഛീത്സ്വാമിയും ഉറ്റമിത്രങ്ങളായ നാലു യുവാക്കളും ശ്രീവിഠൽനാഥ്ജിയെ കളിപ്പിക്കാൻ നിശ്ചയിച്ചുകൊണ്ട് ഗോവർദ്ധനത്തിലെത്തി. എന്നാൽ, ശ്രീവിഠൽനാഥ്ജിയെ മുഖാമുഖം കണ്ട നിമിഷം ഛീത്സ്വാമിയിൽ മന:പരിവർത്തനമുണ്ടായി. പശ്ചാത്താപവിവശനായ അദ്ദേഹം വിഠൽനാഥ്ജിയുടെ പാദത്തിൽ സാഷ്ടാംഗപ്രണാമമർപ്പിച്ചു. കരുണാമയനായ വിഠൽനാഥ്ജി ഛീത്സ്വാമിയെ ദീക്ഷ നൽകി ശിഷ്യനായി സ്വീകരിച്ചു.ശിഷ്യന്റെ സംഗീതവാസന തിരിച്ചറിഞ്ഞ ഗുരു ഛീത്സ്വാമിയെ ഏറെ പ്രോത്സാഹിപ്പിച്ചു. ഭഗവാനെക്കുറിച്ചും ഗുരുവിനെക്കുറിച്ചും ഛീത്സ്വാമി കൃതികൾ രചിച്ചു പാടി. ശ്രീനാഥ്ജിക്ഷേത്രത്തിലെ സോപാനഗായകനായി അവരോധിക്കപ്പെട്ടതോടെ അദ്ദേഹം പൂർണ്ണമായും ആത്മീയ ജീവിതത്തിലേക്കു തിരിഞ്ഞു.എ.ഡി. 1642 ൽ ഛീത്സ്വാമി ഗോലോകം പൂകി.വല്ലഭ സമ്പ്രദായത്തിലെ കീർത്തനഗൃഹങ്ങളിൽ ഛീത്സ്വാമിയുടെ കൃതികൾ സംരക്ഷിക്കപ്പെട്ടിരിക്കുന്നു.

വല്ലഭാചാര്യയുടെ ഉത്സാഹത്താൽ ആവിഷ്കരിക്കപ്പെട്ട പുഷ്ടിമാർഗം ഭാരതത്തിന്റെ ആത്മീയസാംസ്കാരിക ഭൂമികയിൽ വലുതായ പരിവർത്തനങ്ങളാണ് സൃഷ്ടിച്ചത് എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

**നിംബാർക്ക സമ്പ്രദായം**

ഭാരതത്തിൽ പ്രചലിതമായ നാലു വൈഷ്ണവ ഭക്തിസമ്പ്രദായങ്ങളിൽ നിംബാർക്ക സമ്പ്രദായത്തിന് പ്രമുഖസ്ഥാനമുണ്ട്. ഹംസസമ്പ്രദായം, കുമാര സമ്പ്രദായം, സനകാദി സമ്പ്രദായം എന്നീ പേരുകളിലും ഇത് അറിയപ്പെട്ടിരുന്നു.

പൊതുവെ വൈഷ്ണവധാരകളുടെ പ്രഥമോപദേഷ്ടാവ് ഭഗവാൻ തന്നെ എന്നു വിശ്വസിക്കപ്പെടുന്നു. ഭഗവാൻ സ്വയം ഹംസത്തിന്റെ രൂപം ധരിച്ച് സനകാദികൾക്ക് (സനകൻ, സനന്ദനൻ, സനാതനൻ, സനൽക്കുമാരൻ) യോഗതത്വങ്ങൾ ഉപദേശിച്ചു. സനകാദികളിൽ നിന്നു നാരദൻ ഈ തത്വങ്ങൾ ഗ്രഹിച്ചു. നാരദമുനിയാണത്രേ നേരിട്ട് നിംബാദിത്യക്ക് ഈ തത്വങ്ങൾ ഉപദേശിച്ചു കൊടുത്തത്. നിംബാദിത്യനാൽ ആവിഷ്കരിക്കപ്പെട്ട ഭക്തിധാര നിംബാർക്കസമ്പ്രദായം എന്നറിയപ്പെട്ടു. ആദിത്യന് 'അർക്കൻ' എന്നും പേരുണ്ടല്ലോ! ശംഖ്, ചക്രം, തിലകം എന്നിവയാണ് നിംബാർക്ക സമ്പ്രദായത്തിന്റെ മുദ്രകൾ.

**നിംബാർക്കാചാര്യ**

തൈലംഗദേശത്തെ (ഇന്നത്തെ ഹൈദരാബാദ്) ഗോദാവരീനദി പുരാണ പ്രസിദ്ധമാണ്. ഇതിന്റെ തീരത്തു സ്ഥിതി ചെയ്തിരുന്ന വൈഡൂര്യപത്തനത്തോടു ചേർന്ന് അരുണാശ്രമം എന്നൊരു ഗ്രാമമുണ്ടായിരുന്നു. ഇവിടുത്തെ ഒരു ബ്രാഹ്മണ കുടുംബത്തിൽ അരുണാമുനിയുടെയും ജയന്തിയുടെയും പുത്രനായി നിംബാർക്കാചാര്യ ജനിച്ചു. മാതാപിതാക്കൾ നൽകിയ പേര് നിയമാനന്ദ് എന്നായിരുന്നു. നിംബാർക്ക എന്ന പേര് ലഭിച്ചതിനു പിന്നിലെ കഥ പറയാം. ഒരിക്കൽ അരുണാശ്രമം ഗ്രാമത്തിൽ ഒരു സന്യാസിവര്യൻ എത്തിച്ചേർന്നു. നിയമാനന്ദ്ജി അദ്ദേഹത്തെ ഭോജനത്തിനു ക്ഷണിച്ചു. സന്ധ്യയോടടുപ്പിച്ച് സന്യാസി ഭോജനത്തിനു ഹാജരായി. ആതിഥേയന്റെ ഗൃഹത്തിൽ ഭോജനം തയ്യാറാകുന്നതേയുണ്ടായിരുന്നുള്ളൂ. ഇതിനിടെ സൂര്യനസ്തമിച്ചു. സൂര്യാസ്തമനത്തിനു ശേഷം തനിക്കു ജലപാനം പതിവില്ലെന്ന് അതിഥി അറിയിച്ചു. നിയമാനന്ദ്ജി ധർമ്മസങ്കടത്തിലായി. തന്റെ ദിവ്യശക്തിയുപയോഗിച്ച് അദ്ദേഹം സൂര്യനെ ആവാഹിച്ചു. മുറ്റത്തെ 'നീം' (ആര്യവേപ്പ്) വൃക്ഷത്തിനു മീതെ അർക്കൻ (സൂര്യബിംബം) ദൃശ്യമായി. നിയമാനന്ദ്ജിയുടെ പ്രഭാവം തിരിച്ചറിഞ്ഞ അതിഥി മൃഷ്ടാന്ന ഭോജനം കഴിച്ചു 'നീം' വൃക്ഷത്തിനു മീതെ 'അർക്കനെ' പ്രത്യക്ഷപ്പെടുത്തിയ നിയമാനന്ദ് അതോടെ 'നിംബാർക്ക്' എന്നറിയപ്പെട്ടു. 'നിംബാർക്കവിക്രാന്തി' എന്ന ഗ്രന്ഥത്തിൽ നിംബാർക്കാചാര്യയുടെ ദിവ്യശക്തിയെ വെളിപ്പെടുത്തുന്ന ഒട്ടേറെ അത്ഭുതസംഭവങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ട്. ഒരു തവണ അദ്ദേഹം നദിത്തട്ടിൽ മുങ്ങിത്താണ് നൗകയെ ഉദ്ധരിച്ചു. മറ്റൊരിക്കൽ, ശാപത്താൽ ദുഷിച്ചുപോയ നദിയെ ശുദ്ധീകരിച്ചു. പിന്നീടൊരിക്കൽ കാലിന്റെ പെരുവിരൽ കൊണ്ട് വരണ്ട ഭൂമിയിൽ ഒരു നീരുറവ സൃഷ്ടിക്കയും അതൊരു നദിയായി രൂപപ്പെടുകയും ചെയ്തു.ഉൽകൃഷ്ടമായ വിദ്യാഭ്യാസം പ്രാപ്തമാക്കിയതിനുശേഷം നിംബാർക്കാചാര്യ ദേശഭ്രമണം ചെയ്യാനിറങ്ങി. ജനങ്ങൾക്കിടയിൽ ഭക്തിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുകയായിരുന്നു ലക്ഷ്യം. മഹാവിഷ്ണുവിന്റെ സുദർശനചക്രത്തിന്റെ അവതാരമായാണ് ഭക്തജനങ്ങൾ നിംബാർക്കാചാര്യനെ കണ്ടത്. അദ്ദേഹം ദ്വാപരയുഗത്തിൽ ശ്രീകൃഷ്ണന്റെ സമകാലികനായിരുന്നുവെന്നും അവർ വിശ്വസിച്ചുപോന്നു. നിംബാർക്കാചാര്യ ശ്രീശങ്കരാചാര്യരെക്കാൾ മുമ്പ് ഭാരതം കണ്ട സന്യാസിവര്യനായിരുന്നെന്ന് ചിലർ കരുതുന്നു. ആധുനിക ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ എ.ഡി. 12-ാം നൂറ്റാണ്ടിനും 13-ാം നൂറ്റാണ്ടിനുമിടക്കാണ് നിംബാർക്കാചാര്യയുടെ ജീവിതകാലം. എ.ഡി. 16-ാം നൂറ്റാണ്ടിലാണ് നിംബാർക്കാചാര്യ ജീവിച്ചിരുന്നതെന്നത്രേ ഡോക്ടർ രമാബോസിന്റെ അഭിപ്രായം.ഭേദാഭേദഭാവദർശനമാണ് നിംബാർക്കാചാര്യ പ്രചരിപ്പിച്ചത്. ഇത് ദ്വൈതാദ്വൈതവാദം എന്നും അറിയപ്പെട്ടു. അദ്ദേഹത്തിന് ധാരാളം അനുയായികളുണ്ടായി. ഇന്നും ഭാരതമൊട്ടാകെ നിംബാർക്കാരാധനാ സമ്പ്രദായം പിൻതുടരുന്ന ക്ഷേത്രങ്ങളുണ്ട്. രാജസ്ഥാനിലെ സലേമാബാദിലാണ് കൂട്ടത്തിൽ ഏറ്റവും വലിയ ക്ഷേത്രം. വൃന്ദാവനത്തിൽ ഇപ്പോഴും നിംബാർക്കസമ്പ്രദായം സജീവമായി തുടരുന്നു. ഇവിടെയുള്ള ശ്രീജികുഞ്ജും ഇന്നും ഏറെ ഭക്തജനങ്ങളെ ആകർഷിക്കുന്നു. രാധാകുണ്ഡ്, നീംഗാവ്, ഗിരിരാജ്, മഥുര തുടങ്ങിയ ഇടങ്ങളിലും നിംബാർക്കക്ഷേത്രങ്ങളുണ്ട്.





നിംബാർക്കാചാര്യ എട്ടു ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതായി ശ്രീ.ബലദേവ ഉപാദ്ധ്യായ കണ്ടെത്തിയിട്ടുണ്ട്. അവയിൽ അഞ്ചെണ്ണം മാത്രമേ വീണ്ടെടുക്കപ്പെട്ടിട്ടുള്ളൂ. വേദാന്തപാരിജാത സൗരഭം, ദശശ്ലോകി, ശ്രീകൃഷ്ണാസ്തവരാജ, മന്ത്രരഹസ്യ ഷോഡശി, പ്രപത്രകല്പവല്ലി എന്നിവയാണ് വീണ്ടെടുക്കപ്പെട്ട ഗ്രന്ഥങ്ങൾ. ഗീതാവാക്യാർത്ഥ്, പ്രപത്തിചിന്താമണി സദാചാരപ്രകാശ എന്നീ ഗ്രന്ഥങ്ങൾ ഇതുവരെ വീണ്ടെടുക്കപ്പെട്ടിട്ടില്ല.കൃഷ്ണഭക്തിയിലൂടെ സമൂഹത്തെ ഉദ്ധരിക്കുകയായിരുന്നു നിംബാർക്കാചാര്യയുടെ ലക്ഷ്യം. അതിവിപുലമായ ശിഷ്യസമ്പത്തിനുടമയായിരുന്നു അദ്ദേഹം. ശ്രീഹംസഭഗവാൻ, സനകാദികൾ, നാരദൻ, നിംബാർക്കാചാര്യ എന്നിവരിൽ ആരംഭിച്ച് നിവാസാചാര്യ, വിശ്വാചാര്യ, സ്വരൂപാചാര്യ, മാധവാചാര്യ, വല്ലഭദ്രാചാര്യ എന്നിങ്ങനെ 49 മഹാചാര്യന്മാരടങ്ങുന്ന ഗുരുപരമ്പര നിംബാർക്കസമ്പ്രദായത്തിന്റെ മാറ്റുകൂട്ടുന്നു. ഇവരിൽ ശ്രീഭട്ട്ജി, ശ്രീഹരിവ്യാസദേവ്, ശ്രീപരശുരാംദേവ്, ശ്രീരൂപരസികദേവ്, ശ്രീവൃന്ദാവൻദേവ് തുടങ്ങിയ ആചാര്യന്മാർ സാഹിത്യത്തിലൂടെ സാമൂഹ്യ പരിവർത്തനത്തിനു മികച്ച സംഭാവനകൾ നൽകി.

(തുടരും)

***ശ്രീമതി. ശ്രീകുമാരി രാമചന്ദ്രന്റെ 'ഭാരതത്തിലെ ഋഷികവികൾ' എന്ന ലേഖന പരമ്പര പുസ്തക രൂപത്തിൽ മാതൃഭൂമി ബുക്ക് സ്റ്റാളിൽ ലഭ്യമാണ്.***

# കുറ്റം

**ഉണ്ണി വാരിയത്ത്. ഫോൺ : 09867179480**

ജീവിച്ചിരിക്കുന്നവരെപ്പറ്റി മാത്രമല്ല മരിച്ചവരെപ്പറ്റിയും അയാൾ കുറ്റം പറയും. അത് അയാളുടെ സ്വഭാവം. അയാളെ സംബന്ധിച്ചിടത്തോളം കുറ്റമില്ലാത്ത ഒരാളേ ഉള്ളൂ. അത് അയാൾ തന്നെ.

മരണാനന്തരം അയാൾ ഒരുവേള അബദ്ധത്തിൽ സ്വർഗ്ഗത്തിലെത്തിയാൽ അവിടെയും അയാൾ കുറ്റം കാണും. പിന്നീട് നരകത്തിലേക്ക് തള്ളപ്പെടുമ്പോഴെങ്കിലും അയാൾക്ക് കുറ്റബോധം തോന്നുമോ എന്തോ !

## അറിയിപ്പ് /കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

കരയോഗ നിയമാവലി 7(iii) പ്രകാരം എല്ലാ കരയോഗാംഗങ്ങളും ചാരിറ്റി ഫണ്ടിലേക്ക് പ്രതിവർഷം 120 രൂപ നൽകേണ്ടതാണ്. മുൻവർഷങ്ങളിൽ തുക അടക്കാത്തവർ കുടിശ്ശിക സഹിതം അടയ്ക്കേണ്ടതാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. 2000 രൂപ ഒറ്റത്തവണയായി അടച്ചാൽ പ്രസ്തുത അംഗത്തിന് ആജീവനാന്തം തുക അടയ്ക്കേണ്ടതില്ല എന്ന് അറിയിക്കുന്നു. അതുപോലെ തന്നെ ഏതെങ്കിലും ഇനത്തിൽ കരയോഗത്തിലേക്ക് അടയ്ക്കേണ്ടതായ തുക കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയതുകൂടി നല്കുവാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

എന്ന്, ജനറൽ സെക്രട്ടറി

ക്ഷേത്രങ്ങളിലൂടെ - തുടർച്ച

# തിരുകാച്ചാങ്കുറിശ്ശി പെരുമാൾക്ഷേത്രം



ഇന്ദിരാഭായി (ഫോൺ: 80785 52892)

കാശ്യപ ക്ഷേത്രത്തിന്റെ കിഴക്കു ഭാഗത്തായി ഒരു ശിവക്ഷേത്രമുണ്ട്. അതിവിശിഷ്ടമായതും മാഹാത്മ്യങ്ങളുമുള്ള ഒരു ക്ഷേത്രമാണിത്. അത് ധർമ്മി ക്ഷേത്രം എന്നറിയപ്പെടുന്നു. ധർമ്മാരണ്യത്തിലെ ധർമ്മിക്ഷേത്ര സമീപമുള്ള താമര തടാകത്തിൽ കുളിച്ച് വെങ്കടേശപ്പെരുമാളിനെ ഭജിച്ചാൽ കുഷ്ഠരോഗശാന്തിയുണ്ടാകും എന്നാണ് വിശ്വാസം. പണ്ട് കൃതയുഗത്തിൽ ശിവദാസൻ എന്നു പേരായ ഒരു ബ്രാഹ്മണനും പത്നിയും വസിച്ചിരുന്നു. അവർ സത്ക്കർമ്മങ്ങളുപേക്ഷിച്ച് ദുഷ്ക്കർമ്മികളും ദുരാചാരികളുമായാണ് ജീവിച്ചിരുന്നത്. എങ്കിലും അവർ നിത്യവും പരമശിവനെ ഭക്തിപൂർവ്വം പൂജിക്കുകയും ചെയ്തിരുന്നു. കാലങ്ങൾ കടന്നു പോകവേ ശിവദാസന് മരണസമയം അടുത്തപ്പോൾ യമദൂതന്മാർ ശിവദാസനെ പാശബന്ധിതനാക്കി വലിച്ചു. ആ സമയം ശിവദാസന്റെ ഭാര്യ ശിവപൂജ ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. അവളുടെ തേജസ്സ് കൊണ്ട് യമദൂതന്മാർ ദഗ്ധന്മാരായി അവിടെ നിന്നും ഓടിപ്പോയി. അവർ ധർമ്മരാജനോട് വിവരങ്ങൾ പറഞ്ഞു. കുപിതനായ യമൻ ഉടൻ തന്നെ ശിവദാസന്റെ ഗൃഹത്തിലെത്തി ശിവലിംഗവും പൂജാപാത്രങ്ങളും പൂജക്കായി കരുതിയിരുന്ന കൂവളത്തിലകളും എല്ലാം നശിപ്പിച്ചു. യമരാജൻ ഭടന്മാരെക്കൊണ്ട് ശിവദാസനെ പാശബന്ധിതനാക്കി. ബ്രാഹ്മണദമ്പതികൾ ഉറക്കെ കരയാൻ തുടങ്ങി. ഇവരുടെ നിലവിളി കേട്ട് ശിവദൂതന്മാർ അവിടെയെത്തി യമകിങ്കരന്മാരെ പരാജയപ്പെടുത്തി ശിവദാസനെ രക്ഷിച്ചു. ശിവദാസനെ കൈലാസത്തേക്കു കൊണ്ടു പോകുമ്പോൾ പരമശിവൻ ശിവദാസന്റെ ആഗ്രഹം ആരാഞ്ഞു. തന്റെ ഭാര്യയോടൊപ്പം ഭൂലോകവാസിയായി പരമശിവപൂജ ചെയ്തു കഴിയുവാനാണാഗ്രഹം എന്ന് ശിവദാസൻ അറിയിച്ചു. ഗായത്രി നദിയുടെ തീരത്ത് ശിവപ്രതിഷ്ഠ നടത്തി പൂജിച്ചു വസിച്ചു കൊള്ളുവാൻ പരമശിവൻ ആ ബ്രാഹ്മണനെ അനുഗ്രഹിക്കുകയും ചെയ്തു. യമധർമ്മരാജൻ ദു:ഖിതനായി തന്റെ പുരിയിലേക്ക് മടങ്ങിപ്പോകുകയും ചെയ്തു.

ശിവലിംഗത്തെ നശിപ്പിച്ചതു മൂലം ധർമ്മരാജൻ കുഷ്ഠരോഗ ബാധിതനായി. കുഷ്ഠരോഗിയായ ധർമ്മരാജൻ ഒരു ദിവസം മലയപർവ്വതത്തിലെത്തുകയും അവിടെ അഗസ്ത്യമഹർഷിയുടെ ആശ്രമത്തിലെത്തി മഹർഷിയോട് തന്റെ സങ്കടങ്ങൾ ഉണർത്തിക്കുകയും ചെയ്തു. അഗസ്ത്യമഹർഷി ധർമ്മരാജന് രോഗമുക്തിക്കും പാപപരിഹാരത്തിനുമുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചുകൊടുത്തു. കാശ്യപക്ഷേത്രത്തിന്റെ പുരോഭാഗത്തുള്ള ധർമ്മാരണ്യത്തിലെ ധർമ്മിയിൽ പരമശിവപ്രതിഷ്ഠ നടത്തി പൂജിക്കുക, കാശ്യപ ക്ഷേത്രത്തിലെ വെങ്കടേശ ഭഗവാനെ സേവിക്കുക, കാശ്യപക്ഷേത്രത്തിന്റെ വടക്കു ഭാഗത്തുള്ള ദേവനിർമ്മിതമായ കൊക്കരിണി തീർത്ഥത്തിലെ പുണ്യജലം കൊണ്ട് വെങ്കടേശ ഭഗവാന് അഭിഷേകം നടത്തുക, വെങ്കടേശ ക്ഷേത്രത്തിന്റെ തെക്കു ഭാഗത്ത് തടാകം നിർമ്മിക്കുക, ഈ തടാകത്തിൽ നിത്യവും സ്നാനം ചെയ്യുക, ഇവയൊക്കെ ചെയ്താൽ രോഗശാന്തിയും സർവ്വാഭിഷ്ടങ്ങളും സിദ്ധിക്കും എന്ന് അഗസ്ത്യ മഹർഷി ധർമ്മരാജനെ ഉപദേശിച്ചു. ധർമ്മരാജൻ മഹർഷിയുടെ ഉപദേശപ്രകാരം പ്രവർത്തിക്കുകയും രോഗവിമുക്തനായി തന്റെ സർവ്വാഭീഷ്ടങ്ങളും നേടുകയും ചെയ്തു. ധർമ്മരാജൻ നിർമ്മിച്ച് നിത്യസ്നാനം നടത്തി രോഗമുക്തി നേടിയതും കാശ്യപക്ഷേത്രത്തിനു തെക്കു ഭാഗത്ത് സ്ഥിതി ചെയ്യുന്നതുമായ തടാകം കുഷ്ഠഘ്നം (കുഷ്ഠംകുഴി) എന്നാണ് അറിയപ്പെടുന്നത്. ഈ തടാകത്തിൽ കുളിച്ച് വെങ്കടേശപ്പെരുമാളിനെ ഭജിച്ചാൽ കുഷ്ഠരോഗ ശാന്തിയുണ്ടാകും എന്നും വിശ്വസിക്കുന്നു.

കാശ്യപക്ഷേത്രത്തിലെ തീർത്ഥക്കുളം യജ്ഞതീർത്ഥം എന്നാണറിയപ്പെടുന്നത്. കാശ്യപമഹർഷി ഒരിക്കൽ യാഗം നടത്തുവാൻ നിശ്ചയിച്ചു. യാഗത്തിൽ അധര്യുവായി ആരെ വരിക്കണം എന്ന കാര്യത്തിൽ ഒരു തീരുമാനം എടുക്കുവാൻ





സാധിക്കാതെ മഹർഷി ചിന്തയിൽ മുഴുകി വെങ്കടേശ ഭഗവാനെ ധ്യാനിച്ചുകൊണ്ടിരുന്നു. വിഷ്ണു ഭഗവാൻ മഹർഷിക്കു മുന്നിൽ പ്രത്യക്ഷനായി. 'അത്രി മഹർഷിയെ വരിച്ചുകൊള്ളൂ' എന്നരുളി ചെയ്തു. കാശ്യപമഹർഷി അത്രിമഹർഷിയെ മനസ്സാ സ്മരിച്ചു ധ്യാനിച്ചു. തന്റെ ആശ്രമത്തിൽ ധ്യാനനിരതനായിരുന്ന അത്രിമഹർഷിക്ക് കാര്യം മനസ്സിലായി, അദ്ദേഹം സന്തോഷവാനാകുകയും ചെയ്തു. അദ്ദേഹം ആശ്രമകാര്യങ്ങളെല്ലാം തന്റെ പത്നി അനസൂയാദേവിയെ ഏല്പിച്ച് കാശ്യപാശ്രമത്തിലേക്കെത്തുകയും ചെയ്തു. കാശ്യപമഹർഷി, അത്രിമഹർഷി, മാർക്കണ്ഡേയമഹർഷി തുടങ്ങിയ മഹർഷിമാരോടുകൂടി കാശ്യപക്ഷേത്രത്തിന്റെ പുരോഭാഗത്ത് വിധിപ്രകാരം അശ്വമേധയാഗം നടത്തുകയും ചെയ്തു. അന്ന് അശ്വമേധയാഗം നടന്ന സ്ഥലമാണ് ഇന്ന് തടാകമായി കാണപ്പെടുന്നത്. ഈ തടാകം യജ്ഞതീർത്ഥം എന്നറിയപ്പെടുന്നു. ഈ തടാകത്തിൽ സ്നാനം ചെയ്ത് കാശ്യപക്ഷേത്രത്തിലെ വിഷ്ണു ഭഗവാനെ ധ്യാനിച്ചാൽ സർവ്വപാപങ്ങളും നശിക്കും എന്നു വിശ്വസിക്കുന്നു. ഈ തടാകത്തിന്റെ വടക്കു ഭാഗത്തായി ഒരു കുളം ഉണ്ട്. ഈ കുളം കുതിരക്കുളം എന്നറിയപ്പെടുന്നു. മഹർഷി അശ്വമേധയാഗം നടത്തുമ്പോൾ യാഗാശ്വത്തെ കെട്ടിയിരുന്ന സ്ഥലമാണ് ഇന്ന് കുതിരക്കുളം എന്ന പേരിലറിയപ്പെടുന്നത്. ഇങ്ങനെയുള്ള മാഹാത്മ്യങ്ങൾ നിറഞ്ഞ യജ്ഞതീർത്ഥം സർവ്വപാപമോചിനിയായി ഇന്നും ഇവിടെ സ്ഥിതി ചെയ്യുന്നു. കാശ്യപക്ഷേത്രത്തിന്റെ തെക്കു കിഴക്കു ഭാഗത്തായി ഒരു പുണ്യതീർത്ഥസ്ഥാനമുണ്ട്. ഇത് സീതാരാമകുണ്ഡം എന്നറിയപ്പെടുന്നു. മഹർഷിമാരുടെ ആശ്രമങ്ങളാൽ ശോഭിതമായിരുന്ന ഈ പ്രദേശത്ത് സീതാരാമലക്ഷ്മണന്മാർ അവരുടെ വനവാസകാലത്ത് വന്നു വസിച്ചിരുന്നു. ശ്രീരാമൻ പാറയുടെ മുകളിൽ അമ്പുതൊടുത്തു വിടുകയും അമ്പു തറച്ച ഭാഗത്തു നിന്നും ജലപ്രവാഹമുണ്ടാവുകയും ചെയ്തു. ഇവിടെയാണ് സീതാദേവി നിത്യസ്നാനം നടത്തിയിരുന്നത്. പാറയുടെ മുകളിൽ വളരെ ആഴമുള്ളതും എപ്പോഴും ജലം ഒഴുകിക്കൊണ്ടിരിക്കുന്നതുമായ ഈ പുണ്യ സ്രോതസ്സിനെ സീതാരാമകുണ്ഡം എന്നാണ് അറിയപ്പെടുന്നത്. സീതാലക്ഷ്മണന്മാർ വസിച്ചിരുന്ന ഗുഹാഭാഗങ്ങളും കുണ്ഡിനടുത്തു തന്നെ കാണാവുന്നതാണ്.

കാശ്യപമഹർഷി ക്ഷേത്രം സ്ഥാപിച്ച് വെങ്കടേശപൂജ ചെയ്തു കഴിഞ്ഞിരുന്നു. പരശുരാമ ക്ഷേത്രമായ ഈ മണ്ണിൽ സ്ഥിതിചെയ്യുന്ന കാശ്യപക്ഷേത്രത്തിന്റെ മേൽനോട്ടം കാശ്യപമഹർഷി പരശുരാമനെ ഏല്പിച്ചു. ക്ഷേത്രകാര്യനടത്തിപ്പിനായി പരശുരാമൻ പലപ്പോഴും ഈ ക്ഷേത്രത്തിൽ വസിച്ചിരുന്നു. കാലക്രമത്തിൽ പരശുരാമൻ കേരളത്തെ ബ്രാഹ്മണർക്കു ദാനമായി നൽകിയപ്പോൾ കാശ്യപ പ്രതിഷ്ഠിതമായ ഈ ക്ഷേത്രത്തെ വെങ്കനാട്ടുരാജാവിനേയും നമ്പൂതിരിമാരേയും ഏല്പിച്ചു. വെങ്കനാട്ടുരാജവംശം അവരുടെ കുലദേവതയായി വെങ്കടേശപ്പെരുമാളിനെ ആരാധിക്കുന്നു. വെങ്കനാട്ടുരാജവംശത്തിൽ പണ്ട് ഹേമാംഗൻ എന്നൊരു രാജാവുണ്ടായിരുന്നു. നിത്യബ്രഹ്മചാരിയായി പരശുരാമ കല്പന പ്രകാരം അദ്ദേഹം രാജ്യം ഭരിച്ചിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം രാജ്യം അരാജകമാകാതിരിക്കുവാൻ 64 ബ്രാഹ്മണഗ്രാമങ്ങളിലെ ഗ്രാമമുഖ്യന്മാരുടെ സമ്മതപ്രകാരം പരശുരാമൻ ഹേമാംഗ രാജാവിന്റെ സഹോദരി ദ്രോണവതിയെ രാജ്ഞിയായി അഭിഷേകം ചെയ്തു. ഒരു ദിവസം രാജ്ഞി വെങ്കടേശപ്പെരുമാളിനെ ദർശിക്കുവാനായി യജ്ഞതീർത്ഥസ്നാനത്തിനായി പോകുമ്പോൾ സൂര്യഭഗവാൻ രാജ്ഞിയെ കാണുവാനിടയായി. സുന്ദരിയായ രാജ്ഞിയെക്കണ്ട് സൂര്യഭഗവാൻ അവരിൽ അനുരക്തനാവുകയും തന്റെ ഇംഗിതം അവരെ അറിയിക്കുകയും ചെയ്തു. രാജ്ഞി തന്റെ രക്ഷിതാവായ പരശുരാമനെ സമീപിക്കുവാൻ സൂര്യഭഗവാനോടഭ്യർത്ഥിച്ചു. സൂര്യഭഗവാൻ ബ്രാഹ്മണവേഷധാരിയായി പരശുരാമന്റെ മുന്നിലെത്തി തന്റെ ഇംഗിതം അറിയിച്ചു. പരശുരാമൻ സന്തോഷത്തോടെ രാജ്ഞിയെ സൂര്യഭഗവാനു വിവാഹം ചെയ്തു കൊടുത്തു. രാജ്ഞിക്ക് ഒരു പുത്രൻ ജനിക്കുകയും ചെയ്തു. പിന്നീട് സൂര്യഭഗവാൻ അന്തർധാനം ചെയ്തു. വീര്യവും സൂര്യതേജസ്സും ഒത്തു ചേർന്ന ആ കുട്ടിക്ക് പരശുരാമൻ വീരരവി എന്നു പേരു നൽകി. ഹേമാംഗവംശം എന്നറിയപ്പെട്ടിരുന്ന വെങ്കനാടു രാജവംശം പിന്നീട് വീരരവി വംശം എന്നു പ്രസിദ്ധമായി. വെങ്കനാട്ടുരാജാക്കന്മാരുടെയെല്ലാം പേരിനോടൊപ്പം വീരരവി എന്ന പദവും കൂട്ടിച്ചേർക്കാറുമുണ്ട്.

യാഗം നടത്തുന്നതിനുള്ള യാഗസാധനങ്ങൾ വെങ്കടേശ ക്ഷേത്രത്തിൽ വച്ച് ബ്രാഹ്മണർക്കു നൽകുന്നതിനുള്ള അവകാശം വെങ്കനാട്ടു രാജാക്കന്മാർക്ക് കൈവന്നതിനു പിന്നിലും ഒരു മഹത് ചരിത്രമുണ്ട്. കേരളബ്രാഹ്മണർ പണ്ട് ശ്രീമൂലസ്ഥാനമണ്ഡപത്തിൽ സോമയാഗം നടത്തുന്നതിനുള്ള ഒരുക്കങ്ങൾ നടത്തി. യാഗത്തിൽ പരശുരാമൻ പങ്കെടുത്തിരുന്നില്ല. വിശ്വദേവന്മാർക്കൊഴികെ മറ്റ് എല്ലാ ദേവന്മാർക്കും ഹവിർഭാഗം കൊടുത്തു. വിശ്വദേവന്മാർ ദേവേന്ദ്രനെ ചെന്നുകണ്ട് സങ്കടം ഉണർത്തിച്ചു. കുപിതനായ ദേ

വേന്ദ്രൻ വേഷപ്രച്ഛന്നനായി യാഗശാലയിലെത്തി. ദേവേന്ദ്രൻ യാഗശാലയിൽ സൂക്ഷിച്ചിരുന്ന യാഗ സാധനങ്ങളായ സോമലതയും മറ്റും അപഹരിച്ചു കൊണ്ടുപോയി. യാഗസാധനങ്ങളുമായി ദേവേന്ദ്രൻ വിമാന മാർഗ്ഗം പോകുന്ന വഴി കാശ്യപക്ഷേത്രത്തി ലെ വെങ്കടേശനെ ദർശിക്കുവാനെത്തി. ഈ സമയം വീരരവി രാജാവ് വെങ്കടേശക്ഷേത്രത്തിൽ ഭജനം ചെയ്തു കൊണ്ടിരിക്കുകയായിരുന്നു. വീരരവി സ്തോത്രങ്ങൾ കൊണ്ട് ദേവേന്ദ്രനെ പ്രസാദിപ്പിച്ചു. സന്തുഷ്ടനായ ദേവേന്ദ്രൻ വീരരവി ഉത്തമനായ രാജാവും പ്രജാതല്പരനും ആണ് എന്നു വിശ്വസിച്ച് യാഗസാധനങ്ങൾ വീരരവിക്കു കൊടുത്ത് ഇപ്രകാരം പറഞ്ഞു. യാഗം നടത്തുവാനാഗ്രഹിക്കുന്നവർക്ക് ഈ യാഗസാധനങ്ങൾ കൊടുക്കുക, കശ്യപക്ഷേത്രത്തിൽ വച്ചു മാത്രമേ കൊടുക്കുവാൻ പാടുള്ളൂ. യാഗത്തിൽ ദേവേന്ദ്രസ്ഥാനവും യാഗഫലത്തിൽ ആറിൽ ഒരു ഭാഗവും നിങ്ങൾക്കു ലഭിക്കുകയും ചെയ്യും. വീരരവിയെ ദേവേന്ദ്രൻ അനുഗ്രഹിച്ചു.

യാഗസാധനങ്ങൾ കാണാതെ ബ്രാഹ്മണർ വിഷമിച്ചു. അവർ വിഷ്ണുഭഗവാനേയും പരശുരാമനേയും പ്രാർത്ഥിച്ചു. പരശുരാമൻ പ്രത്യക്ഷനായി. വിശ്വദേവന്മാർക്ക് ഹവിർഭാഗം കൊടുക്കാഞ്ഞതിനാൽ ദേവേന്ദ്രൻ കുപിതനായി യാഗസാധനങ്ങൾ എടുത്തുകൊണ്ടു പോയി എന്നും അവ വീരരവി രാജാവിനു കൊടുത്തിട്ടുണ്ടെന്നും അദ്ദേഹത്തെ സമീപിച്ചാൽ സാധനങ്ങൾ മടക്കി തരുമെന്നും പരശുരാമൻ ബ്രാഹ്മണരെ അറിയിച്ചു. പരശുരാമന്റെ വാക്കുകൾ കേട്ടു സന്തുഷ്ടരായ ബ്രാഹ്മണർ പിന്നീട് കാശ്യപക്ഷേത്രത്തിലെത്തി വീരരവിയെ ദേവേന്ദ്രനായി സങ്കല്പിച്ച് അദ്ദേഹത്തിൽ നിന്നും യാഗസാധനങ്ങൾ വാങ്ങി യാഗം നടത്തുകയും ചെയ്തു. അന്നുമുതൽ ബ്രാഹ്മണർ കാശ്യപക്കുറിശ്ശി ക്ഷേത്രത്തിൽ വച്ച് ദേവേന്ദ്രസങ്കല്പത്തിൽ വെങ്കനാട്ടു രാജാവിൽ നിന്നും യാഗസാധനങ്ങൾ സ്വീകരിച്ച് യാഗം നടത്തിപ്പോരുന്നു.

വെങ്ങുനാടു കോവിലകം സ്ഥിതിചെയ്തിരുന്ന ഗ്രാമമാണ് കൊല്ലങ്കോട്. ഈ ഗ്രാമത്തിനു കിട്ടിയ വരദാനമാണ് തിരുകാച്ചാങ്കുറിശ്ശി പെരുമാൾ ക്ഷേത്രം. വെങ്കടം എന്നറിയപ്പെട്ടിരുന്ന നാടിന്റെ അധിപതികളായിരുന്നതിനാലാണ് കൊല്ലങ്കോടുരാജവംശത്തിന് വെങ്കനാടു സ്വരൂപം എന്ന പേരുണ്ടായത്. വെങ്കനാടുരാജാക്കന്മാരുടെ രാജ്യാഭിഷേകചടങ്ങുകൾ (അരിയിട്ടു വാഴ്ച) ഈ ക്ഷേത്രത്തിൽ വച്ചായിരുന്നു നടത്തിയിരുന്നത്. കാച്ചാങ്കുറിശ്ശിക്ഷേത്രത്തിന്റെ ഊരാണ്മ സ്ഥാനം കൊല്ലങ്കോടു രാജവംശത്തിനാണ്. വെങ്കനാടിന്റെ ഈശൻ വെങ്കടേശനായി അറിയപ്പെടുന്നു. ഇതേപ്പറ്റിയുള്ള രേഖകൾ ക്ഷേത്രകൊടി മരത്തിൽ ചെമ്പു തകിടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എല്ലാം തകർത്തു തരിപ്പണമാക്കണം എന്നു ചിന്തയോടെ കാച്ചാങ്കുറിശ്ശി ക്ഷേത്രധ്വംസത്തിനു പാഞ്ഞടുത്ത ടിപ്പുവിനെ തടുത്തു നിർത്തി മനസ്സു മാറ്റി തന്റെ ശക്തിക്കടിപ്പെടുത്തിയ പ്രഭാവസമ്പൂർണ്ണനാണ് സാക്ഷാൽ തിരുകാച്ചാങ്കുറിശ്ശിപ്പെരുമാൾ.

നാലു ദിക്കുകളിലും ഉയർന്ന പർവ്വതങ്ങളാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നതും അതിവിശാലമായ സ്ഥലത്തു സ്ഥിതി ചെയ്യുന്നതുമായ ക്ഷേത്രമാണ് തിരുകാച്ചാങ്കുറിശ്ശിക്ഷേത്രം. ഈ ക്ഷേത്രപരിസരത്തെത്തുമ്പോൾ ഒറ്റ നോട്ടത്തിൽ തന്നെ ഒരു പ്രത്യേക ആകർഷണം നമുക്കനുഭവപ്പെടും. ക്ഷേത്രത്തിന്റെ പ്രവേശന കവാടം കടന്നാൽ ഉയരമുള്ള തൂണുകളോടു കൂടിയ ആനക്കൊട്ടിലും ഭഗവാന്റെ വാഹനമായ ഗരുഢനെ ശിരസ്സിലേറ്റി നില്ക്കുന്ന ക്ഷേത്രകൊടിമരവുമാണ് കാണപ്പെടുന്നത്. അകത്തേക്ക് കടന്നാൽ ബലിക്കൽപുരയാണ്. ഇവിടുത്തെ ബലിക്കല്ല് വളരെ ഉയരമുള്ളതാണ്. അതിനാൽ തന്നെ പുറത്തു നിന്ന് ഭഗവാന്റെ വിഗ്രഹം കാണുവാൻ സാധിക്കില്ല. ബലിക്കൽപ്പുര കടന്ന് നാലമ്പലത്തിലേക്കെത്തിയാൽ ഭംഗിയാർന്ന വലിയ നമസ്കാരമണ്ഡപവും ശ്രീകോവിലും ശ്രീകോവിലിൽ വാഴുന്ന ഭഗവാനെയും കാണാം. വൃത്താകൃതിയിൽ വളരെ വലിയ രണ്ടു നിലകളുള്ള ചെമ്പു മേഞ്ഞ ശ്രീകോവിലും തടിയിൽ തീർത്ത് ചെമ്പുമേഞ്ഞ മേൽക്കൂരയോടുകൂടിയ മനോഹരമായ നമസ്കാരമണ്ഡപവും അവയുടെ നിർമ്മിതിയിലെ പ്രത്യേകതകളും ഭംഗിയും ആരെയും ആകർഷിക്കുന്ന തരത്തിലുള്ളതാണ്. ശ്രീകോവിൽ ചുമരുകളിൽ രാമായണത്തിലെ സുപ്രധാന സംഭവങ്ങളെല്ലാം ചിത്രരൂപത്തിൽ ആലേഖനം ചെയ്തിരിക്കുന്നു. അതിമനോഹരമായ ഈ ചിത്രങ്ങളെ ഭംഗിയായി സംരക്ഷിച്ചിട്ടുമുണ്ട്. ശ്രീകോവിലിൽ ഭഗവാന്റെ വിഗ്രഹം വളരെ ഉയർന്നാണ് കാണപ്പെടുന്നത്. ശ്രീകോവിൽ തിരുനടയിൽ നിന്നാൽ ഭൂമിദേവിയോടും ലക്ഷ്മിദേവിയോടും കൂടി അനന്താസനസ്ഥനായിരിക്കുന്ന ഭഗവാനെ കാണാം. ഭഗവാനെ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ദേവിമാർ ഇരുവശങ്ങളിലുമായി ഭഗവാനെ നോക്കി മറഞ്ഞാണ് നില്ക്കുന്നത്. ഈ വിഗ്രഹത്തിൽ അഭിഷേകം നടത്താറില്ല. മറ്റൊരു വിഗ്രഹത്തിലാണ് അഭിഷേകാദിപൂജകൾ നടത്തപ്പെടുന്നത്. മലർ, ത്രിമധുരം, നെയ്പ്പായസം, പാൽപ്പായസം എന്നിവ ഭഗവാന്റെ പ്രധാന വഴിപാടുകളാണ്. അത്താഴ പൂജക്കുശ്ശേഷം നടയടച്ചു കഴിഞ്ഞാൽ ഭഗവാൻ ഗോവിന്ദമലയിലേക്കു പോകുന്നു എന്നും വിശ്വസിക്കുന്നു. വേദഭാഗ





വത പാരായണങ്ങൾ നിത്യവും ഇവിടെ പതിവാണ്. ഇല്ലംനിറ, നിറപുത്തിരി, ഗണപതിഹോമം, നവരാത്രി പൂജ തുലാമാസത്തിലെ വേദപാരായണം, വൃശ്ചികമാസ മണ്ഡലകാലം എല്ലാ മാസത്തേയും തിരുവോണദിനം എന്നിവയും ഇവിടെ പ്രധാനമാണ്. വൈശാഖമാസത്തിലെ ശുക്ലപക്ഷത്തിൽ വരുന്ന അത്തം നാൾ കൊടിയേറി തിരുവോണം വരെ പത്തുദിവസമാണ് ഇവിടെ ഉത്സവാഘോഷങ്ങൾ. പത്താം ദിവസം യജ്ഞതീർത്ഥത്തിൽ ആറാട്ടോടെ ഉത്സവം സമാപിക്കുന്നു. രാജകീയ പ്രൗഢിയോടെ പൗരപ്രമുഖന്മാർക്കും വിശിഷ്ടാതിഥികൾക്കും സ്വാഗതമരുളിയിരുന്ന ബംഗ്ലാവുകളും ഊട്ടുപുരമുതലായ മറ്റു മന്ദിരങ്ങളും പ്രായാധിക്യം ബാധിച്ചു എങ്കിലും ഇന്നും ഇവിടെ പ്രവർത്തനനിരതമായി തലയുയർത്തി നില്ക്കുന്നുണ്ട്. രാജഭരണത്തിൽ കീഴിലായിരുന്ന ഈ ക്ഷേത്രം ഇന്ന് മലബാർ ദേവസ്വംബോർഡിന്റെ അധീനത്തിലാണ്.

കൊല്ലങ്കോടിന്റെ പൊൻകിരീടമായ തിരുകാച്ചാങ്കുറിശ്ശിക്ഷേത്രനടയിൽ തൊഴുതു നില്ക്കുമ്പോൾ മനസ്സിനുണ്ടാകുന്ന അനുഭൂതി വാക്കുകൾക്കതീതമാണ്. അതൊരനുഭവം തന്നെയാണ്. തമിഴ്നാടിനോടു ചേർന്നു കിടക്കുന്ന ഈ ഗ്രാമം തമിഴ് കലർന്ന മലയാള ഭാഷയാണ് സംസാരിക്കുന്നത്. എവിടെയും നേൽപ്പാടങ്ങൾ മാത്രമാണ് കാണപ്പെടുന്നത്. പച്ചപ്പു നിറഞ്ഞ ആ പ്രകൃതിഭംഗി കൊല്ലങ്കോടിന്റെ ഐശ്വര്യമാണ്.

തുഞ്ചനും കുഞ്ചനും പാടിപ്പുകഴ്ത്തിയ നമ്മുടെ നാട് ദൈവത്തിന്റെ സ്വന്തം നാടു തന്നെയെന്ന് നമുക്കു വിശ്വസിക്കാം. എത്രയോ പുണ്യവാന്മാരായ മഹർഷി ശ്രേഷ്ഠന്മാരുടെ തൃപ്പാദ സ്പർശനമേറ്റതും അവരുടെ ജപഹോമാദിധൂപദീപാദികളേറ്റു വാങ്ങിയതുമായ കാശ്യപക്കുറിശ്ശിയെന്ന ഈ പുണ്യഭൂമിയെ ഒന്നു തൊട്ടുവന്ദിക്കുവാനവസരം കിട്ടുകയെന്നത് വിശ്വരക്ഷകനായ ശ്രീമഹാവിഷ്ണു ഭഗവാന്റെ അനുഗ്രഹം കൊണ്ടു മാത്രമേ സാധിക്കുകയുള്ളൂ. അത്രകണ്ട് പരിപാവനമാണ് ഈ പുണ്യക്ഷേത്രഭൂമി. മർത്യജന്മങ്ങൾക്ക് മുക്തി നേടാൻ ഒരു വരദാനമായി തിരുകാച്ചാകുറിശ്ശിയിൽ വെങ്കടേശപ്പെരുമാൾ കുടിയിരിക്കുന്നു. ഈ പുണ്യസ്ഥലത്തെത്തി യജ്ഞതീർത്ഥം എന്ന തീർത്ഥക്കുളത്തിൽ സ്നാനം നടത്തി, തിരുകാച്ചാങ്കുറിശ്ശി പെരുമാളിനെ കണ്ടു വണങ്ങി സായൂജ്യം നേടാൻ എല്ലാ ഭക്തജനങ്ങൾക്കും തിരുകാച്ചാങ്കുറിശ്ശിപ്പെരുമാൾ അവസരം നൽകട്ടെ, അനുഗ്രഹിക്കട്ടെ.

വ്യാസായ വിഷ്ണുരൂപായ വ്യാസരൂപായ വിഷ്ണവേ

നമോ വൈ ബ്രഹ്മനിധയേ വാസിഷ്ഠായ നമോ നമ :

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;

0484 2361161. ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്
ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

**എറണാകുളം കരയോഗം എൽഡർ സിറ്റിസൺസ് ഫോറം**
**2019 ഒക്ടോബർ/നവംബർ മാസത്തെ പരിപാടികൾ**

| തീയതി | മനോരഞ്ജിനി/ അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 17.10.19 | ലക്ഷ്മിദേവി പി. നായർ | ആർ. പി. നായർ | ജാലിയൻവാലാബാഗിലെ കൂട്ടക്കുരുതിയും ബ്രിട്ടന്റെ ഖേദപ്രകടനവും | 1037 |
| 24.10.19 | | എം. ആർ. രാജേന്ദ്രൻ നായർ | വമ്പന്മാരുടെ അഴിമതി | 1038 |
| 31.10.19 | സി. ഗോപാലകൃഷ്ണൻ നായർ | ഡോ. വിജയലക്ഷ്മി മോനോൻ | History or Medicine | 1039 |
| 07.11.19 | | ഡോ. ഹരിഹരൻ | വാസ്തു | 1040 |



# മഹാഭാരതം

ഡോഃ രാജേശ്വരികുഞ്ഞമ്മ. ഫോൺ : 9388382009

അരക്കില്ലത്തിൽനിന്നും രക്ഷപ്പെട്ടതിനേത്തുടർന്ന് പാണ്ഡവർ മാറിമാറി പല വനപ്രദേശങ്ങളിലും താമസിച്ചു. വളരെയധികം കഷ്ടപ്പാടുകൾ സഹിച്ച ഈ അവസരത്തിൽ അവർ ധാർമ്മികമായ ഉന്നമനത്തിനായി ധാരാളം പഠിച്ചു. ഈ അവസരത്തിലാണ് വ്യാസൻ സ്വയം മഹാഭാരത കാവ്യത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുന്നത്. പാണ്ഡവരുടെ ഈ ദയനീയാവസ്ഥ കണ്ടു ദുഃഖിതനായ വ്യാസൻ സങ്കടപ്പെടേണ്ടയെന്നും ഭാവി സന്തോഷിക്കാനുള്ളതാണെന്നും മറ്റും പറഞ്ഞ് അവരെ സാന്ത്വനപ്പെടുത്തി. പുത്രന്മാരെല്ലാം തനിക്കൊരുപോലെയാണെങ്കിലും ഇപ്പോൾ ദുഃഖത്തിലാണ്ടിരിക്കുന്ന പാണ്ഡുപുത്രന്മാരോടുള്ള സ്നേഹം ഒരുപടി കൂടുതലാണെന്നും വ്യാസൻ പറഞ്ഞു. കുന്തീദേവിയേയും സമാശ്വസിപ്പിച്ചു കൊണ്ടിങ്ങനെ പറഞ്ഞു, കുന്തിയുടെ മക്കളെല്ലാം ധർമ്മിഷ്ഠരാണെന്നും യുധിഷ്ഠിരൻ ധർമ്മസംസ്ഥാപനത്തിൽ രാജാക്കന്മാർക്ക് മാതൃകയാവുമെന്നും മാദ്രിയുടെയും കുന്തിയുടെയും മക്കൾ യുദ്ധാഭ്യാസത്തിൽ നൈപുണ്യം നേടിയവരാണെന്നും രാജ്യം ഭരിക്കുമെന്നും പറഞ്ഞു. വൈശമ്പായൻ പറയുകയാണ്, പാണ്ഡവരുടെ ഈ ദയനീയാവസ്ഥ കണ്ടു ദുഃഖിതനായ വ്യാസൻ അവരെ ഒരു ബ്രാഹ്മണ ഗൃഹത്തിലാക്കി അനുഗ്രഹം കൊടുത്തു മറഞ്ഞുവെന്ന്. ഇത് ഏകചക്ര എന്ന സ്ഥലമായിരുന്നു. ഇവരെല്ലാം ഭിക്ഷയെടുത്ത് ആഹാരം കഴിക്കേണ്ടി വന്നു. ഒരു ദിവസം ഭീമനൊഴികെ ബാക്കിയെല്ലാവരും ഭിക്ഷക്കു പോയി. അടുത്തൊരു ഗ്രഹത്തിൽ നിന്നും വലിയൊരു ഹൃദയഭേദകമായ കരച്ചിൽ കേട്ട് കുന്തിദേവീ വിവരം അന്വേഷിച്ചു. ആർക്കും സഹായിക്കാൻ സാധിക്കാത്ത കാര്യത്തിനാണ് ഞങ്ങൾ കരയുന്നതെന്നും ബകൻ എന്ന രാക്ഷസനെക്കുറിച്ചും അവർ പറഞ്ഞു. ഈ സ്ഥലത്തെ രക്ഷിക്കുന്നതിന് പ്രതിഫലമായി ബകൻ ഒരു വണ്ടി നിറയെ ഭക്ഷണവും വണ്ടി വലിക്കുന്ന രണ്ടു കാളകളും കൊണ്ടുപോകുന്ന മനുഷ്യനും അയാളുടെ ഭക്ഷണമാകണം. ഓരോ ദിവസവും ക്രമമനുസരിച്ച് ഓരോ വീട്ടിൽ നിന്നാണ് ബകന് ആഹാരം കൊണ്ടു പോകേണ്ടത്. ഈ ദിവസം ആ വിലപിക്കുന്ന ബ്രാഹ്മണരുടെ ഊഴമാണെന്നും ഇത്രയും സാധനങ്ങൾ കാളവണ്ടിയിൽ മക്കളിലൊരാളോടൊപ്പം അവിടെയെത്തിച്ചില്ലായെങ്കിൽ ആ രാക്ഷസൻ വന്ന് ഭാര്യയേയും മക്കളേയും തിന്നുമെന്നും അവർ പറഞ്ഞു. അവർ ചോറും വണ്ടിക്കാളകളും ശരിയാക്കി, ആരാണ് ആഹാരമാകേണ്ടതെന്നു പറഞ്ഞുള്ള കരച്ചിലാണ് കേട്ടത്. ഇതു കേട്ട കുന്തീദേവി പറഞ്ഞു,

ന വിഷാദസ്ത്വയാ കാര്യോ ഭയാദസ്മാത് കഥംചന

ഉപായഃ പരിദൃഷ്ടോ ള ന്ന ദസ്മാന്മോക്ഷായ രക്ഷസഃ

ഈ കാര്യത്തിനുവേണ്ടി സങ്കടപ്പെടേണ്ട, നിങ്ങളെ രാക്ഷസനിൽ നിന്നും രക്ഷിക്കാൻ എന്റെ കയ്യിൽ വഴിയുണ്ട്. എനിക്ക് അഞ്ചു മക്കളുണ്ട്. അവരിലാരെങ്കിലും നിങ്ങൾക്കുവേണ്ടി പോകും. ബ്രാഹ്മണൻ അതിഥി ഇതു ചെയ്യുന്നതിനനുവദിച്ചില്ല. പാണ്ഡവരെല്ലാം ബ്രാഹ്മണവേഷധാരികളായതിനാൽ ബ്രഹ്മഹത്യ പാപമാണെന്നൊക്കെ അദ്ദേഹം വാദിച്ചു. തന്റെ മക്കൾ രാക്ഷസനെ കൊല്ലാൻ ശക്തരാണ്, പക്ഷെ പുറത്താരും അറിയരുത്. അറിഞ്ഞാലത് ആപത്താണ് എന്നു കുന്തി പറഞ്ഞു. ഇതു കേട്ട ബ്രാഹ്മണൻ സന്തോഷിച്ചു. അവർ ഭീമന്റെ സമീപം ചെന്ന് വിവരം ധരിപ്പിച്ചു. ഭീമൻ സമ്മതിക്കുകയും ചെയ്തു. വിവരമറിഞ്ഞ യുധിഷ്ഠിരന് ഇതിൽ താല്പര്യം തോന്നിയില്ലായെന്നു മാത്രമല്ല, കുന്തിയെ കുറ്റപ്പെടുത്തുകയും ചെയ്തു. കുന്തി പറഞ്ഞു, ബ്രാഹ്മണനെ രക്ഷിക്കുന്ന ക്ഷത്രിയൻ അടുത്ത ജന്മം അനുഗ്രഹീതനാകും. ഒരു ക്ഷത്രിയനെ രക്ഷിക്കുന്ന ക്ഷത്രിയൻ ഈ ജന്മത്തും അടുത്ത ജന്മത്തും കേൾവികേട്ടവനാകും. ഒരു വൈശ്യനെ രക്ഷിക്കുന്ന ക്ഷത്രിയൻ ജനങ്ങളുടെയിടയിൽ സംപൂജ്യനാകും. ഒരു ശൂദ്രനെ രക്ഷിക്കുന്ന ക്ഷത്രിയൻ അടുത്ത ജന്മം ഉന്നതകുലത്തിൽ മറ്റുള്ളവർ ബഹുമാനിക്കുന്നവനായി ജനിക്കും. കൂടാതെ ഇതെല്ലാം വ്യാസൻ തനിക്കു പറഞ്ഞുതന്നതാണെന്നും പറഞ്ഞു. യുധിഷ്ഠിരൻ സംതൃപ്തനായി പറഞ്ഞു, അവിടുന്നു ബ്രാഹ്മണനോടു ദയാദാക്ഷിണ്യം കാണിച്ചു. തീർച്ചയായും ഭീമൻ രാക്ഷസനെ കൊന്ന് തിരികെ വരും .പക്ഷേ ഒരു കാര്യം ശ്രദ്ധിക്കണം, ഇതൊന്നും ആരും അറിയണ്ട.

ഭീമൻ എല്ലാം ശേഖരിച്ച് രാക്ഷസസന്നിധിയിലെത്തി. വാതിൽക്കലിരുന്നു ഭക്ഷണം കഴിക്കുവാനും തുടങ്ങി. ഭീമാകാരനായ രാക്ഷസൻ ഭീമനെക്കണ്ടു കോപാകുലനായി . അലറിയിട്ടും രക്ഷയില്ലെന്നു കണ്ട രാക്ഷസൻ രണ്ടു കയ്യും ഉയർത്തി ഭീമനെ സമീപിച്ചു. പക്ഷെ ഭീമൻ കുലുങ്ങിയില്ല. ഭക്ഷണം കഴിച്ചുകൊണ്ടേയിരുന്നു. രാക്ഷസൻ ഭീമനെ അടിച്ചുകൊല്ലാനായി മരം പിഴുതുവന്നു. ഭീമൻ ബകനെ ഞെരിച്ചുകൊന്നു. വിവരമറിഞ്ഞ് എല്ലാവരും ഓടിവന്നു. മരിച്ചുകിടക്കുന്ന ബകനെ കണ്ടു. ഇനി ആരെങ്കിലും മനുഷ്യനെ കൊന്നുതിന്നാൽ അവർക്കു ബകന്റെ ഗതിയായിരിക്കുമെന്നു ഭീമൻ രാക്ഷസന്മാർക്ക് മുന്നറിയിപ്പു നല്കി. അന്നുതൊട്ട് അവിടുത്തെ രാക്ഷസന്മാർ മനുഷ്യസ്നേഹികളായെന്നാണ് വൈശമ്പായൻ പറയുന്നത്. ഭീമൻ തിരകെ വന്ന് യുധിഷ്ഠിരനെ വിവരം ധരിപ്പിച്ചു. വിവരം അറിഞ്ഞെത്തിയ നാട്ടുകാരോട് ഏതോ ഒരു അദൃശ്യ ശക്തി അവരെ സഹായിച്ചുവെന്നാണ് ബ്രാഹ്മണർ പറഞ്ഞത്. പാണ്ഡവർ വേദപഠനങ്ങളും മറ്റുമായി ബ്രാഹ്മണഗൃഹത്തിൽ കഴിഞ്ഞു. ആയിടക്ക് പണ്ഡിതനായ ഒരു ബ്രാഹ്മണശ്രേഷ്ഠൻ അവിടെയെത്തി. പാണ്ഡവർ അദ്ദേഹത്തിന്റെ അറിവും അനുഭവങ്ങളും ആരാഞ്ഞു. അങ്ങനെ അവസാനം അദ്ദേഹം പാഞ്ചാല രാജാവായ യജ്ഞസേനന്റെ പുത്രി പാഞ്ചാലിയുടേയും ദൃഷ്ഠദ്യമ്നന്റേയും ശിഖണ്ഡിയുടേയും ജനന രഹസ്യം പറഞ്ഞു. കൂടാതെ പാഞ്ചാലിയുടെ സ്വയംവരമാണെന്നും പറഞ്ഞു.

ഇവിടെയാണ് ജനമേജയന്റെ ചോദ്യത്തിനുത്തരമായി വൈശമ്പായൻ പാഞ്ചാലിയുടെ ജന്മരഹസ്യം വിശദമായി വെളിപ്പെടുത്തുന്നത്. ദ്രോണരുടെ ജന്മവിവരം നേരത്തെ പ്രതിപാദിച്ചിട്ടുള്ളതുകൊണ്ടും യജ്ഞസേനൻ ധൃഷ്ഠദ്യുമ്നനും പാഞ്ചാലിയും ശിഖണ്ഡിയും ജനിക്കാൻ നടത്തിയ യാഗത്തിന്റെ കാരണവും വിവരിച്ചിട്ടുള്ളതുകൊണ്ടും വീണ്ടും ആവർത്തിക്കുന്നില്ല. എന്നാൽ യാഗത്തിനുള്ള തയ്യാറെടുപ്പും മറ്റും അവിടെ വിശദീകരിക്കുന്നു. ദ്രോണരോടു ക്ഷമിച്ചുവെന്ന ഭാവത്തിൽ യജ്ഞസേനൻ പെരുമാറിയെങ്കിലും അയാൾ ഈ ദുഃഖവും പേറി പല മുനിവര്യരേയും കണ്ടു. തനിക്കു സമർത്ഥനായ ഒരു പുത്രനില്ലല്ലോയെന്നു സങ്കടം പറഞ്ഞു. ദ്രോണരോടുള്ള പ്രതികാരം ദിനംപ്രതി ആളിക്കത്തി. അങ്ങനെ രാജാവ് ഒരു ദിവസം ഗംഗാതീരത്ത് അസാമാന്യമായ ഏകാഗ്രതയോടുകൂടി തപസ്സുചെയ്യുന്ന പണ്ഡിതരായ കശ്യപൻ പരമ്പരയിൽപ്പെട്ട ജയ, ഉപജയരെന്ന ബ്രാഹ്മണരെ കണ്ടു. അവരെ സേവിച്ചു. ഉപജയനെ പ്രത്യേകം സേവിച്ച് വിവരങ്ങൾ പറഞ്ഞു. തന്റെ മൂത്ത സഹോദരൻ വനത്തിൽകൂടി സഞ്ചരിക്കവേ താഴെ കിടന്ന വൃത്തിയില്ലാത്ത ഒരു പഴം കഴിച്ചു. അങ്ങനെ അശുദ്ധമായവ ഭക്ഷിക്കുന്ന ഒരാൾക്ക് ഒന്നിലും അശുദ്ധവും തെറ്റും കാണില്ല. അതുകൊണ്ട് ഇത്തരത്തിലുള്ള ഒരാളാണ് നിങ്ങൾക്കാവശ്യം. അതുകൊണ്ട് അദ്ദേഹത്തെ സമീപിക്കൂ. രാജാവ് അദ്ദേഹത്തെ സേവിച്ചു. അവസാനം തന്റെ ഇംഗിതം അറിയിച്ചു. ദ്രോണന്റെ പതനം സംഭവിക്കണം. എന്നാൽ മാത്രമേ തന്റെ ഹൃദയം തണുക്കുകയുള്ളൂ. അതുകൊണ്ട് എനിക്കു യാഗം നടത്തിതരണം. അങ്ങനെ യാഗത്തിലുണ്ടായ മൂന്നു പേരാണ് ദൃഷ്ഠദ്യമ്നനും പാഞ്ചാലിയും ശിഖണ്ഡിയും. പാഞ്ചാലി സുന്ദരിയായിരുന്നു. രാജാവ് ഇവരെ വീട്ടിൽ കൊണ്ടുവന്ന് യുദ്ധമുറകളും മറ്റും അഭ്യസിപ്പിച്ചു.

ബ്രാഹ്മണന്റെ ഈ വാക്കുകൾ കേട്ടപ്പോൾ പാണ്ഡവർക്കുണ്ടായ ഭ്രമം കണ്ട് കുന്തി ബുദ്ധിപൂർവ്വം പറഞ്ഞു, ബ്രാഹ്മണരുടെ ഗൃഹത്തിലെ താമസം മതിയാക്കുക. ഭിക്ഷയാണെങ്കിൽ കുറഞ്ഞു തുടങ്ങി. അതുകൊണ്ട് നമുക്ക് പാഞ്ചാലത്തേക്കു പോകാം. പാഞ്ചാലരാജാവ് ബ്രാഹ്മണ ഭക്തിയുള്ളളായതു കൊണ്ട് ഭിക്ഷക്കു പ്രശ്നമില്ല. മക്കളുടെ അനുവാദം വാങ്ങി കുന്തി സകുടുംബം പാഞ്ചാലത്തേക്കു പോയി. ഈ സമയത്ത് വേദവ്യാസനവിടെ വന്നു. പാണ്ഡവർ വേദാദി കൃതികളും ധർമ്മാനുഷ്ഠാനങ്ങളും ഒക്കെ ശരിയായി പാലിക്കുന്നുണ്ടോയെന്നും ബ്രാഹ്മണരെ ബഹുമാനിക്കുന്നുണ്ടോയെന്നും മറ്റുമുള്ള ചോദ്യങ്ങൾ ചോദിച്ചു. അതിനുശേഷം അവരോട് ഒരു മുനികുമാരിയുടെ കഥ പറഞ്ഞു. സുന്ദരിയായ ഈ സ്ത്രീയുടെ മുജ്ജന്മദോഷത്താൽ

വിവാഹിതയാകാൻ കഴിയില്ലായെന്നും ഭർത്താവിനു വേണ്ടി കഠിന തപസ്സ് അനുഷ്ഠിക്കാൻ തയ്യാറാവുകയും ചെയ്തു. അങ്ങനെ സാക്ഷാൽ പരമശിവനെ പ്രീതിപ്പെടുത്തി. മഹാദേവർ സന്തുഷ്ടനായി പ്രത്യക്ഷപ്പെട്ടു, ആവശ്യമുള്ള വരം ചോദിക്കുവാൻ പറഞ്ഞു. സന്തോഷത്താൽ ആ മുനികന്യക വീണ്ടും വീണ്ടും തനിക്ക് നല്ല ഒരു ഭർത്താവിനെ തരണമെന്നാവശ്യപ്പെട്ടു. ഇതിനു മറുപടിയായി മഹാദേവൻ ഈ കന്യകക്ക് അടുത്ത ജന്മം ഭരതവംശജരായ 5 ഭർത്താക്കന്മാരെ ലഭിക്കുമെന്നനുഗ്രഹിച്ചു. താൻ അങ്ങയുടെ അനുഗ്രഹം കൊണ്ട് ഒരു ഭർത്താവിനേയാണ് ചോദിച്ചതെന്നു കന്യക പറഞ്ഞു. നീ 5 പ്രാവശ്യം ചോദിച്ചതുകൊണ്ട് അടുത്ത ജന്മം അഞ്ചു ഭർത്താക്കന്മാരുണ്ടാകുമെന്നു പരമശിവൻ പറഞ്ഞു. ഈ മുനികന്യകയെയാണ് ദ്രുപദന്റെ യാഗത്തിൽ നിന്നും ലഭിച്ചത്. അതുകൊണ്ട് മഹാരഥന്മാരെ നിങ്ങൾ പാഞ്ചാലത്തിൽ പോകുക. കൃഷ്ണ (പാഞ്ചാലി) നിങ്ങളുടെ ഭാര്യയായി വരുമെന്നനുഗ്രഹിച്ചു വ്യാസൻ മടങ്ങി.

ഇവിടെ വൈശമ്പായൻ പറയുന്നു,

ഗതേ ഭഗവതി വ്യാസേ പാണ്ഡവാ ഹൃഷ്ടമാനസാഃ

തേ പ്രതസ്ഥുഃ പുരസ്കൃത്യ മാതരം പുരുഷർഷഭാഃ

വ്യാസൻ പോയതിനു ശേഷം കുന്തിയുടെ നേതൃത്വത്തിൽ പാണ്ഡവർ പാഞ്ചലത്തിലേക്കു തിരിച്ചു. രാത്രിയും പകലും നടന്ന് അവർ സോമശ്രവായണത്തിലെത്തി. നദി കടക്കാൻ മുൻപേ അർജ്ജുനൻ, പിറകേ ബാക്കിയുള്ളവരും ജലത്തിലേക്കിറങ്ങി.

നദിയിൽ കുറേ ചെന്നപ്പോൾ അംഗാരവർണ്ണൻ എന്ന ഗന്ധർവ്വൻ പ്രേയസികളുമൊരുമിച്ച് ജലക്രീഢ നടത്തുന്നതു കണ്ടു. ആ സമയം മനുഷ്യരെ അവിടെ കണ്ട ഗന്ധർവ്വൻ അലറിക്കൊണ്ട് താൻ കുബേരന്റെ സുഹൃത്താണെന്നും മറ്റും പറഞ്ഞു അമ്പെയ്തു. അർജ്ജുനൻ അമ്പിനെ തടുത്തു. എന്നിട്ട് ദ്രോണരിൽ നിന്ന് അർജ്ജുനൻ ലഭിച്ച ആഗ്നേയാസ്ത്രം അർജ്ജുനൻ പ്രയോഗിച്ചു. ഗന്ധർവ്വന്റെ രഥം കത്തി നശിച്ചു. അയാൾ മോഹാലസ്യപ്പെട്ടു. അർജ്ജുനൻ അവന്റെ കഴുത്തറക്കാൻ ഭാവിച്ചപ്പോൾ കുംഭനസി എന്ന ഗന്ധർവ്വ ഭാര്യ അർജ്ജുനനോട് രക്ഷിക്കണമെന്നപേക്ഷിച്ചു. ഇതു കേട്ട യുധിഷ്ഠിരൻ സ്ത്രീയുടെ മാപ്പപേക്ഷ മാനിച്ച് അവനെ വിടാൻ പറഞ്ഞു. ഗന്ധർവ്വനെ വിട്ടിട്ട് തങ്ങളാരാണെന്നു പറഞ്ഞു. സന്തുഷ്ടനായ ഗന്ധർവ്വൻ മൂന്നുലോകത്തിലുള്ള സംഭവങ്ങളെ അടുത്തു കാണാൻ കഴിയുന്ന ചാക്ഷുസി വിദ്യ പറഞ്ഞുകൊടുത്തു. ഈ വിദ്യ മനു സോമനും സോമൻ വിശ്വവസിനും വിശ്വവസ്സ് അംഗാരവർണ്ണനും ഇപ്പോൾ അയാൾ അർജ്ജുനനും ഉപദേശിച്ചു കൊടുത്തു. ഇതിനു പകരമായി അർജ്ജുനൻ ആഗ്നേയാസ്ത്രവും ഉപദേശിച്ചു. കൂടാതെ സഹോദരന്മാർക്കായി അയാൾ 100 കുതിരകൾ വീതവും നൽകി. ഇതിന്റെ പ്രത്യേകത അവയുടെ വേഗതയാണെന്നും കാഴ്ചയിൽ മെലിഞ്ഞതാണെങ്കിലും അവർ ഒരിക്കലും ക്ഷീണിക്കയില്ലാ എന്നും അയാൾ പറഞ്ഞു.

സംസാരത്തിനിടയിൽ പാണ്ഡവർക്ക് ഒരു കുലഗുരു വേണമെന്ന് ഗന്ധർവ്വൻ പറഞ്ഞു.

ലാഭം ലബ്ധുമലബ്ധം വാ ലബ്ധം വാ പരിരക്ഷിതും

പുരോഹിതം പ്രകുർവിത രാജാ ഗുണസമന്വിതം

രാജാവ് എപ്പോഴും ശ്രേഷ്ടനായ ഗുരുവിനെ തെരഞ്ഞെടുക്കണം. അദ്ദേഹം രാജാവ് നേടിയതിനേക്കുറിച്ചും നേടാത്തതിനേക്കുറിച്ചും പറഞ്ഞുതരും. ഇവിടെ വസിഷ്ടചരിതം പറയുന്നുണ്ട്. കന്യാകുബ്ജത്തിൽ രാജാവായ ഗാഥിയുടെ പുത്രൻ വിശ്വാമിത്രൻ പരിവാരസമേതം വസിഷ്ഠാശ്രമത്തിൽ ചെന്നു. വസിഷ്ഠൻ രാജാവിനെ സൽകരിച്ചു. ഇതെല്ലാം സാധ്യമാക്കിയത് ആശ്രമത്തിലെ പശുവായ കാമധേനുവാണെന്നു മനസിലാക്കിയ രാജാവ് കാമധേനുവിനെ ആവശ്യപ്പെട്ടു. രാജാവിന് പശുവിനെ കൊടുത്തില്ലെന്നായപ്പോൾ വിശ്വാമിത്രൻ അതിനെ പിടിച്ചുകെട്ടാൻ തുടങ്ങി. കാമധേനുവിൽനിന്നുണ്ടായ ഭടന്മാരും രാജഭടന്മാരും തമ്മിൽ ഘോരയുദ്ധം നടന്നു. ഇതിൽ വിശ്വാമിത്രൻ പരാജയപ്പെട്ടു. രാജബലത്തേക്കാൾ മഹർഷി ബലമാണ് ശ്രേഷ്ഠമെന്നു മനസിലാക്കിയ വിശ്വാമിത്രൻ തപസ്സിനായി പോയി. ഈ മത്സരത്തിനിടയിൽ വിശ്വാമിത്രൻ സത്യവാദിയായ ഹരിശ്ചന്ദ്രനേക്കൊണ്ടു വരെ കള്ളം പറയിപ്പിച്ചു. കൂടാതെ ഗന്ധർവ്വൻ ഭരതചക്രവർത്തിയുടെ മാതാവ് വിശ്വാമിത്രന്റെ മകളാണെന്നു പറഞ്ഞു. അതുപോലെ വസിഷ്ഠന്റെ ശാപത്തിനിരയായ അഷ്ടവസുക്കളിൽ ഇളയതായ ദ്യോവ് മഹർഷി ശാപത്താൽ മനുഷ്യനായി പിറന്നതാണ് ഭീഷ്മർ എന്നും പറഞ്ഞു.

പിന്നീട് കല്മാഷപാദചരിതം പറഞ്ഞു. പരാശരനേക്കുറിച്ചും പറഞ്ഞു. പരാശരന്റെ പ്രചണ്ഡരൂക്ഷമായ യാഗം , അതുമൂലമുണ്ടായ നാശം, നിമിയുടെ യാഗത്തിന് വസിഷ്ഠനെത്താൻ കഴിയാതെ





വന്നപ്പോൾ നിമി യാഗം തുടങ്ങിയതും തിരികെ വന്ന വസിഷ്ഠൻ നിമിയേയും നിമി വസിഷ്ഠനേയും ശപിക്കുകയും ചെയ്തു. രണ്ടുപേരും മരിച്ചു. പക്ഷെ വസിഷ്ഠൻ ഉർവ്വശിയിലൂടെ വീണ്ടും ജനിച്ചു. സൂക്ഷിച്ചുവെച്ചിരുന്ന നിമിയുടെ ശരീരത്തിൽ നിന്നും ജനകൻ ഉണ്ടായി. ജനകൻ മിഥിലയിൽ രാജാവായി. അദ്ദേഹത്തിന്റെ വംശപരമ്പരയിലെ സീരസ്വജൻ ജനകനെന്ന നാമം സ്വീകരിച്ചു. അദ്ദേഹത്തിന്റെ പുത്രിയാണ് ശ്രീരാമചന്ദ്രന്റെ പത്നിയായ സീതാദേവി എന്നെല്ലാം വിശദമായി പറഞ്ഞു..

ഈ കഥയെല്ലാം കേട്ട അർജ്ജുനൻ തങ്ങൾക്കനുയോജ്യനായ ഗുരു ആരാണെന്നു ചോദിച്ചു. ഉൽക്കചകം എന്ന ആരണ്യതീർത്ഥ തീരത്ത് ദേവമുനിയുടെ അനുജനായ ധൗമ്യനെന്ന തപോബലവും കർമ്മവൈഭവവുമുള്ള മുനിയുണ്ട്. അദ്ദേഹത്തെ ഗുരുവാക്കുകയെന്നു ഗന്ധർവ്വൻ പറഞ്ഞു മറഞ്ഞു. പാണ്ഡവർ ധൗമ്മ്യമുനിയെ സമീപിച്ച് ആവശ്യം ഉന്നയിച്ചു. അന്തർമുഖനയനങ്ങൾകൊണ്ടു എല്ലാ വിവരവും മനസ്സിലാക്കിയ മുനി പുരോഹിതനായിരിക്കുവാൻ സമ്മതിച്ചു. പാഞ്ചാലീ സ്വയംവരത്തിനായി പുറപ്പെടാൻ തീരുമാനിച്ച പാണ്ഡവർ പാഞ്ചാലത്തേക്കു പുറപ്പെട്ടു. അവിടെച്ചെന്ന് ഒരു കുശവ ഗൃഹത്തിൽ താമസമാക്കി. പിറ്റെ ദിവസം അമ്മയെ അവിടെ നിർത്തി പാണ്ഡവർ പാഞ്ചാല കൊട്ടാരത്തിലെത്തി. ഇനി സ്വയംവര ഹാളിന്റേയും അവിടെയെത്തിയിരിക്കുന്നവരുടേയും വിവരങ്ങളാണ്.

# വിശേഷ ദിവസങ്ങൾ

## 2019 ഒക്ടോബർ 20 മുതൽ നവംബർ 14 വരെ

| | | |
|---|---|---|
| ഒക്ടോബർ | 20 | സത്യസായി ജന്മദിനം |
| | 23 | മണ്ണാറശാല ആയില്യം |
| | 26 | തൃപ്പൂണിത്തുറ അമ്പലം കത്തിയ ഉത്സവം |
| | 27 | ദീപാവലി, ശബരിമല ചിത്തിര ആട്ടത്തിരുനാൾ |
| | 28 | തുലാവാവ് |
| | 31 | എൻ. എസ്. എസ്. സ്ഥാപകദിനം |
| നവംബർ | 1 | കേരളപ്പിറവി |
| | 2 | സ്കന്ദഷഷ്ഠി |
| | 8 | ഗുരുവായൂർ ഏകാദശി വിളക്ക് |
| | 9 | വൈക്കം മഹാദേവക്ഷേത്രം കൊടിയേറ്റ് |
| | 14 | ശിശുദിനം, കല്പാത്തി രഥോത്സവം |

## എറണാകുളം കരയോഗം - **ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2019 സെപ്റ്റംബർ മാസത്തിൽ സംഭാവന നൽകിയവർ**

| | | |
|---|---|---|
| 1. | ശ്രീ. ടി.എൻ. ടി. നായർ, 15/ കൈരളി അപ്പാർട്ട്മെന്റ്, പനമ്പിള്ളി നഗർ, കൊച്ചി -36 | 25,000/- |
| 2. | ശ്രീ. ചാക്യാട്ട് രമേഷ് മേനോൻ, രാംലഖ്, കൊളത്തേരി റോഡ്, ശാസ്ത്രി നഗർ എസ്. എൻ. ആർ. എ, 10 എ, പേട്ട, തൃപ്പൂണിത്തുറ | 10,000/- |
| 3. | ശ്രീ. പി. നാരായണൻകുട്ടി, ജി.ജി. ആർ.എ 60, കൃഷ്ണവിലാസ്, കീർത്തി നഗർ താന്നിക്കൽ റോഡ്, എളമക്കര | 10,000/- |
| 4. | ശ്രീ. സുരേഷ്. എം. തൈശ്ശേരിൽ ഹൗസ്, ഉല്ലാസ് നഗർ, ലൈൻ -4, തെക്കുംഭാഗം തൃപ്പൂണിത്തുറ | 5,000/- |
| 5. | ശ്രീ. കണ്ണൻ, ഡി.ടി.പി.സി. സ്റ്റാൾ, ഡി എച്ച് റോഡ്, കൊച്ചി 682016 | 5,000/- |

# ഹരിസുധാലഹരി

നന്ദകുമാർ മേനോൻ ഫോൺ : 9895981809

**ശ്ലോകം –42**

സാഹസ്രാരസരോരുഹേ രമയുമായ് മേളിച്ചുമേവും ഭവാൻ
നീഹാരാംശു തവാജ്ഞയാ ചൊരിവതാം പീയൂഷപൂരത്തിനാൽ
സോഹംഭാവേന ചേർന്ന സാധകനഖണ്ഡാനന്ദമേകുന്നു വ-
ന്മോഹദ്ധ്വാന്ത വിമുക്തനായവനണഞ്ഞീടുന്നു ശശ്വൽപ്പദം

## ശ്ലോകാർത്ഥം :

അവൻ തന്നെ ഞാൻ (തത്വമസി) എന്ന് ഉറച്ച് ധ്യാനിക്കുന്ന ഉപാസകന്, ശിരസ്സിലെ ആയിരം ഇതളുകളുള്ള താമരപ്പൂവിൽ ലക്ഷ്മിയുമൊത്ത് സംഭോഗത്തിലേർപ്പെട്ടിരിക്കുന്ന അവിടുത്തെ ആജ്ഞക്കനുസരിച്ച്, തണുത്ത കിരണങ്ങളുള്ളവൻ (ചന്ദ്രൻ) ചൊരിയുന്ന അമൃതാഭിഷേകം കൊണ്ട് മുറിഞ്ഞു പോകാത്ത ആനന്ദം നൽകുന്നു. അജ്ഞാനത്താലുള്ള ബുദ്ധിഭ്രമത്തിൽ നിന്ന് (മോഹാലസ്യത്തിൽ നിന്ന് ) സ്വതന്ത്രനായി ആ ഉപാസകൻ കൃഷ്ണന്റെ കാലടികളിൽ ചെന്നു ചേരുന്നു.

## വ്യാഖ്യാ :

ഗംഭീരാർത്ഥഗർഭമായൊരു ശ്ലോകം. ഗുരുമുഖത്തുനിന്നറിയപ്പെടേണ്ടുന്ന താന്ത്രിക രഹസ്യമായ, പരാപ്രാസാദമന്ത്രമഹിമയും, സഹസ്രാരത്തിൽ ചെയ്യപ്പെടുന്ന രക്തശുക്ളചരണധ്യാനവും വിവരിക്കുന്നു. സോഹം എന്നത് സംഹാരാത്മകമാണ്. ഹംസ : സൃഷ്ട്യാത്മകവും. 'പരാപ്രാസാദമന്ത്രേണ സ്വൈരമേച്ചരാചരം' എന്ന് കുളാർണ്ണവതന്ത്രം (3.42). ഒരു ദിവസത്തിൽ ചെയ്യപ്പെടുന്ന 21,600 നിശ്വാസോച്ഛ്വാസാത്മകമായ ഈ പരാപ്രാസാദമന്ത്രം, എല്ലാ ചരാചരങ്ങളിലും വ്യാപിച്ചിരിക്കുന്നു. ഊർദ്ധ്വാമ്നായത്തിൽ പൂർണ്ണദീക്ഷിതനായ ഒരുവൻ മാത്രം ഇത് മന്ത്രഭാവനയോടുകൂടി ജപിക്കുന്നു. അജ്ഞാനികൾ ഇതു തന്നെ മന്ത്രഭാവന കൂടാതെ അഹോരാത്രം ജപിക്കുന്നു. സോഹം എന്ന പദം, സംസ്കൃത സന്ധിനിയമമനുസരിച്ച് , സ + അഹം = സോഹം എന്നും വ്യാഖ്യാനിക്കാം. അവൻ ഞാൻ എന്നത് മഹാവാക്യങ്ങളുടെ ഒരു സമ്പാതമത്രെ. ഞാൻ തന്നെ ബ്രഹ്മം എന്നർത്ഥം.

ശിവരൂപിയായ, പുരുഷരൂപിയായ ഗുരുവിന്റെ വെളുത്ത ചരണവും, ശക്തിരൂപിണിയായ, പ്രകൃതിരൂപിണിയായ, ഗുരുപത്നിയുടെ ചുവന്ന ചരണവും തമ്മിൽ, ബ്രഹ്മരന്ധ്രത്തിൽ ഉപാസകൻ സാമരസ്യം ധ്യാനിക്കുന്നു. ആ സാമരസ്യത്തിൽ നിന്നും പ്രപഞ്ചോല്പത്തി, അത് അമൃതസ്രാവത്തിലൂടെ, ആ രക്തശുക്ലചരണയോഗത്തിലൂടെ പ്രവഹിക്കുന്ന അമൃതസ്രാവം. ബോധാത്മകവും പ്രജ്ഞാനാത്മകവുമത്രേ. അതു തന്നെ ഹംസ : അതു തിരിച്ച് സോഹം ആവുമ്പോൾ സംഹാരാ ത്മകവും., കൈവല്യപദപ്രാപ്തിയും.

ബ്രഹ്മരന്ധ്രത്തിൽ, രമയുമായി സൃഷ്ട്യാത്മക രതിലീലകളാടുന്ന മഹാവിഷ്ണുവിനെ സോഹം അവൻ, ഞാൻ, എന്ന ഭാവനയോടും, പ്രാപഞ്ചിക ചരാചരങ്ങളെയെല്ലാം, കാലക്രമേണ വിലയത്തിലേക്ക് നയിക്കുന്ന സോഹം എന്ന മന്ത്രഭാവനയോടും ഇരിക്കുന്ന ഭക്തനിൽ, അവിടുന്ന് സ്വന്തം ആജ്ഞ കൊടുത്ത്, ആയിരം ചന്ദ്രന്മാരിൽ നിന്നും പ്രവഹിക്കുന്ന, മഞ്ഞുതുള്ളികൾക്കു സമാനം തണുപ്പുള്ള, ബ്രഹ്മാനന്ദമാകുന്ന അമൃതിനെ വർഷിപ്പിക്കുന്നു. അതോടുകൂടി ആ ഭക്തൻ കാലാതീതമായ, കേവലമായ, ശശ്വൽപദം, അഖണ്ഡമായ, മുറിയാത്ത, ഇടതടവില്ലാത്ത, ആനന്ദസാഗരമാകുന്ന, ശ്രീ കൃഷ്ണപരമാത്മാവിന്റെ പാദകമലങ്ങളിൽ ചെന്നു ചേരുന്നു.


**എറണാകുളം കരയോഗാംഗത്വം എടുക്കൂ**

**ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കാളിയാവൂ...**

**94 വർഷത്തെ സേവനപാരമ്പര്യമുള്ള എറണാകുളം കരയോഗത്തിൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ സ്ഥിരതാമസമുള്ള എല്ലാ നായർ സമുദായാംഗങ്ങൾക്കും കരയോഗം നിയമാവലിയ്ക്ക് വിധേയമായി അംഗത്വം ലഭിക്കുന്നതാണ്.**

**ഈ അവസരം പ്രയോജനപ്പെടുത്തുക.**

***കൂടുതൽ വിവരങ്ങൾക്ക്: 0484 2361160***

Email: ekmkgm@gmail.com






# പാതഞ്ജലയോഗദർശനം

കൈതപ്രം വാസുദേവൻ നമ്പൂതിരി ഫോൺ : 9447077203

**സമാധി പാദത്തിലെ 35 ാമത്തെ സൂത്രം :-**

വിഷയവതീ വാ പ്രവൃത്തിരുത്പന്നാ മനസ: സ്ഥിതി നിബന്ധിനീ

അഥവാ വിഷയവതികളായ പ്രവൃത്തികൾ ഉണ്ടാവുകയും അവ മനസ്സിന്റെ ഏകാഗ്ര സ്ഥിതി നിലനിർത്തുകയും ചെയ്യുന്നു.

വിഷയങ്ങൾ എന്നാൽ പഞ്ചഭൂതങ്ങളാണ്. ഇന്ദ്രിയങ്ങളെക്കൊണ്ട് അനുഭവിക്കുന്നതെല്ലാം വിഷയങ്ങളാണ്. എന്നാൽ ഇവിടെ സ്ഥൂല വിഷയമല്ല മറിച്ച് സൂക്ഷ്മ വിഷയമാണ് പ്രതിപാദ്യം. ശബ്ദ- സ്പർശ- രൂപ- രസ ഗന്ധങ്ങൾ.

പ്രാണായാമം കൊണ്ട് ചിത്തത്തെ സ്ഥിരമാക്കാം, ഏകാഗ്രമാക്കാമെന്ന് കഴിഞ്ഞ സൂത്രത്തിൽ പറഞ്ഞു. അതു തന്നെ ഏറ്റവും പ്രധാന മാർഗ്ഗം. എന്നാൽ വേറെയും ചില മാർഗങ്ങൾ വിവിധതരം സാധകർക്കായി ഇവിടെ പറയുന്നു.

മൂക്കിന്റെ സാധാരണ വ്യാപാരം അഥവാ വൃത്തി, ഗന്ധമറിയലാണ്. എന്നാൽ മൂക്കിന്റെ അറ്റത്ത് മനസ്സിനെ ധാരണ ചെയ്താൽ ദിവ്യമായ, അതീന്ദ്രിയമായ ഗന്ധത്തിന്റെ പ്രവൃത്തി, പ്രകർഷേണയുള്ള, പ്രത്യക്ഷമായ വൃത്തി, ജ്ഞാനം, അനുഭവത്തിൽ വരുത്താം. വ്യാസൻ പറയുന്നത്, നാക്കിന്റെ അറ്റത്ത് ധാരണ ചെയ്താൽ രസജ്ഞാനവും, നാക്കിന്റെ മധ്യത്തിൽ ധാരണ ചെയ്താൽ സ്പർശ ജ്ഞാനവും, ജിഹ്വാമൂലത്തിൽ ചെയ്താൽ ശബ്ദ ജ്ഞാനവും, താലുവിൽ ചെയ്താൽ രൂപജ്ഞാനവും ഉണ്ടാവുന്നു എന്നാണ്.

ഇത്തരം പ്രത്യക്ഷ അനുഭൂതികൾ വിക്ഷിപ്തമായ മനസ്സിൽ ഏകാഗ്രത കൊണ്ടു വരുന്നു. മനസ്സിലെ സംശയം പോയി വിശ്വാസം വരികയും ചെയ്യുന്നു. ഇതുകൊണ്ട് മുമ്പു പറഞ്ഞ ശ്രദ്ധാ, വീര്യം സ്മൃതി, സമാധി മുതലായവയും, വശീകാര വൈരാഗ്യവും വന്നു ചേരും.

ഇവിടെ വിതർക്കാദികളായ സംപ്രജ്ഞാത സമാധികളെ ഓർക്കണം. വിവിധ സ്ഥാനങ്ങളിൽ ശബ്ദ സ്പർശാദി വിഷയങ്ങൾ ധ്യാനിച്ച് സാക്ഷാത്കരിച്ചാൽ അത് വിതർക്കാനുഗത സംപ്രജ്ഞാത സമാധിയാണ്. അതു തന്നെ കൂടുതൽ സൂക്ഷ്മമായാൽ വിചാരാനുഗത സമ്പ്രജ്ഞാതമാകും. അതിൽ പിന്നെയും മുഴുകുമ്പോൾ ഞാൻ അനുഭവിക്കുന്നു എന്ന ഒരു ആനന്ദം മാത്രം ബാക്കിയാവുന്നു. ഇതാണ് ആനന്ദാനഗത സംപ്രജ്ഞാത സമാധി. പിന്നെയും സൂക്ഷ്മമാകുമ്പോൾ ഞാനുണ്ട് (അസ്മി) എന്നു മാത്രമുള്ള അവസ്ഥയെത്തിയാൽ അസ്മിതാനുഗത സമ്പ്രജ്ഞാത സമാധിയാകും.

ശാസ്ത്രങ്ങൾ, പ്രത്യക്ഷമൊഴിച്ചുള്ള പ്രമാണങ്ങൾ, ഗുരുപദേശം ഇവയൊക്കെ വസ്തുതാ ബോധമുണ്ടാക്കും. എന്നാൽ പ്രത്യക്ഷമായ ജ്ഞാനം മാത്രമെ സംശയം തീർക്കൂ. കൂടുതൽ സൂക്ഷ്മമായ മോക്ഷം, ഈശ്വരൻ മുതലായവ ഉൾക്കൊള്ളാൻ മനസ്സിനെ പാകമാക്കൂ. ഒരനുഭവവും കിട്ടാതെയുള്ള അനന്തമായ സാധന സാധകനെ മടുപ്പിക്കും. എനിക്ക് ഇതിനു യോഗ്യതയില്ലെന്നു വരുമോ എന്ന ശങ്ക വരും. ഇവയുടെ നിവാരണവും പൂർവാധികമായ ഉത്സാഹവുമാണ് വിഷയവതീ പ്രവൃത്തികൊണ്ട് നേടുന്നത്. മനസ്സ് ഇന്ദ്രിയ വിഷയങ്ങളെ നിരാകരിച്ച് വിവേകജ്ഞാനം വരെയുള്ള അവസ്ഥകളിൽ ഉറച്ചു നിൽക്കാൻ ഇത് കാരണമായിത്തീരും.

ചിത്തപ്രസാദത്തെപ്പറ്റി മുമ്പു പറഞ്ഞിട്ടുണ്ട്. മനസ്സ് ഉറച്ചു നിന്നാലെ ഇതു സാധ്യമാവൂ. അങ്ങിനെ മനസ്സുറപ്പിനുള്ള ഉപായങ്ങളാണ് ഈ സൂത്രത്തിലും വരാൻ പോകുന്ന മൂന്നു സൂത്രങ്ങളിലും പറയുന്നത്.

സാധകർ സാധനാ പഥത്തിൽ പുരോഗമിക്കുമ്പോൾ പല തരം നിറങ്ങളും കാഴ്ചകളും മനക്കണ്ണിൽ കാണും. പല ശബ്ദങ്ങളും കേൾക്കും. സുഗന്ധമാണ് അടുത്ത ഘട്ടം. സാധകർ ഭാവന ചെയ്യുന്ന പുഷ്പത്തിന്റെ ഗന്ധം അവന് അനുഭൂതമാകും. സ്പർശവും രസവും അനുഭവിക്കാൻ കൂടുതൽ സമയവും ഭാവനാശക്തിയും വേണ്ടി വരും. ഇവിടെ ഒരു മുന്നറിയിപ്പ് എല്ലാവരും തരുന്നുണ്ട്. ഇത്തരം അനുഭൂതികളിൽ ലയിച്ചിരിക്കാനുള്ള ശീലം ക്രമത്തിൽ രൂപപ്പെട്ടേക്കാം. ഇത് ഒരുതരം ലഹരിയായി മനസ്സിനെ പിടികൂടിയേക്കാം. മനസ്സ് വേണ്ടത്ര സ്ഥിതി നിബന്ധനം നേടിയാൽ ഇവയെ വിട്ടു പോകാനുള്ള, വിഷയവതീ പ്രവൃത്തി നിർത്താനുള്ള തന്റേടം സാധകൻ കാട്ടിയില്ലെങ്കിൽ അവൻ പാതി വഴിയിലാകും, യോഗഭ്രഷ്ടനാകും.

**നായർ സ്ത്രീസമാജം 2019 ഒക്ടോബർമാസ പരിപാടികൾ**

| തീയതി | പരിപാടി | സമയം |
| --- | --- | --- |
| 15.10.2019 | Get Together | 4.00 p.m. |

# വിയോജിപ്പുകളും ആകാം

യു. എസ്. രവീന്ദ്രൻ . ഫോൺ : 9496120978

ഇന്നത്തെ ചിലവ് ഹരിയുടെ വക. പോകുന്ന വഴിക്ക് നമ്മൾ ഹോട്ടൽ കാസിനോയിൽ കയറുന്നു. ബിരിയാണി കഴിക്കുന്നു. സിനിമാക്സിൽ കയറി സിനിമ കാണുന്നു. സിനിമക്ക് ശേഷം ചായ കുടിച്ച് പിരിയുന്നു. എന്താ സമ്മതമല്ലേ ഹരി? കഴിഞ്ഞ ആഴ്ചയായിരുന്നില്ലേ ബർത്ത് ഡേ? ചിലവൊന്നും കിട്ടിയില്ലല്ലോ? ഫസ്റ്റ് ഷിഫ്ട് കഴിഞ്ഞ്  ഉച്ചയ്ക്കൊരു മണിക്ക് വീട്ടിലേക്ക് മടങ്ങുകയായിരുന്ന ഹരിയോട് ബാലു ചോദിച്ചു. ഷിഫ്ട് കഴിഞ്ഞ് നാലുപേരേയും കമ്പനി കാറിൽ ഡ്രോപ്പ് ചെയ്യാറാണ് പതിവ്. ഹരിയും ബാലുവും കൂടാതെ അനിലും സത്യനുമുണ്ട്. ഒരേ പട്ടണത്തിലെ ഒരേ ലെയ്നിൽ താമസിക്കുന്നതുകൊണ്ട് അവർക്ക് നാലുപേർക്കും കൂടി ജോലിക്ക് പോകാനും വരാനും കമ്പനി ഒരു കാർ ഏർപ്പാടാക്കി കൊടുത്തിട്ടുണ്ട്. ഒരേ കമ്പനിയിൽ ജോലി ചെയ്യുന്നതുകൊണ്ടും, ഒരേ വാഹനത്തിൽ സ്ഥിരം സഞ്ചരിക്കുന്നതുകൊണ്ടും അവർ നല്ല സുഹൃത്തുക്കളാണ്.

'അയ്യോ ഇന്നെനിക്ക് അസൗകര്യമുണ്ട്. നാട്ടിൽ നിന്നും അച്ഛൻ വന്നിട്ടുണ്ട്. ഇന്നു വൈകുന്നേരം അച്ഛനെ Eye Specialist നെ കാണിക്കാമെന്നേറ്റിട്ടുണ്ട്. വേറെ ഒരു ദിവസമാകാം ബർത്ത്ഡേ ചിലവ്.' അവർ നല്ല സുഹൃത്തുക്കളായതുകൊണ്ട് ഹരിയുടെ മുൻഗണനാ ക്രമം മനസ്സിലാക്കി. 'ശരി അങ്ങനെ ആയിക്കോട്ടെ'. ബാലുവും കൂട്ടരും സമ്മതിച്ചു. വേറെ ആരെങ്കിലുമാണെങ്കിൽ അല്ലെങ്കിലും ഹരി ആളൊരു പിശുക്കനാണ്. 'മറ്റുള്ളവരുടെ ആഘോഷങ്ങളിൽ പങ്കെടുക്കാൻ അയാൾക്ക് മടിയുമില്ല. സ്വയം ഒരു ആഘോഷം മറ്റുള്ളവർക്ക് വേണ്ടി സംഘടിപ്പിക്കാൻ എന്തെങ്കിലും ഒഴിവു കഴിവുകൾ കണ്ടു പിടിക്കും'. എന്നൊക്കെ വിമർശനങ്ങൾ ഉണ്ടാകുമായിരുന്നു.

ശരി അങ്ങനെ തന്നെയാകട്ടെ, സമ്മതിച്ചിരിക്കുന്നു എന്ന് എല്ലാവരോടും പറയുവാനുള്ള ആവേശം എല്ലാവരിലുമുള്ളതാണ്. അയാൾ നല്ല മനുഷ്യനാണ് എന്ന അഭിപ്രായം സൃഷ്ടിച്ചെടുക്കാനുള്ള ആഗ്രഹം എല്ലാവരിലും ഉള്ളതാണ്. എന്നാൽ പലപ്പോഴും അത് കുറഞ്ഞ ആത്മാഭിമാനത്തിന്റെ (Low self Esteem) ഉല്പന്നമാണെന്ന് കൂടി പലരും അറിയുന്നില്ല. 'അയ്യോ അങ്ങനെ പറ്റില്ലല്ലോ' എന്നു പറയേണ്ട സന്ദർഭങ്ങളിൽ പോലും മന: സമ്മർദ്ദങ്ങൾക്കു വഴങ്ങി 'ശരി അങ്ങിനെതന്നെയാവട്ടെ'. എന്ന് പറഞ്ഞു പോകുന്നു. എന്നാൽ വേണ്ടിടത്ത് വിയോജിപ്പുകൾ പ്രകടിപ്പിക്കുവാൻ കഴിയുക എന്നത് സ്വന്തം വ്യക്തിത്വത്തിനും, നല്ല ബന്ധങ്ങൾ നിലനിർത്തിക്കൊണ്ടു പോകുവാനും നല്ലതാണ്. ഏതു സ്ഥാനമാനങ്ങൾ അലങ്കരിക്കുന്നവരാണെങ്കിലും ബഹുമാനങ്ങൾ നിലനിർത്തികൊണ്ടു പോകുവാനും സന്തുലിതമായ ഒരു വ്യക്തിത്വം നിലനിർത്തുവാനും  ചിലപ്പോൾ ചില വിയോജിപ്പുകൾ കൂടി വേണ്ടി വന്നേക്കാം.

'ഇല്ല പറ്റില്ല അസൗകര്യമുണ്ട്' എന്ന് പറയേണ്ടിടത്ത് 'ശരി അങ്ങിനെയാകട്ടെ' എന്നു പറഞ്ഞു കഴിഞ്ഞതിനുശേഷമാണ് തിരിച്ചറിയുക അബദ്ധമായിപ്പോയി എന്ന്. ഈ 'ശരി'കൾ പല സന്ദർഭങ്ങളിലും തുടർന്നു കൊണ്ടേയിരിക്കുന്നു. എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു ? ഇതിന് ഒറ്റ വാചകത്തിൽ ഉത്തരം പറയുവാൻ സാധിക്കുകയില്ല. പ്രശ്നങ്ങളുടെയും സന്ദർഭങ്ങളുടെയും സമ്മർദ്ദഫലമാണ് പലപ്പോഴും 'ശരി അങ്ങനെയാകട്ടെ' എന്നു പറയുവാൻ പ്രേരിപ്പിച്ചിട്ടുണ്ടാകുക. ഈ സ്വഭാവം മറികടക്കാൻ വ്യക്തിത്വം ആകെ മാറണമെന്നില്ല. സ്വാർത്ഥതാല്പര്യക്കാരൻ ആകണമെന്നുമില്ല. വേണ്ടിടത്ത് വിയോജിപ്പുകൾ പ്രകടിപ്പിക്കാൻ  അത് 'Yes'നും 'No' യ്ക്കും ഇടക്കുള്ള ഒരു ബാലൻസ് ആണ്. നമ്മൾ മറ്റുള്ളവരെ സഹായിക്കാനുള്ള ധൃതിയിൽ 'Yes' പറയും. മറ്റുള്ളവർക്കു വേണ്ടതും അതു തന്നെയാണ്. ഭാവിയിൽ  അവരിൽ നിന്നും ഒരു സഹായം നമ്മൾക്ക് ആവശ്യമായി വന്നാൽ അവരും നമ്മളോട് 'Yes' പറയണമല്ലോ. ഒരു കൊടുക്കൽ വാങ്ങൽ പ്രക്രിയ. 'Yes' പറഞ്ഞു സഹായിക്കാമെന്നേൽക്കുന്ന ആ നിമിഷം മുതൽ സഹായ പ്രക്രിയ പൂർത്തികരിക്കുന്നതു വരെ ഉൽക്കണ്ഠ വിട്ടു മാറുന്നില്ല. ഒരു ബന്ധനം പോലെ എന്തോ ഒന്നു മനസ്സിൽ തങ്ങി നിൽക്കുന്നു. 'No' പറയേണ്ടിടത്ത് 'Yes' പറഞ്ഞു പോകുന്നത് സമയസന്ദർഭവശാൽ എന്നതിനേക്കാൾ ഒരു മാനസികാവസ്ഥ എന്ന കാരണം കൊണ്ടു കൂടിയാണ്. കുട്ടിക്കാലം തൊട്ടേ മനസ്സിൽ വിളക്കി ചേർത്തിട്ടുള്ള ഒരു പരുവപ്പെടുത്തൽ പ്രക്രിയയുടെ അനന്തരഫലമാണത്. മറ്റുള്ളവർ ഇഷ്ടപ്പെട്ടില്ലെങ്കിലോ, എങ്ങിനെയാണ് എതിർത്തു സംസാരിക്കുക, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേ ണ്ടതല്ലേ, എന്നൊക്കെ തോന്നിയേക്കാം. ഒരു പക്ഷേ ആത്മവിശ്വാസക്കുറവുള്ളതുകൊണ്ടുമാകാം. നല്ല കുട്ടികളാകാൻ വേണ്ടി മനസ്സ് പ്രോഗ്രാം വച്ചിരിക്കുകയാണ് 'Yes'. മറ്റുള്ളവരോട് വിയോജിപ്പുമൂലം 'No'പറയേണ്ടി വന്നാൽ അവരോടുള്ള ബഹുമാനം ഇല്ലെന്ന് വിചാരിച്ചാലോ എന്നു കൂടി കരുതിയിട്ടാവാം എപ്പോഴും 'Yes' പറയുന്നത്.

നേരത്തെ മറ്റുള്ളവർ ചെയ്തു തന്ന ഉപകാരത്തിന് പ്രത്യുപകാരം ചെയ്യണമെന്ന ബോധം മനസ്സിലുള്ളപ്പോഴും മാനസിക സമ്മർദ്ദംകൊണ്ട് വിയോജിപ്പ് പ്രകടിപ്പിക്കേണ്ട സന്ദർഭങ്ങളിൽ 'Yes' പറഞ്ഞു പോകുന്നു.

കുട്ടിക്കാലത്തെ ചില പരുവപ്പെടുത്തലുകൾ മുതിരുമ്പോൾ ഒരു ഭാരമായി ഭവിക്കുന്നു. കൂട്ടുകാരോട് എപ്പോഴെങ്കിലും വിയോജിപ്പ് പ്രകടിപ്പിക്കേണ്ടി വരുമ്പോൾ കുറ്റബോധം ഉണ്ടാകുന്നു. എന്നാൽ അനവസരങ്ങളിൽ 'Yes' പറയേണ്ട എന്നും 'No' തന്നെയാണ് പറഞ്ഞ് വിയോജിപ്പ് പ്രകടിപ്പിക്കേണ്ടതെന്നും അതിന് കുറ്റബോധം ഉണ്ടാകേണ്ടതില്ലെന്നും മനസ്സിലാക്കിയിരിക്കണം. ഇക്കാര്യത്തിൽ ഉള്ള സ്വന്തം ദുർബലത അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്.

എല്ലാവരാലും ഇഷ്ടപ്പെടണം എന്നുള്ളതുകൊണ്ടു മാത്രമാണ് പലരും പലപ്പോഴും'Yes' പറയുന്നത്. രക്ഷിതാക്കളാൽ, കൂട്ടുകാരാൽ, മേലുദ്യോഗസ്ഥരാൽ, സഹപ്രവർത്തകരാൽ മറ്റുള്ളവരാൽ നല്ല അഭിപ്രായം സൃഷ്ടിച്ചെടുക്കാൻ എല്ലാവരും ശ്രമിക്കുന്നു. എന്നാൽ മറ്റുള്ളവർ എന്തു വിചാരിക്കും എന്നതിനേക്കാൾ സ്വന്തം വ്യക്തിത്വാഖണ്ഡതക്കാണ് പ്രാധാന്യം കൊടുക്കേണ്ടത്.

ചിലർ കാര്യസിദ്ധിക്കു വേണ്ടി മുഖസ്തുതി പറയുന്നു. മുഖസ്തുതിയിൽ വീണു പോയാൽ ചെയ്യാൻ പറ്റാത്ത കാര്യങ്ങൾക്കു വേണ്ടിയും 'Yes' പറയേണ്ടി വരും.  മുഖസ്തുതി പറയുന്നവരെ നിരാശപ്പെടുത്തരുതല്ലോ. പലപ്പോഴും മുഖസ്തുതി വരുന്നത് ഹൃദയത്തിൽ നിന്നല്ലായിരിക്കും. എന്തെങ്കിലും പ്രത്യേക ഉദ്ദേശമായിരിക്കും മുഖസ്തുതിയുടെ പിന്നിലുള്ളത്. എന്നാൽ മുഖസ്തുതി കൊണ്ട് കേൾക്കുന്നയാളുടെ ആത്മവിശ്വാസവും ഊർജ്ജവും വർദ്ധിക്കുന്നു എന്ന ഒരു ഗുണം കൂടിയുണ്ട്. ചില ദിവസങ്ങളിൽ മേലുദ്യോഗസ്ഥൻ പ്രത്യേകജോലികൾ തീർത്തിട്ടേ പോകാവൂ എന്നു നിർദ്ദേശിക്കുമ്പോൾ നിരസിക്കാൻ സാധിച്ചെന്ന് വരില്ല.  മേലുദ്യോഗസ്ഥനോട് എങ്ങനെ 'No' പറയും. മേലുദ്യോഗസ്ഥനുമായി സഹകരിച്ചു പോകുന്നതാണ് നല്ലത് എന്ന് എല്ലാ ജോലിക്കാർക്കും അറിയാം. എന്നാൽ ന്യായികരിക്കാൻ പറ്റാത്ത അവസരങ്ങളിൽ "Sorry Sir, I Cannot work late today-"  എന്നു പറയാൻ മടിക്കേണ്ടതില്ല.

ഉത്തരവാദിത്വവും മാന്യതയും വെച്ച് പുലർത്തിക്കൊണ്ട് എല്ലാ കാര്യങ്ങൾക്കും 'Yes' ശരി, അങ്ങിനെയാകട്ടെ എന്നു പറയാം.  എന്നാൽ ഇന്ന് ഈ ലോകത്ത് സ്വാർത്ഥത കൂടുതലാണ്. മറ്റുള്ളവരുടെ വികാര വിചാരങ്ങൾ മാനിക്കുന്നവർ കുറവാണ്. പലപ്പോഴും 'Yes' പറയേണ്ടി വരുന്നത് പരിപൂർണ്ണ മനസ്സോടെയല്ല. ഒരു കടമ നിർവ്വഹിക്കുക എന്ന ദൗത്യത്തിന്റെ ഭാഗമായിട്ടു മാത്രമായിരിക്കും . ഇഷ്ടമല്ലാത്ത കാര്യങ്ങളോട് വിയോജിപ്പ് പ്രകടിപ്പിക്കുവാൻ പലർക്കും ധൈര്യം ഉണ്ടാകാറില്ല. മനസ്സിനകത്ത് വിപരീതാഭിപ്രായമാണെങ്കിലും പുറത്ത് പറയാനുള്ള ആർജ്ജവത്വം പലരും പ്രകടിപ്പിക്കാറില്ല. സ്വയം വിലയിരുത്തി നോക്കിയാൽ കുട്ടിക്കാലം തൊട്ടേ ഉപബോധ മനസ്സിൽ ഒളിഞ്ഞു കിടക്കുന്ന നല്ല ശീലമാണ് 'Yes' പറയൽ എന്നും അതിനെ മാറ്റുന്നത് അത്ര എളുപ്പമല്ലെന്നും മനസ്സിലാക്കാം. മറ്റുള്ളവരെ സന്തോഷപ്പെടുത്തുവാനും അവരുമായി ഒത്തൊരുമിച്ച് പോകുന്നതിനും സ്വന്തം താല്പര്യങ്ങൾക്ക് വിപരീതമായി നിൽക്കേണ്ട അവസ്ഥയാണിത്. സ്ഥാനമാനഭേദമെന്യേ, പ്രായഭേദമെന്യേ നമമൾക്കും ആവശ്യങ്ങൾ, ആഗ്രഹങ്ങൾ, താല്പര്യങ്ങൾ എന്നിവയെല്ലാമുണ്ട്. അതും സംരക്ഷിക്കപ്പെടേണ്ടതാണ്. അതിന്റെ അർത്ഥം സ്വാർത്ഥനാകണമെന്നല്ല. അതുകൊണ്ട് ശരി അങ്ങനെയാകട്ടെ എന്നു പറയുന്നതിന് മുൻപ് സമയവും സന്ദർഭവും വിലയിരുത്തിയിട്ട് മതി സമ്മതം മൂളാൻ. 'Yes' പറഞ്ഞ് മറ്റുള്ളവരുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചു കൊടുക്കുമ്പോൾ സ്വന്തം ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു. അത് ആത്മാഭിമാനത്തിന് ക്ഷതം ഏൽപ്പിക്കുന്നു. അസംതൃപ്തി ഉളവാക്കുന്നു. വേണ്ട സമയത്ത് വിയോജിപ്പ് പ്രകടിപ്പിക്കാൻ സാധിച്ചാൽ അത് കൂടുതൽ ആത്മവിശ്വാസം തരുന്നു.

ഓരോരുത്തരും അവരുടെ കഴിഞ്ഞ 15 കൊല്ലങ്ങളിൽ ചെയ്ത കാര്യങ്ങൾ ഓർത്തു നോക്കുക. എന്തെല്ലാം കാര്യങ്ങൾ മറ്റുള്ളവർക്കു വേണ്ടി ചെയ്തു? എടുത്ത തീരുമാനങ്ങൾ എത്രത്തോളം ശരിയായിരുന്നു. ആ തീരുമാനങ്ങളുടെ അന്തിമഫലങ്ങൾ സന്തോഷം തന്നുവോ ? ഓരോ ചുമതല നിറവേറ്റുന്നതിനും എത്രയെത്ര സമയം ചിലവഴിച്ചു. ഒരു മകൻ ഒരു മകൾ എന്ന നിലയ്ക്ക്, ഒരു രക്ഷിതാവ് എന്ന നിലയ്ക്ക്, ഒരു സാമൂഹ്യസംഘടനയിലെ അംഗം എന്ന നിലയ്ക്ക് – എന്നാൽ ഒരു വ്യക്തി എന്ന നിലയ്ക്ക്, സ്വന്തം ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ വളരെ കുറച്ചു സമയം മാത്രമേ എടുത്തുള്ളൂ എന്ന് കാണാം.

ശരി അങ്ങനെയാവട്ടെ എന്ന തീരുമാനം എടുക്കുന്നതിനുമുമ്പ് അല്പസമയം താഴെ പറയുന്ന ചോദ്യങ്ങൾ സ്വയം ചോദിച്ചു നോക്കുക.

ഇക്കാര്യം ഞാൻ ചെയ്യേണ്ടതാണോ? എനിക്കതിനുള്ള സമയമുണ്ടോ? ഞാൻ ഇതു ചെയ്യുന്നതു മൂലം എന്നെ ആശ്രയിക്കുന്നവരുടെ ആവശ്യങ്ങൾ നടത്തിക്കൊടുക്കാൻ സാധിക്കാതെ വരുമോ? ചെയ്യാമെന്നേറ്റ കാര്യം സാധിക്കാതെ വരുമ്പോൾ വിദ്വേഷം ഉണ്ടാകാൻ സാധ്യതയുണ്ടോ? വിയോജിപ്പ് പ്രകടിപ്പിച്ചാൽ അപരിഹാര്യമായ അനന്തരഫലങ്ങൾ ഉണ്ടാകുമോ? എനിക്കുപകരം ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ വേറെ ആളുണ്ടോ? എന്റെ മുൻഗണനാക്രമങ്ങളെ പുതിയ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന പക്ഷം എങ്ങനെ ബാധിക്കും? എത്ര സമയം കൊണ്ട് ഏറ്റെടുത്ത ഉത്തരവാദിത്വം പൂർത്തീകരിക്കാൻ സാധിക്കും.എന്നോടു തന്നെ ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ക്കാൻ ആവശ്യപ്പെടുന്നത് എന്തുകൊണ്ടാണ്? ഈ അവസരം ഇനി വേറെ കിട്ടുമോ? മേൽപ്പറഞ്ഞ കാര്യങ്ങൾ വിശകലനം ചെയ്ത് ഒരു പുതിയ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത് വേണമോ വേണ്ടയോ എന്ന് തീരുമാനിക്കാം. അന്തിമമായ തീരുമാനം 'No' ആണെങ്കിൽ ആ'No' ഒരു പൂർണ്ണ വാചകം തന്നെയാണ്. വിയോജിപ്പുകൾ മാന്യമായ രീതിയിൽ പ്രകടിപ്പിക്കുക. ഈ ഉത്തരവാദിത്വം ഇപ്പോൾ എനിക്കേറ്റെടുക്കാൻ സാധിക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. നിങ്ങളുടെ ബുദ്ധിമുട്ടെനിക്കറിയാം, തല്ക്കാലം എന്റെ കയ്യിൽ പണമില്ല. താങ്കൾ പറഞ്ഞകാര്യം ഞാൻ ആലോചിക്കട്ടെ, സാധിക്കുമെങ്കിൽ തിരിച്ചു വിളിക്കാം. ഇത്തവണ ഞാൻ നിസ്സഹായനാണ്. കുറച്ചു ദിവസത്തേയ്ക്ക് ജോലിത്തിരക്കാണ്. ഇതൊരു നല്ല കാര്യമാണ് പക്ഷേ ഇതിനേക്കാൾ നല്ല ഒരു കാര്യത്തിന് ഞാൻ സഹായിച്ചുകൊണ്ടിരിക്കുകയാണ് എന്നീ വാചകങ്ങൾ പല സന്ദർഭങ്ങളിലും പ്രയോഗിച്ച് വിയോജിപ്പ് പ്രകടിപ്പിക്കാവുന്നതാണ്. ചില അവസരങ്ങളിൽ "No thank you" എന്ന ചുരുങ്ങിയ വാക്കുകൾ കൊണ്ട് സന്ദർഭങ്ങൾക്ക് പൂർണ്ണ വിരാമമിടുകയും ആകാം.

സംസ്കാര പാരമ്പര്യം, വളർന്നു വന്നവിധം ഉപബോധമനസ്സിലെ ലേപനം, തുടങ്ങിയ ഘടകങ്ങൾ ആശ്രയിച്ച് സന്ദർഭമനുസരിച്ച് തീരുമാനമെടുക്കുന്നതിനെ നിയന്ത്രിക്കുന്നു. ബ്രിട്ടീഷ് നരവംശശാസ്ത്രജ്ഞനായ എഡ്വേഡ് ബർണറ്റ് ടെയ്‌ലർ സംസ്കാരത്തെ ഇങ്ങനെ നിർവചിച്ചിരിക്കുന്നു. അറിവ്, വിശ്വാസം, കല, ജീവിത മൂല്യങ്ങൾ, നിയമം, ആചാരം തുടങ്ങിയവയെല്ലാം ചേർന്ന ഒരു ജീവിതചര്യയാണ് സംസ്കാരം. പെരുമാറ്റ രീതി, വികാരവിചാരങ്ങൾ, പ്രവർത്തി, ചിന്തിക്കുന്ന വിധം തുടങ്ങിയവ സംസ്കാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു – കൂടെ ജന്മവാസനകളും. സംസ്കാരത്തിന്റെ ഒരു പരുവപ്പെടുത്തലിന്റെ ഉല്പന്നമാണ് നമ്മൾ. വിനീതനാകുക, അധികാരികളെ ബഹുമാനിക്കുക എന്നീ വിശേഷങ്ങൾ പല സംസ്കാരങ്ങളുടെയും പൊതു സ്വഭാവമാണ്. അതുകൊണ്ടാണ് മിക്കവരും 'പറ്റില്ലല്ലോ' എന്നു പറയേണ്ട സന്ദർഭങ്ങളിൽ പോലും 'ശരി അങ്ങനെയാകട്ടെ' എന്നു പറഞ്ഞു പോകുന്നത്. ആരും ആ കീഴ്‌വഴക്കങ്ങൾ ഭേദിക്കാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ഇപ്പോൾ ലോകത്തിൽ 'No' പറയാനുള്ള സന്ദർഭങ്ങൾ ഏറി വരികയാണ്. വിവാഹമോചനങ്ങൾ പണ്ടുണ്ടായതിനേക്കാൾ പതിന്മടങ്ങ് വർദ്ധിച്ചത് ഇതുകൊണ്ടാണ്. നേരത്തെ കുട്ടികൾക്ക് അവരുടെതായ അവകാശങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. എന്നാൽ ഇന്ന് അങ്ങനെയല്ല. വിയോജിപ്പുകൾ പ്രകടിപ്പിക്കുവാൻ അവർക്കും അവകാശമുണ്ട്, പ്രകടിപ്പിച്ച് തുടങ്ങിയിട്ടുമുണ്ട്.

'No' പറയുകയാണെങ്കിൽ സമൂഹത്തിലെ തന്റെ സ്വീകാര്യത നഷ്ടപ്പെട്ടുപോയാലോ, തന്നെ ആർക്കും ഇഷ്ടപ്പെടുകയില്ലല്ലോ, എന്നൊരു ഭയത്താൽ പലപ്പോഴും'Yes' പറഞ്ഞു പോകുന്നു. അതുകൊണ്ട് പലരും സ്വയം തീരുമാനിച്ചുണ്ടാക്കിയ നല്ലതാകാൻ വേണ്ട മാനദണ്ഡമായ'Yes' പറഞ്ഞുകൊണ്ടേയിരിക്കുന്നു . ഒരു പക്ഷേ ആത്മവിശ്വാസത്തിന്റെ കുറവുകൊണ്ടാകാം. മറ്റുള്ളവരെ സന്തോഷിപ്പിക്കാൻ വേണ്ടി മനസ്സില്ലാമനസ്സോടെ പറയുന്ന ഒരു 'Yes'നേക്കാൾ നല്ലപോലെ ചിന്തിച്ചുറപ്പിച്ചു പറയുന്ന ഒരു 'No'ആണ് മഹത്തരവും നല്ലതും എന്ന് ഗാന്ധിജിയും പറഞ്ഞിട്ടുണ്ട്.

ഓരോരുത്തരുടെയും ജീവിതത്തിൽ സുഹൃത്തുക്കൾ പ്രധാന പങ്ക് വഹിക്കാറുണ്ട്. പരിചയക്കാർ ഏറെയുണ്ടാകാം. എന്നാൽ സുഹൃത്തുക്കൾ കുറവായിരിക്കും. പരിചയക്കാരെ പലപ്പോഴും കണ്ടു മുട്ടാം. എന്നാൽ അവരുടെ ചെയ്തികൾ എന്താണെന്നോ അവർ നല്ലവരാണെന്നോ മോശക്കാരാണെന്നോ ഒന്നും അന്വേഷിക്കാറില്ല. സുഹൃത്തുക്കൾ ആവശ്യങ്ങൾക്ക് പരസ്പരം സഹായം അഭ്യർത്ഥിക്കുകയും നിറവേറ്റി കൊടുക്കുകയും ഒക്കെ ചെയ്യാറുമുണ്ട്. എന്നാൽ സ്വന്തം കാര്യസിദ്ധിക്കുവേണ്ടി മാത്രം അടുപ്പം കാണിക്കുന്ന സുഹൃത്തുക്കളുമുണ്ടായേക്കാം. ആരെങ്കിലും നമ്മളെ ചൂഷണം ചെയ്യുകയാണെന്നു മനസ്സിലാക്കിയാൽ പിന്നെ ആ ബന്ധം അധികം തുടരാൻ അനുവദിക്കരുത്. ഉചിതമായ അവസരങ്ങളിൽ നല്ല വാക്കുകളിൽ കൂടെ തന്നെ നമ്മുടെ വിയോജിപ്പ് പ്രകടിപ്പിക്കാം. ഞാൻ വിചാരിച്ചത് നിങ്ങൾ ഒരു നല്ല സുഹൃത്താണെന്നാണ്. പക്ഷേ സുഹൃത്തുക്കൾ ഇങ്ങനെ ചെയ്യാറില്ലല്ലോ. സുഹൃത്തേ നിങ്ങളുടെ ആവശ്യമില്ലാത്ത കമന്റുകൾ കേട്ട് ഞാൻ മടുത്തു, ഒന്നു നിറുത്തുമോ? എന്റെ ഉയരത്തെക്കുറിച്ചുള്ള നിങ്ങളുടെ തമാശ എനിക്ക് വേദനയുണ്ടാക്കി, 'ആ സംഭവം നിങ്ങൾക്ക് തമാശയായി തോന്നി. എന്നാൽ





എനിക്കങ്ങനെ തോന്നിയില്ല,' 'നിങ്ങളെപ്പോലെയുള്ള സുഹൃത്തുക്കൾ ഉണ്ടെങ്കിൽ എനിക്ക് വേറെ ഒരു ശത്രു വേണ്ട'. എന്നീ വാചകങ്ങളിൽ കൂടി ചിലരിൽ നിന്നും രക്ഷപ്പെടാം. സുഹൃത്തെന്നു നടിക്കുന്ന ചിലർ അസ്വസ്ഥരാക്കാൻ വേണ്ടി മാത്രമേ പ്രയോജനപ്പെടുകയുള്ളു.

ചിലർ എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ മാത്രമേ വിളിക്കുകയുള്ളൂ, അവരുടെ കാര്യങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കും. സ്വന്തം കാര്യം സിന്ദാബാദ് സ്വഭാവക്കാരായിരിക്കും. ഇവർ ഉത്തമ പുരുഷന്മാരായിട്ട് ആരും ഉണ്ടാകുകയില്ല. എന്നാൽ മേൽ പറഞ്ഞ സ്വഭാവക്കാർ ചിലപ്പോൾ ഊരാക്കുടുക്കിൽ കൊണ്ടുചെന്നെത്തിക്കും. ഞാൻ ഈയാഴ്ച അങ്ങോട്ട് വരുന്നുണ്ട്. എന്നെ ഒന്ന് എയർപോർട്ടിൽ വിട്ടേക്കണം എന്നെല്ലാം ആവശ്യങ്ങൾ ഉണ്ടാകാം. അച്ഛൻ മരിച്ചതറിഞ്ഞിട്ടും ഒരു സ്വാന്തനവാക്കുപോലും പറയാത്തവരായിരിക്കും അവർ.

എപ്പോഴെങ്കിലും വിയോജിപ്പ് പ്രകടിപ്പിക്കേണ്ടിവന്നാലും അതിന്റെ കാരണം മനസ്സിലാക്കി സൗഹൃദം നിലനിർത്തുന്നവരാണ് യഥാർത്ഥ സുഹൃത്തുക്കൾ. എന്നാൽ കുടുംബാംഗങ്ങളോട് വിയോജിപ്പ് പ്രകടിപ്പിക്കേണ്ട സന്ദർഭം വരുമ്പോൾ ആ വ്യക്തി ഏറ്റവും വലിയ മാനസ്സീക സമ്മർദ്ദത്തിലായിരിക്കും. കുടുംബാംഗങ്ങൾ പരസ്പരം ചില പ്രതീക്ഷകൾ വച്ചു പുലർത്തുന്നവരായിരിക്കും. ബന്ധങ്ങളുടെയും കടപ്പാടുകളുടെയും ബന്ധനങ്ങളിൽപ്പെട്ട് കഴിയുമ്പോൾ ആരോടും അത്ര എളുപ്പം 'No' പറയുവാൻ സാധിക്കുകയില്ല. അച്ഛനമ്മമാരുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കണം. ജീവിതപങ്കാളിയുടെ ആവശ്യങ്ങൾ നിറവേറ്റി കൊടുക്കണം. മക്കളുടെ ആവശ്യങ്ങൾ നിറവേറ്റിക്കൊടുക്കണം. ആശ്രിതരെ സംബന്ധിച്ച് മുൻഗണനാക്രമങ്ങൾ നമ്മുടെ കാഴ്ചപ്പാടിലൂടെയുള്ളതായിരിക്കുകയില്ല. സ്വന്തം ആവശ്യത്തിനുവേണ്ടി എപ്പോഴെങ്കിലും സമയം കണ്ടെത്തിയാൽ മറ്റുള്ളവരുടെ മുൻഗണനാക്രമങ്ങൾ തെറ്റിപ്പോകാനിടയുണ്ട്. അവരുടെ ആവശ്യങ്ങൾ നടക്കാതെ വരുമ്പോൾ അസംതൃപ്തിയുണ്ടാകുന്നു. ബന്ധങ്ങളിലെ ഊഷ്മളത നഷ്ടപ്പെടുന്നു. സന്തോഷം കുറയുന്നു.

എന്നാൽ മക്കളോട് 'No' പറയുന്നതുകൊണ്ട് ഒരു നല്ല രക്ഷിതാവല്ലാതാകുന്നില്ല. ചില കാര്യങ്ങളിൽ 'No'പറയുന്നത് കുട്ടികൾക്ക് ഗുണം ചെയ്യുകയും ചെയ്യും. അവരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരും സ്വന്തം ആവശ്യങ്ങൾക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടാത്തവരും ആക്കി തീർക്കും. സ്വന്തം വസ്ത്രം കഴുകി സൂക്ഷിക്കുവാനും, വീട്ടുജോലികളിൽ താല്പര്യമുണ്ടാക്കുവാനും ചില വിയോജിപ്പുകൾകൊണ്ട് മാത്രമേ സാധിക്കുകയുള്ളൂ. എനിക്കിന്ന് കുറേ ജോലികൾ ചെയ്യാനുണ്ട് മോന്റെ വസ്ത്രങ്ങൾ അലക്കുവാൻ സമയം കിട്ടുകയില്ല വരൂ, ഞാൻ കാണിച്ചു തരാം വാഷിങ്മെഷീൻ എങ്ങനെ പ്രവർത്തിപ്പിക്കാമെന്ന്. എന്നെല്ലാം നല്ല വാക്കുകളിൽ കൂടി കുറേ വിയോജിപ്പുകൾ അറിയിക്കാം. കുട്ടികളെ കൂടുതൽ ഉത്തരവാദിത്വമുള്ളവരും ആക്കാം. അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാനും ഉചിതമായ സന്ദർഭങ്ങളിൽ വിയോജിപ്പ് പ്രകടിപ്പിക്കാനും രക്ഷിതാക്കൾ തന്നെ പരിശീലിപ്പിക്കേണ്ടതാണ്. രക്ഷിതാക്കൾ 'No' പറയുമ്പോൾ കുട്ടികൾ ദേഷ്യവും നിസ്സഹകരണവും പ്രകടിപ്പിച്ചേക്കാം. 'No'പറയുന്നതിന്റെ കാരണം അവരെ പറഞ്ഞു മനസ്സിലാക്കി ബോധ്യപ്പെടുത്തുകയും വേണം, ശരിയായ കാരണംകൊണ്ട് 'No'പറയുന്നതിന് കുറ്റബോധം തോന്നേണ്ട കാര്യമില്ല എന്നാൽ എപ്പോഴും 'No' പറയുകയാണെങ്കിൽ നിരാശമൂലം കാര്യസാധ്യതക്കു വേണ്ടി കുട്ടികൾ വളഞ്ഞ വഴികൾ സ്വീകരിക്കാൻ ഇടയുണ്ട്. സമർത്ഥമായി ഏറ്റുമുട്ടലുകൾ ഒഴിവാക്കണം. ഭാര്യാഭർതൃബന്ധങ്ങളിൽ അധികാരത്തിന്റെ 'No' കൾ ഒഴിവാക്കുക. കുടുംബം നടത്തികൊണ്ടു പോകുന്നതിൽ ഭാര്യക്കും ഭർത്താവിനും തുല്യപങ്കാണുള്ളത്. ഞാൻ എന്ന പദത്തിനുപകരം നമ്മൾ എന്ന പദം കൂടുതൽ ഉപയോഗിക്കുക. മുത്തച്ഛന്മാർ മുത്തശ്ശികൾ എന്ന നിലയിൽ അച്ഛനമ്മമാർക്ക് മക്കളോടുള്ള അവകാശാധികാരങ്ങളിൽ കൈകടത്താതിരിക്കുക. വിയോജിപ്പുകൾ ഉണ്ടാകാൻ സാധ്യതയുള്ള സന്ദർഭങ്ങൾ ബുദ്ധിപൂർവ്വം ഒഴിവാക്കുക.

വിയോജിപ്പുകൾ എപ്പോൾ എവിടെ ആരോടെല്ലാം കുറ്റബോധമില്ലാതെ പ്രകടിപ്പിക്കണം. എങ്ങിനെയെല്ലാം എന്നറിഞ്ഞിരിക്കുന്നത് ഒരു കലയാണ്. അത് ഒരു Positive Attitude കൂടിയാണ്. ഊരാക്കുടുക്കുകളിൽ പെട്ട് മാനസിക സംഘർഷങ്ങളിൽ എത്തിപ്പെടാതിരിക്കാൻ വേണ്ട സമയത്ത് ഒരു 'No' കൊണ്ട് സാധിക്കും. ഒരു അയഞ്ഞ ഞാൻ എന്ന വ്യക്തിത്വത്തിൽ നിന്നും ഒരു ദൃഢനിശ്ചയമുള്ള ഞാൻ ആകുമ്പോൾ ഞാൻ എന്നെ കൂടുതൽ ഇഷ്ടപ്പെടും. അത് എല്ലാ വെല്ലുവിളികളേയും നേരിട്ട് പുതിയ അവസരങ്ങൾക്കൊത്ത് പറന്നുയരാനുള്ള ചിറകുകൾ നൽകും.

മുൻബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ടോണി ബ്ലയർ ഇങ്ങിനെ പറയുകയുണ്ടായി. 'നേതൃത്വകല എന്നത് വിയോജിക്കാനുള്ള ശക്തിയാണ്. എപ്പോഴും 'Yes'പറയുവാൻ വളരെ എളുപ്പമാണ്. എല്ലാവർക്കും സാധിക്കും.' ഭാരതീയ സംസ്കാരത്തിന്റെ മൂലമന്ത്രമാണ് 'അതിഥിദേവോ ഭവ'. അതുകൊണ്ട് പണ്ട് എല്ലാ വിദേശികളേയും നമ്മൾ രണ്ടു കയ്യും നീട്ടി സ്വീകരിച്ചു.

**(ശേഷം 30-ാം പേജിൽ)**

# ഒരു മിനിക്കഥ

കെ. ഉഷ. ഫോൺ : 9495336835

അയാൾ ആ മരത്തണലിൽ ഇരുന്നു. ദേഹം മുഴുവൻ വിയർപ്പുകണങ്ങൾ. അർക്കന്റെ ചൂട് സഹിക്കുവാൻ പറ്റുന്നില്ല.

തന്റെ ഭൂതകാലത്തെ കുറിച്ച് അയാൾ ആലോചിച്ചു. ഒന്നും ഓർമ്മിക്കുവാൻ ശ്രമിക്കേണ്ടെന്ന് അയാൾക്ക് തോന്നി. അല്ലെങ്കിൽ തനിക്ക് ഈ ഗതി വരേണമോ? തന്റെ വീട് വെറുമൊരു മരീചികയല്ലേ തനിക്കിന്ന്. ആ പഴയ ഇടിഞ്ഞു പൊളിഞ്ഞ നാലുകെട്ടിൽ തനിക്കെന്തു സ്ഥാനം? ആ വീടുമായുള്ള ബന്ധമല്ലേ തന്നെ ഈ നിലയിലേക്കെത്തിച്ചത്.

അയാൾ ഓർത്തുനോക്കി. തന്നോട് വിധി കാട്ടിയ കൊടുംക്രൂരത സഹിക്ക വയ്യ! അന്ന് തനിക്ക് നല്ല ചുറുചുറുക്കായിരുന്നു. എം.ബി.ബി.എസ്സ് കഴിഞ്ഞപ്പോൾ എല്ലാവർക്കും തന്നോട് എന്തെന്നില്ലാത്ത സ്നേഹം, ആദരവ്! ആ തറവാട്ടിൽ നിന്ന് ഉയർന്ന പദവിയിലെത്തിയ ആദ്യത്തെ ആൺതരി! അത് താനായിരുന്നു എന്ന് ഇപ്പോൾ വിശ്വസിക്കുവാൻ പ്രയാസം. അന്ന് നല്ല കരുത്തും ചുറുചുറുക്കും ഉണ്ടായിരുന്നു തനിക്ക്.

അപ്പോഴാണ് അവളെ കണ്ടു മുട്ടുന്നത്. കണ്ട മാത്രയിൽ തന്നെ ഹൃദയം കവർന്നെടുത്ത ഒരു മാലാഖ! താമസിയാതെ തന്റെ ജീവിത സഖിയായി. പക്ഷേ വിധി അവളെ തന്റെ കരവലയങ്ങൾക്കുള്ളിലൊതുക്കി മൃത്യുവിന്നിരയാക്കി. അപ്പോൾ ആലോചിച്ചു പോയി. ഓ, ആ മാരകരോഗം ഈ ലോകത്താർക്കും വരരുതേ, ഈശ്വരാ എന്ന്. കൂടാതെ എന്റെ എല്ലാമായ അമ്മയുടെ ആകസ്മികമായ മരണം. ഇതെല്ലാമല്ലെ തന്നെ ഒരു ഭ്രാന്തനാക്കിയത്? മറ്റു ഭ്രാന്തന്മാരുടെ കൂടെ എത്ര ദിവസങ്ങൾ താൻ തള്ളി നീക്കി. വാസ്തവത്തിൽ താനൊരു ഭ്രാന്തനാണോ? മായാമോഹങ്ങളാൽ ആവരണം ചെയ്യപ്പെട്ട് ഈ ലോകത്തിൽ നിന്നകലുവാൻ താനണിഞ്ഞ ഒരു കപടവേഷമായിരുന്നില്ലേ തന്റെ ഭ്രാന്ത്?

അയാളുടെ സിരകളിൽ കൂടിയൊഴുകിയ വിഷം ദേഹമാകെ വ്യാപിച്ചുവോ – ഹാ കഷ്ടം! താമസിയാതെ മൃത്യുവിന്റെ ഭയാനകമായ ആ അന്ധകാരത്തിലേക്ക് അയാൾ വഴുതി വീണു.

സാറേ – സാറേ........ മാത്യു സാറേ...... ഇതെന്താ ഉറക്കമാണിത്. സാറ് ദിവസേന നാലുമണിക്ക് ഉണരുന്ന ആളല്ലേ. ഇന്നെന്തു പറ്റി ? സാറിന്റെ മൊബൈലിൽ എത്ര മിസ്ഡ് കാൾസ് ഉണ്ടെന്ന് എടുത്തു നോക്കിക്കേ.

ഈശ്വരാ ഞാൻ ജീവിച്ചിരിക്കുന്നുവോ! എന്റെ കിടക്കയിൽ നിന്ന് ഞാൻ ചാടിയെഴുന്നേറ്റു.

ഓ! സന്തോഷ് നീയെങ്ങനെ അകത്ത് കേറി? സാറേ അതിന് സാറ് വാതിൽ ചാരിയിട്ടേ ഉണ്ടായിരുന്നുള്ളൂ. സാറിനിതെന്തു പറ്റി ? സാറിന്റെ മാഡത്തിനെ ഞാനിന്ന് തന്നെ ഫോൺ ചെയ്യുന്നുണ്ട്. സാറിനെ ഇങ്ങിനെ തനിയെ ആക്കി വീട്ടിൽ പോയതല്ലേ. മാഡം ഇവിടെ ഉണ്ടായിരുന്നെങ്കിൽ സാറിനെ വേഗം വിളിച്ചെഴുന്നേൽപ്പിക്കില്ലായിരുന്നോ. ഇന്ന് നമ്മൾക്ക് ആ ഭ്രാന്താസ്പത്രിയിലേക്ക് പോകണ്ടേ സാറേ. ആ കേസ് എത്രയും വേഗം അന്വേഷിച്ച് റിപ്പോർട്ടു കൊടുക്കണ്ടേ എന്ന്.

ഹായ് ഇന്നെന്റെ ജീവിതത്തിലെ ഏറ്റവും സന്തോഷമുള്ള ദിനങ്ങളിലൊന്നാണ്. ആ ഭീകര സ്വപ്നത്തിൽ നിന്ന് എന്നെ വിളിച്ചുണർത്തിയതിന് എന്റെ അസിസ്റ്റന്റ് സന്തോഷിനോട് എത്ര നന്ദി പറഞ്ഞാലും മതിയാവില്ല.

എന്റെ പ്രിയ പത്നി മായ ജീവിച്ചിരിക്കുന്നു. ഈശ്വരാ ആയിരം നന്ദി! ഞാൻ പൂർവ്വാധികം ഉന്മേഷത്തോടെ ഏറ്റെടുത്ത കേസ് കൈകാര്യം ചെയ്യുവാൻ പോവുകയാണ്. ഒരിക്കൽ കൂടി നന്ദി.

**വിയോജിപ്പുകളും ആകാം**

**(29-ാം പേജിൽ നിന്ന് തുടർച്ച)**

കച്ചവടം നടത്താനെന്ന് പറഞ്ഞ് എത്തിയ പലർക്കും ഉദ്ദേശ്യം വേറെ ചിലതൊക്കെയായിരുന്നു. അതിഥികളായി എത്തിയവർ ആതിഥേയരായ നമ്മളെ ആക്രമിച്ചു കീഴ്പ്പെടുത്തുകയും ചെയ്തു. നമ്മളുടെ സംസ്കാരം തുടച്ചു നീക്കുവാൻ കഴിയുന്നത്ര ശ്രമിക്കുകയും ചെയ്തു. അന്ന് നമ്മുടെ പൂർവ്വികന്മാർ 'No'പറയാത്തതിന്റെ അനന്തരഫലങ്ങളാണ് സ്വന്തം നാട്ടിൽ അഭയാർത്ഥി ക്യാമ്പിൽ താമസിക്കേണ്ട ഗതികേട് കാശ്മീരിപണ്ഡിറ്റുകൾക്കുണ്ടായത്. പുതിയ സർക്കാർ വേണ്ടയിടങ്ങളിൽ 'No' പറയാൻ തുടങ്ങിയപ്പോൾ രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി രക്ഷകരായി എത്തി മുതലക്കണ്ണീർ ഒഴുക്കുന്നവർ പഴയ ചരിത്രങ്ങൾ ഓർക്കുന്നത് നന്നായിരിക്കും.





# ക്ഷേത്രദർശനം

രശ്മി. ഫോൺ : 7994433106

ദേവാലയത്തിന്റെ അർത്ഥം ദേവതയുടെ ആലയം, അതായത് ഭഗവാൻ വസിക്കുന്ന സ്ഥലം എന്നാണ്. ദേവാലയത്തിൽ പോകുമ്പോൾ നമ്മുടെ പ്രാർത്ഥന ഭഗവാന്റെ ചരണങ്ങളിൽ എത്തുന്നു. മന:ശാന്തിയുടെ അനുഭവം ഉണ്ടാകുന്നു എന്ന വിശ്വാസത്തോടെയാണ് ഭക്തജനങ്ങൾ ദേവാലയത്തിൽ പോകുന്നത്. ഭഗവാൻ ഭക്തി മാത്രമാണ് ആഗ്രഹിക്കുന്നത്. ക്ഷേത്രദർശനം ഭക്തിഭാവത്തോടെ നടത്തേണ്ടതാണ്. കൂടാതെ, അദ്ധ്യാത്മ ശാസ്ത്രപരമായി ശരിയായ രീതിയിൽ നാം ക്ഷേത്രദർശനം നടത്തുകയാണെങ്കിൽ നമുക്ക് ഭഗവാന്റെ കൃപ കൂടുതലായി ലഭിക്കുന്നു.

മണ്ണെണ്ണവിളക്കിന്റെ ദീപനാളത്തിനു ചുറ്റുമുള്ള കരി നീക്കിയാൽ മാത്രമേ ശരിയായ രീതിയിൽ ആ വിളക്കിന്റെ പ്രകാശം ലഭിക്കുകയുള്ളു. ഇതുപോലെ ഈശ്വര ദർശനത്തിനു മുമ്പായി നമ്മുടെ ഉള്ളിലുള്ള രജ-തമ കണങ്ങളെ മാറ്റി ഭക്തിരൂപിയായ ജ്യോതിയെ ഉണർത്തേണ്ടതാണ്. അദ്ധ്യാത്മശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ ദേവതാദർശനം ശരിയായ രീതിയിൽ നടത്തി ഈശ്വരാനുഗ്രഹം നേടേണ്ടതെങ്ങനെ, എന്നതിനെക്കുറിച്ച് ഈ ലേഖനത്തിൽ കൊടുത്തിട്ടുണ്ട്.

**ക്ഷേത്രദർശനം നടത്തേണ്ട ശരിയായ രീതി**

1. ക്ഷേത്രത്തിലേക്ക് പോകാൻ ഇറങ്ങുമ്പോൾ തന്നെ നാം ഏതു ഭഗവാന്റെ ക്ഷേത്രത്തിലേക്കാണോ പോകുന്നത്, ആ ഭഗവാന്റെ നാമം ജപിക്കാൻ ആരംഭിക്കുക.
2. ക്ഷേത്രത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് കൈയ്യും കാലും മുഖവും കഴുകാനുള്ള സൗകര്യമുണ്ടെങ്കിൽ അവ കഴുകി, അപവിത്ര : പവിത്രോ വാ .... എന്ന് തുടങ്ങുന്ന ശ്ലോകം ചൊല്ലി ശരീരത്തിൽ മൂന്നു തവണ വെള്ളം തളിക്കുക.
3. അതിനുശേഷം താഴികക്കുടത്തെ നോക്കി നമസ്കരിച്ച് ക്ഷേത്രത്തിൽ പ്രവേശിക്കുക. താഴികക്കുടത്തെ നമസ്കരിക്കുമ്പോൾ നമുക്ക് ഭഗവാന്റെ ചൈതന്യം ലഭിക്കുന്നു.
4. ക്ഷേത്രത്തിൽ പ്രവേശിക്കുമ്പോൾ വലതു കൈ വിരലുകൾ കൊണ്ട് പടിയെ സ്പർശിച്ച് ഭ്രൂമധ്യത്തിൽ തൊടുക.
5. ദേവാലയത്തിന്റെ സഭാമണ്ഡപത്തിലേക്ക് പ്രവേശിക്കുമ്പോൾ, 'ഭഗവാനെ, അങ്ങയുടെ വിഗ്രഹത്തിൽ നിന്ന് പ്രക്ഷേപിക്കപ്പെടുന്ന ചൈതന്യത്തിന്റെ ഗുണം എനിക്ക് ലഭിക്കട്ടെ' എന്ന് പ്രാർത്ഥിക്കുക.
6. കഴിവതും മണി അടിക്കാതിരിക്കുക, അഥവാ അടിക്കണമെന്നുണ്ടെങ്കിൽ വളരെ പതുക്കെ അടിക്കുക.
7. വിഗ്രഹത്തിനും അതിന്റെ മുമ്പിലുള്ള കൂർമ്മത്തിനും (ശിവക്ഷേത്രത്തിൽ നന്ദിക്കും) ഇടയ്ക്ക് നിൽക്കാതെ കൂർമത്തിന്റെ അരികിൽ നിന്ന് കൊണ്ട് ഭഗവാനെ ദർശിക്കുക.
8. ഭഗവാനെ ദർശിക്കുമ്പോൾ ആദ്യം ഭഗവാന്റെ ചരണങ്ങളിൽ നോക്കി ശിരസ്സ് കുനിച്ച് കൊണ്ട് തന്റെ അഹംഭാവം നശിക്കുന്നതിനായി പ്രാർത്ഥിക്കുക. തത്ഫലമായി വ്യക്തിയിൽ വിനയം വർദ്ധിക്കുകയും ഭഗവാന്റെ ചൈതന്യം ഗ്രഹിക്കാൻ ഇടയാകുകയും ചെയ്യുന്നു. അതിനുശേഷം ഭഗവാന്റെ വക്ഷസ്ഥലം (അനാഹത ചക്രം) നോക്കിക്കൊണ്ട് മനസ്സ് ഏകാഗ്രമാക്കി ഭക്തി വർധിക്കുന്നതിനായി ദേവതയെ സ്തുതിക്കുകയും യാചിക്കുകയും ചെയ്യുക. പിന്നീട് ദേവതയുടെ നേത്രങ്ങളിലേക്ക് നോക്കി ദേവതയുടെ രൂപം മനസ്സിൽ പതിപ്പിക്കുക. ഇപ്രകാരം ഭഗവാനെ ദർശിക്കുമ്പോൾ വ്യക്തി ദേവതയുടെ ചരണങ്ങളുടെ മാധ്യമത്തിലൂടെ വിനയം നേടി അനാഹത ചക്രത്തിൽ നിന്ന് ഭക്തി ഭാവം കൈവരിച്ച് ദേവതയുടെ നേത്രങ്ങളിലൂടെ ദേവതയുടെ രൂപവുമായി ലയിച്ചു ചേരാനായി പ്രയത്നിക്കേണ്ടതാണ്.
9. അതിനുശേഷം ദേവതയെ പ്രദക്ഷിണം വയ്ക്കുക. പ്രദക്ഷിണം വയ്ക്കുന്നതിനുമുമ്പ് ഭഗവാനോട് പ്രാർത്ഥിക്കുക – 'ഭഗവാനേ, പ്രദക്ഷിണം വയ്ക്കുന്ന സമയത്ത് അങ്ങയുടെ അനുഗ്രഹത്താൽ എന്റെ ഓരോ കാലടി പതിയുമ്പോഴും എന്റെ പൂർവ്വ ജന്മ പാപങ്ങൾ ശമിക്കുകയും അങ്ങയിൽ നിന്ന് വരുന്ന ചൈതന്യം എനിക്ക് കൂടുതൽ ഗ്രഹിക്കാനും സാധിക്കട്ടെ.'
10. പ്രദക്ഷിണം വയ്ക്കുമ്പോൾ സാവധാനം നാമം ജപിച്ചു കൊണ്ട് വേണം പ്രദക്ഷിണം വെയ്ക്കേണ്ടത്. ഒന്നിലധികം പ്രദക്ഷിണം വയ്ക്കുന്ന സമയത്ത് ഓരോ പ്രദക്ഷിണം പൂർത്തിയാകുമ്പോഴും ദേവതയെ നമസ്കരിച്ചതിനുശേഷം മാത്രമേ അടുത്ത പ്രദക്ഷിണം തുടങ്ങാവൂ. ദേവിമാരുടെ വിഗ്രഹത്തിന് ഒറ്റ സംഖ്യയിലും (ഉദാ. 1,3,5) ദേവ

ന്മാരുടെ വിഗ്രഹത്തിന് ഇരട്ടസംഖ്യയിലും (2,4,6) പ്രദക്ഷിണം വയ്ക്കുക.

11. പ്രദക്ഷിണം വച്ചതിനു ശേഷം വലതു കൈയ്യിൽ തീർത്ഥം എടുത്ത് അത് സേവിച്ചതിനു ശേഷം ഉള്ളംകൈകൊണ്ട് കണ്ണുകൾ, നെറ്റി, ശിരസ്സ്, കഴുത്തിന്റെ പിറകു വശം എന്നിവിടങ്ങളിൽ തലോടുക.

12. പ്രസാദം സ്വീകരിക്കുമ്പോൾ വിനയത്തോടെ അല്പം കുനിയുക. പ്രസാദം താഴെ വീഴ്ത്താതെ കഴിക്കുക.

13. അതിനുശേഷം കുറച്ചു സമയം ക്ഷേത്രത്തിലിരുന്ന് നാമം ജപിക്കുക. അങ്ങനെ ചെയ്യുമ്പോൾ ദേവതയിൽ നിന്ന് പ്രക്ഷേപിക്കുന്ന ചൈതന്യ തരംഗങ്ങൾ പ്രവർത്തനക്ഷമമാകുകയും വ്യക്തിക്ക് അതിന്റെ ഗുണം ലഭിക്കുകയും ചെയ്യുന്നു.

14. ദേവാലയത്തിൽ നിന്ന് പുറത്തിറങ്ങുമ്പോൾ 'ഭഗവാനെ, അങ്ങയുടെ കൃപാദൃഷ്ടി എല്ലായ്പ്പോഴും എനിക്കുമേൽ ഉണ്ടാകണേ', എന്ന് ഭഗവാനോട് പ്രാർത്ഥിക്കുക.

15. പുറത്തിറങ്ങി താഴിക കുടത്തെ വീണ്ടും നോക്കി നമസ്കരിക്കുക.

നാം ഇപ്രകാരം ക്ഷേത്രദർശനം നടത്തുകയാണെങ്കിൽ നമ്മളിൽ ഈശ്വരനോടുള്ള ഭക്തിഭാവം വർദ്ധിക്കുകയും ക്ഷേത്രദർശനത്തിന്റെ ഉദ്ദേശ്യം സഫലമാകുകയും ചെയ്യും.

# അന്ന് വെള്ളപ്പൊക്കവും കൊടുങ്കാറ്റും താറുമാറാക്കിയപ്പോൾ

**രവി കുറ്റിക്കാട്**

തൊണ്ണൂറ്റൊമ്പതിലെ വെള്ളപ്പൊക്കവും (1924) പതിനാറിലെ കാറ്റും (1941) കേരളീയ ജീവിതം താറുമാറാക്കിയിരുന്നു. അതൊക്കെ അതിജീവിക്കാൻ അന്നത്തെ കൊച്ചി രാജ്യത്തെ ഭരണാധികാരികൾ ചില ദുരിതാശ്വാസ നടപടികൾ കൈക്കൊണ്ടിരുന്നു. 1116 ലെ (1941) കാറ്റിനെക്കുറിച്ച് കൊച്ചി നിയമസഭ ചർച്ച നടത്തുകയും നാശനഷ്ടങ്ങൾ വിലയിരുത്തുകയും ദുരിതാശ്വാസ നടപടികൾ എടുക്കുകയും ചെയ്തതായി നിയമസഭാ രേഖകൾ പറയുന്നു.

1941 മെയ് 26,27 തീയതികളിൽ കൊച്ചിയിൽ മൂന്നു മണിക്കൂർ തുടർച്ചയായി വീശിയ കാറ്റ് രണ്ടു ലക്ഷത്തിലധികം വീടുകളെ പൂർണമായോ ഭാഗികമായോ തകർത്തു കളഞ്ഞു. മഹാരാജാസ് കോളേജിലെ ഓടുകൾ പറന്നു പോയി. മരങ്ങൾ വീണ് വഴിച്ചാലുകൾ അടഞ്ഞു. സർക്കാർ മന്ദിരങ്ങൾക്ക് ലക്ഷക്കണക്കിനു രൂപയുടെ നാശനഷ്ടങ്ങൾ വരുത്തി. സ്ഥിതിഗതികൾ വിലയിരുത്തിയ നിയമസഭ വീടുകളുടെ അറ്റകുറ്റ പണികൾക്കായി 1,50,000 രൂപ അനുവദിച്ചു. കൊടുങ്കാറ്റ് ദുരിത നിവാരണ ലോട്ടറി തുടങ്ങി. ഇന്ന് നമ്മൾ ലോട്ടറി തുടങ്ങിയത് പി. കെ. കുഞ്ഞ് ധനമന്ത്രിയായിരുന്ന കേരള മന്ത്രി സഭയാണെന്ന് പറയുന്നുണ്ടെങ്കിലും ആദ്യ ലോട്ടറി ഇറക്കിയത് രാജഭരണകാലത്താണെന്ന് ലോട്ടറി സംബന്ധിച്ച് ഗവൺമെന്റ് ഇറക്കിയ പരസ്യം പറയുന്നു.

ഇതോടൊപ്പം കൊടുക്കുന്ന പരസ്യം നോക്കുക. ഈ പരസ്യം സർക്കാർ മഹാരാജാസ് കോളേജ് മാഗസിനിൽ കൊടുത്തതാണ്.








# മനസ്സും മസ്തിഷ്കവും മയക്കുമരുന്നുകളും

**സി. രാമചന്ദ്രൻ. ഫോൺ : 9995820684**

അറിയപ്പെടുന്ന ചരിത്രത്തിലെ ആദിമമനുഷ്യർക്കു പോലും ലഹരി സസ്യങ്ങളെക്കുറിച്ചറിയാമായിരുന്നു എന്നതിന് നരവംശ ശാസ്ത്രപരമായ തെളിവുകളുണ്ട്. ഋഗ്വേദത്തിൽ തന്നെ സോമരസത്തെ പ്രകീർത്തിക്കുന്ന ഒട്ടനവധി സ്തുതികളുണ്ടത്രേ! കഞ്ചാവിനെക്കുറിച്ചും പൗരാണിക ഋഷിമാർക്കറിയാമായിരുന്നു. ലഹരി എന്നത് ആചാരനുഷ്ഠാനങ്ങളുടെ ഭാഗവുമായിരുന്നു. ആത്മീയ ചിന്തകൾ അതീദ്രീയാനുഭൂതികളായി പാറിപ്പറക്കുവാൻ അത് മനുഷ്യനെ സഹായിച്ചിട്ടുമുണ്ട്. വിനോദവേളകൾ ആസ്വാദ്യകരമാക്കുവാനും ഉത്സവവേളകളിൽ കൂത്താടാനും ഇത്തരം ലഹരികൾ പ്രയോജനപ്പെടുത്തിയിരുന്നു. ഇന്നും ഉത്തരേന്ത്യയിൽ ഭാംഗ് എന്ന പാനീയം ആഘോഷവേളകളെ പാനമഹോത്സവങ്ങളും മായിക പ്രഭാപൂരിതവുമാക്കിത്തീർക്കുന്നു. കറുപ്പും കഞ്ചാവും അരനൂറ്റാണ്ടിനുമുമ്പു വരെ നിരോധിത വസ്തുക്കളായിരുന്നില്ല.

മയക്കു മരുന്നുകൾ എന്ന് പൊതുവേ അറിയപ്പെടുന്ന ലഹരി വസ്തുക്കളിൽ വേദനസംഹാരികളും ഉത്തേജക വസ്തുക്കളും വിഭ്രമജനകങ്ങളും പെടും. പ്രകൃതിയിൽ നിന്നു ലഭിക്കുന്നത് അതേപടി ഉപയോഗിക്കുന്നതിനു പുറമേ സംസ്കരിച്ചു സാന്ദ്രീകരിച്ചുള്ള ഉപയോഗവുമുണ്ട്. ആധുനിക കാലത്ത് രാസപ്രക്രിയയിലൂടെ സംസ്കരിച്ചെടുക്കുന്ന ലഹരി പദാർത്ഥങ്ങളുമുണ്ട്. ഇന്നിതെല്ലാം നിരോധിക്കപ്പെട്ടിട്ടുണ്ടെങ്കിലും അധോലോക വ്യവസായത്തിലെ പ്രധാന ഘടകവസ്തുവായി ഇവ നിലക്കൊള്ളുന്നു. ഡയാസിപാം എന്ന മരുന്ന് ചേർത്ത പലഹാരം നൽകി നടത്തുന്ന തീവണ്ടിക്കവർച്ചകളുടെയും മയക്കു ബിസ്കറ്റുകൾ നൽകി ചെയ്യുന്ന സ്ത്രീപീഡനങ്ങളുടെയും കഥകൾ പത്രങ്ങളിലും ചാനലുകളിലും സാധാരണമാണല്ലോ. ആധുനിക രസതന്ത്രം ചില കൂണുകളിൽ നിന്നും സസ്യങ്ങളിൽ നിന്നും ഒട്ടേറെ ലഹരിപദാർത്ഥങ്ങൾ വേർതിരിച്ചെടുത്തിട്ടുണ്ട്. ഫാർമക്കോളജിയുടെ പിതാവ് എന്നറിയപ്പെടുന്ന പാരാസെൽസസ് എന്ന വൈദ്യന്റെ പ്രസിദ്ധമായ ഒരു പ്രസ്താവം ഇവിടെ പ്രസക്തമാണ്. എല്ലാ ഔഷധങ്ങളും വിഷമാണ്. എല്ലാ വിഷങ്ങളും ഔഷധങ്ങളുമാണ്. ഏതു രൂപത്തിൽ, എത്ര അളവിൽ, ആരുടെ കുറുപ്പടി പ്രകാരം ഉപയോഗിക്കുന്നു എന്നതാണ് കാര്യം.

മയക്കുമരുന്നുകളെ മൂന്നായി തരം തിരിക്കാമെന്നു പറഞ്ഞു. ശമനകാരികൾ നാഡീവ്യൂഹത്തെ തളർത്തുകയും ശാന്തമാക്കുകയും ഉപഭോഗികളെ ഉറക്കത്തിലേക്കു നയിക്കുകയും ചെയ്യുന്നു. ലഹരിഭക്തർ ഇതിനെ ഡൗണേഴ്സ് എന്നു പറയും. എന്നാൽ ഉത്തേജകങ്ങൾ നാഡീവ്യൂഹത്തെ ഉത്തേജിപ്പിക്കുന്നു. ഇവയെ അപ്പേഴ്സ് എന്നു പറയും. മൂന്നാമത്തെ വിഭ്രമകാരികളാകട്ടെ വസ്തുക്കളെയും വസ്തുതകളെയും പെരുപ്പിച്ചു കാണിക്കുന്നു. ദൂരെയുള്ളത് അടുത്താണെന്നും അടുത്തുള്ളത് ദൂരെയാണെന്നും തരാതരംപോലെ പ്രതീതി സൃഷ്ടിക്കുന്നു.

മനസ്സിനെ മസ്തിഷ്കം എന്ന ഹാർഡ്വെയറിന്റെ സോഫ്റ്റ് വെയറായി മുമ്പും ഉപമിച്ചിട്ടുണ്ട്. മസ്തിഷ്കവും മനസ്സും തമ്മിലുള്ള സമതുലിതമായ പ്രവർത്തനത്തിലൂടെയാണ് മനുഷ്യജീവിതത്തിന്റെ സത്ത നിർണയിക്കപ്പെടുന്നത്. ശാഖോപശാഖകളായി പിരിഞ്ഞു വിതരണം ചെയ്തു കിടക്കുന്ന ന്യൂറോൺ ശൃംഖലയിൽ കടന്നുകൂടി തെറ്റായ പ്രോഗ്രാമുകളുണ്ടാക്കുന്ന വൈറസ്സുകളാണ് മയക്കു മരുന്നുകൾ. അനഭിലഷണീയമായ വസ്തുക്കൾ മസ്തിഷ്കത്തിൽ കടന്നു കയറാനുള്ള സാധ്യതകളെ തടയുന്ന സുരക്ഷാസംവിധാനം മസ്തിഷ്കത്തിലുണ്ട്. എന്നാൽ ഈ സംവിധാനങ്ങളെ കബളിപ്പിച്ചുകൊണ്ട് തലച്ചോറിലേക്ക് ഇരച്ചു കയറാനുള്ള കഴിവാണ് മയക്കു മരുന്നുകൾക്കുള്ളത്. കറുപ്പിൽ നിന്നുല്പാദിപ്പിക്കുന്ന മോർഫിൻ ഉദാഹരണം. ലഹരിയുടെ ഗ്രീക്ക് ദേവതയായ മോർഫ്യുസിന്റെ പേരിൽ നിന്നാണിതിന് അതിന്റെ പേര് ലഭിച്ചത്. മോർഫിൻ വീണ്ടും സംസ്കരിച്ചുണ്ടാക്കുന്നതാണ് ഹെറോയിൻ. ഇതു രണ്ടും മസ്തിഷ്കത്തിൽ അതിവേഗം ഇരച്ചു കയറും. സാന്ത്വന ചികിത്സയിൽ വേദനസംഹാരിയായി ഇവ രണ്ടിന്റെയും ഉപയോഗം വളരെ ഫലപ്രദമാണ്.

മരുന്നുകൾ മസ്തിഷ്കത്തിൽ പ്രവർത്തിക്കുവാനെടുക്കുന്ന സമയം മരുന്നിനേയും അതിന്റെ പ്രയോഗ രീതിയേയും ആശ്രയിച്ചിരിക്കും. പുകയായി വലിച്ചാൽ പത്തുസെക്കന്റിൽ മസ്തിഷ്കത്തിലെത്തുന്നത് സിരകളിൽ കുത്തിവച്ചാൽ മുപ്പതു സെക്കന്റും മൂക്കിൽ വലിച്ചാൽ അഞ്ചുമിനിറ്റും ചവച്ചിറക്കിയാൽ മുപ്പതു മിനിറ്റും ആവശ്യമായി വരും. ചില മരുന്നു ചവച്ചാൽ അഞ്ചുമിനിറ്റു മതിയാകുന്നത് വായിൽ വച്ചു തന്നെ രക്തത്തിൽ ആഗിരണം ചെയ്യപ്പെടുന്നതുകൊണ്ടാണ്.

മസ്തിഷ്ക കാണ്ഡത്തിന്റെ ഒരു പ്രധാന ഉപഘടകമായ മെഡുല ഒബ്ലാങ്ങാറ്റയിൽ മരുന്നിന്റെ ആഘാ

തമേൽക്കുമ്പോൾ മയക്കമുണ്ടാകും. അധികമായാൽ ബോധക്കേടും അതിനിദ്രയും ശ്വാസതടസ്സവും മരണവും വരെ സംഭവിക്കാം. സെറിബെല്ലം എന്ന മസ്തിഷ്ക ഭാഗത്തെ ബാധിക്കുന്ന മരുന്നുകൾ ശരീരസന്തുലിതാവസ്ഥയെ ഇല്ലാതാക്കുകയും വിറയലുണ്ടാകുകയും കണ്ണുകളെ അനിയന്ത്രിതമായി ചലിപ്പിക്കുകയും ചെയ്യും. മധ്യമ മസ്തിഷ്കത്തിന്റെ വിവിധ ഭാഗങ്ങളായ ലിംബിക് വ്യൂഹം വികാരങ്ങളുമായും, തലാമസ് വേദനയുമായും, ഹൈപ്പോതലാമസ് ഹോർമോൺ സ്രവങ്ങളുമായും, ഹിപ്പോകാമ്പസ് ഓർമശക്തിയുമായും, ന്യൂക്ലിയസ് അക്യുബെൻസ് അനുഭൂതികളുമായും ബന്ധപ്പെട്ടു കിടക്കുന്നു. ഭക്ഷണത്തോടുള്ള ആർത്തിയും ലൈംഗിക ബന്ധത്തോടുള്ള ആസക്തിയും മധ്യമസ്തിഷ്കവുമായി തന്നെ ബന്ധപ്പെട്ടു കിടക്കുന്നതാണ്. ഉത്തേജക മരുന്നുകൾ ഇവിടെയാണ് പ്രവർത്തനനിരതമാകുന്നത്. കൊക്കെയ്ൻ പോലുള്ള മരുന്നുകൾ ആനന്ദകേന്ദ്രങ്ങളെ ഉത്തേജിപ്പിക്കുന്നതുകൊണ്ടാണ് സുഖാനുഭൂതിയുണ്ടാകുന്നത്. ആനന്ദവും അനുഭൂതിയും ചേർന്നുണ്ടാകുന്ന ദൂഷിത ആസക്തിയാണ് മരുന്നിനായി അഭിനിവേശം വളർത്തുന്നതും കാശിനായി കവർച്ച നടത്തുവാൻ പ്രേരകമാകുന്നതും.

മസ്തിഷ്കത്തിന്റെ സിംഹഭാഗവും സെറിബ്രൽ കോർടെക്സ് ആണ്. ഭാഷ, യുക്തിചിന്ത, വിശകലനം, നീതിബോധം തുടങ്ങിയവയാണിതിന്റെ ധർമ്മം. മനം മാറ്റമുണ്ടാക്കുന്ന അനവധി മരുന്നുകൾ ഇതിനെയാണ് ബാധിക്കുന്നത്. കാഴ്ചയുമായി ബന്ധപ്പെട്ട വിഷ്വൽ കോർടെക്സ് തലച്ചോറിന്റെ ഏറ്റവും പിറകിലാണ്. ഇവിടെ ബാധിക്കുന്ന മരുന്നുകൾ കാഴ്ചയിൽ വിഭ്രാന്തിയുണ്ടാക്കും. ജിന്നുകളും മാലാഖമാരും ഗന്ധർവ്വന്മാരുമെല്ലാം പ്രത്യക്ഷപ്പെടുന്നതപ്പോഴാണ്. ടെംപൊറൽ ലോബിനെയാണ് മരുന്നു ബാധിക്കുന്നതെങ്കിൽ ദൈവത്തിന്റെ അരുളപ്പാടുകളും ചെകുത്താന്റെ അലർച്ചകളും കേട്ടെന്നിരിക്കും. മരുന്നുകൾ ഉപയോഗിക്കാതെ തന്നെ ഇത്തരം വൈകല്യങ്ങൾ മാനസിക രോഗമായിത്തന്നെ ഒരാളിൽ ഉണ്ടാകാം. അങ്ങിനെയുള്ള പലരും പ്രവാചകന്മാരും അവധൂതന്മാരും ആൾദൈവങ്ങളും മറ്റുമായി മാറിയ ചരിത്രങ്ങളുമുണ്ട്.

ആഫ്രിക്കയിലെ ചില കാട്ടുപന്നികൾ മണ്ണുകുത്തി മറിച്ച് ചില വേരുകൾ ചികഞ്ഞെടുത്ത് ചവയ്ക്കുമ്പോൾ വിറളി പിടിച്ചു മദിക്കുന്നതായി ചില ആദിവാസികൾ നിരീക്ഷിച്ചു. അവർ അത് പരീക്ഷിച്ചപ്പോൾ മരിച്ചവരുടെ ആത്മാക്കളുമായി സംസാരിക്കാനായി എന്നാണ് പറഞ്ഞത്. ഇതിന് ദൈവിക പരിവേഷം ലഭിക്കാനും മതാനുഷ്ഠാനങ്ങളിൽ സ്ഥാനം ലഭിക്കാനും താമസമുണ്ടായില്ല. ഇബോഗ എന്ന ഈ സസ്യത്തിന്റെ വേരുകളിൽ നിന്നും ശാസ്ത്രജ്ഞന്മാർ ഇബോഗെയിൻ എന്ന മരുന്ന് വേർതിരിച്ചെടുത്തു. ഇതിന്റെ ലഹരി ഒരാഴ്ചവരെ നീണ്ടു നിൽക്കുമെന്നും കണ്ടെത്തി. ആഫ്രിക്കയിലെ മതപ്രചാരകൻ കിണഞ്ഞു പരിശ്രമിച്ചിട്ടും ഇതിന്റെ ആസക്തിയും ഉപയോഗവും കുറയ്ക്കാൻ കഴിഞ്ഞില്ല. എന്നാൽ ശാസ്ത്രപ്രചരണത്തിലൂടെ അല്പം ഫലം കണ്ടിട്ടുണ്ട്. ഏറ്റവും രസകരം മറ്റു ചില മരുന്നുകളുമായി ചേർത്ത് ലഹരിയോടുള്ള ആസക്തി കുറയ്ക്കുവാനായി ഇത് ഫലപ്രദമായി പരീക്ഷിച്ചിട്ടുണ്ട് എന്നതാണ്.

ആഫ്രിക്കയിൽ തന്നെ വളരുന്ന ഖാറ്റ് എന്ന ഒരു കുറ്റിമരമുണ്ട്. കാത്താ ഇഡുലിസ് എന്ന് ശാസ്ത്രനാമം. ഇതിന്റെ ഇലയും ഇളം കമ്പുകളും ചതച്ചു പിഴിഞ്ഞ് തേൻ ചേർത്തു കഴിച്ചും, ഇടിച്ചു പൊടിച്ചുണക്കി കത്തിച്ചു പുകവലിച്ചും, വെള്ളം ചേർത്ത് തിളപ്പിച്ചു വറ്റിച്ച് അരിച്ചു കുടിച്ചും ലഹരി ആസ്വദിക്കുവാൻ കഴിയും. പ്രമാണിമാരുടെ വീടുകളിൽ സൗഹൃദസദസ്സുകൾ ചേർന്ന് ഇതാസ്വദിക്കുവാൻ പ്രത്യേക മുറികൾ തന്നെ ഉണ്ടായിരുന്നുവത്രേ! ഈ മരുന്നിന്റെ സത്ത് ഊറ്റി മെത്കാത്തിയോൺ എന്ന പേര് നൽകിയിട്ടുണ്ട്. ഉപഭോഗികൾ ഇതിന് 'കാട്ടുപൂച്ച' 'അത്ഭുത നക്ഷത്രം' എന്നു തുടങ്ങിയ ഓമനപേരുകൾ നൽകിയിട്ടുമുണ്ട്. നോമ്പുകാലത്ത് വിശപ്പുണ്ടാകാതിരിക്കാൻ ചില അറബികൾ ഇതുപയോഗിച്ചിരുന്നു. ഐക്യരാഷ്ട്രസഭയുടെ സമാധാന സേനാനികൾ ആഫ്രിക്കയിൽ ക്യാമ്പു ചെയ്യുമ്പോൾ ഈ മരുന്ന് അരുമയോടെ ഉപയോഗിച്ചിരുന്നു. സോവ്യയറ്റ് യൂണിയൻ തകർന്നതോടെ റഷ്യയുടെ അധോലോക വിപണിയിൽ മെറ്റ്കാത്തിയോൺ താരമായി മാറി.

ലൈംഗിക ചോദനയെ ഉദ്ദീപിക്കുവാനുതകുന്ന ഫ്ളൂനൈട്രാസിപാം എന്ന മരുന്നു നൽകി, പെൺകുട്ടികളെ അക്രമരഹിത ബലാത്സംഗത്തിനിരയാക്കുന്ന പുതിയൊരു പ്രവണതയാണിന്നു കാണുന്നത്. അനസ്തേഷ്യ പോലുള്ള അവസ്ഥയുള്ളതിനാൽ ഓർമ്മ നിൽക്കില്ല. തളർന്നു സുഖകരമായ ആലസ്യത്തിൽ മയങ്ങി ഉണരുമ്പോഴേക്കും കഴിഞ്ഞതെല്ലാം മറന്നിരിക്കും. കുറ്റവാളികളുടെ ഉറ്റതോഴനാണിത്. അന്താരാഷ്ട്ര ചാരവനിതകളുടെ പ്രിയപ്പെട്ട വശീകരണ വസ്തുവായും ഇതിന് സ്ഥാനമുണ്ട്. ഹോട്ടലുകളിൽ നിശാനൃത്ത വിഹാരകൂട്ടായ്മകളിലും ഇത്തരം മരുന്നുകൾ ഗാനനൃത്തങ്ങളെ പുഷ്ക്കലമാക്കും.

ആത്മീയം, ദൈവീകം, ലൈംഗികം, സുകുമാര കലാവിഷ്ക്കാരങ്ങൾ തുടങ്ങിയ മാനസിക വ്യാപാര സാക്ഷാത്കാരങ്ങളിലാണ് മയക്കുമരുന്നുകളും വ്യാപരിക്കുന്നത്. മതമൗലിക തീവ്രവാദികൾക്കിടയിലെ ചാവേറുകൾ വിധ്വംസക പ്രവർത്തനങ്ങളിൽ പങ്കെടുത്ത് സസന്തോഷം ജീവത്യാഗം ചെയ്യുന്നത് മയക്കുമരുന്നുകളുടെ സ്വാധീനത്തിലാണ്. മതചിന്തയെ അത് ഭ്രാന്തമായ തലത്തിലെത്തിക്കും. ചില മതവിഭാഗങ്ങൾക്ക് അവരുടെ കൂട്ടപ്രാർത്ഥനയുടെ അവസാനഘട്ടത്തിൽ ദൈവവിളിയുണ്ടാകുകയും മറുഭാഷ പറയുകയും ചെയ്യുന്ന വേളയേയും നമുക്ക് ഇവിടെ ഓർമ്മിക്കാം.





# സുഹൃദ്ബന്ധം (കൂട്ടുകെട്ട്)

**വിദ്വൽപ്രഭ. ജെ. എസ്. ഫോൺ : 9847537007**

അമൂല്യമായ ഒന്നാണ് സുഹൃദ്ബന്ധം. ശക്തിയും ഊർജ്ജവും പകരുന്ന ഘടകം. പക്ഷേ ആത്മാർത്ഥതയും സത്യസന്ധതയും തുളുമ്പുന്നതായിരിക്കണം. അത് ഏതു പ്രതിസന്ധിയേയും തരണം ചെയ്യാൻ നല്ല ചങ്ങാതിമാരുണ്ടെങ്കിൽ വളരെ സുഗമം.

'ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട എന്നല്ലേ' നന്നായാൽ അവിടെയാണതിന്റെ പ്രസക്തി. മോശമായാൽ ഫലം വിപരീതം.

'മറ്റുള്ളവരുടെ ക്ഷേമത്തിലും, സന്തോഷത്തിലും നമ്മുടെ താല്പര്യം ആത്മാർത്ഥമായി പ്രദർശിപ്പിച്ചാൽ സുഹൃദ്ബന്ധം കൂടുതൽ വിപുലപ്പെടുത്താം. നമ്മോട് മറ്റുള്ളവർ സ്നേഹം പ്രകടിപ്പിക്കുമ്പോൾ നാം സന്തുഷ്ടരാണ്. തികച്ചും അതുപോലെയാണ് തിരിച്ചും നൽകേണ്ടത്.

അമ്മ കുഞ്ഞിനോട് സ്നേഹം കാണിക്കുമ്പോഴല്ലേ കുഞ്ഞു മോണ കാട്ടി ചിരിക്കുന്നത്. മക്കൾ അമ്മയെ ആദരിക്കുന്നത് സ്നേഹപ്രകടനത്താലാണ്. നമ്മുടെ ഒരു ചെറു പുഞ്ചിരി മറ്റുള്ളവർക്കു ഉന്മേഷം പകരാൻ കഴിഞ്ഞേക്കും. നന്മ കണ്ടാൽ പ്രകീർത്തിക്കാൻ ഉപേക്ഷ വിചാരിക്കേണ്ട.

വാക്കും പ്രവർത്തിയും ആത്മാർത്ഥമായിരിക്കണം. അഭിപ്രായ ഭിന്നതയുണ്ടെങ്കിൽ വ്യക്തമാക്കാം. വിയോജിപ്പിന്റെ മൂർച്ചയില്ലാതിരിക്കാൻ ശ്രദ്ധിക്കണം. പരസ്പരം ബഹുമാനിച്ച് സ്നേഹിച്ച് അഭിപ്രായം പറയാം. മർക്കടമുഷ്ടിക്ക് സ്ഥാനം കൊടുക്കാതെ തെറ്റും ശരിയും അംഗീകരിക്കണം. തെറ്റാണെങ്കിൽ തിരുത്താനുള്ള മനസ്സ് ആവശ്യം.

പല തരത്തിലുള്ളവരെ നാം കണ്ടു മുട്ടുന്നു. ആരായാലും നല്ല കാര്യങ്ങൾ കണ്ടാൽ പ്രശംസിക്കാൻ മടി കാട്ടണ്ട. ആദരവും അംഗീകാരവും, പ്രശംസയും ഒത്തിണങ്ങുമ്പോൾ നാം ചെയ്യുന്ന ദൗത്യം സാഫല്യത്തിലെത്തും. കാപട്യവും നാട്യവും തീണ്ടാത്ത വാക്കും പെരുമാറ്റവും ആർക്കും ഇഷ്ടപ്പെടും.

സ്വയം പുകഴ്ത്താതെ മറ്റുള്ളവരെ അഭിനന്ദിക്കുകയും പ്രശംസിക്കുകയും ചെയ്താൽ നമ്മുടെ മേന്മയും കഴിവും സ്വയം വെളിച്ചത്തു വരും. ഇല്ലാത്തത് ഉണ്ടെന്ന് കാട്ടാനുള്ള ശ്രമം മൂഢത്തരം. പ്രതിഫലേച്ഛ കൂടാതെ മറ്റുള്ളവരെ സഹായിക്കാൻ മനസ്സിനെ പാകപ്പെടുത്തണം.

കർമ്മനിരതമായ ജീവിതം എല്ലാവർക്കും ആനന്ദം പ്രദാനം ചെയ്യും. മനുഷ്യൻ സമൂഹജീവിയാണ്. സമൂഹത്തിന്റെ പെരുമാറ്റച്ചട്ടങ്ങൾ പാലിക്കാൻ വിധേയനാണ്. ആ ചിന്ത നമുക്കുണ്ടെങ്കിൽ സഹജീവികളോട് പ്രതികരിക്കുന്നത് ആ ചട്ടക്കൂട്ടിൽ നിന്നായിരിക്കും. തന്മൂലം സുഹൃത്തുക്കളും സന്തോഷം നേടും.

നമ്മുടെ കൂട്ടുകെട്ട് ഏതു തരത്തിലാണ് എന്നതിനെ ആശ്രയിച്ചിരിക്കും ഗുണം. നമ്മുടെ ജീവിതത്തെ ഒരു പാട് സ്വാധീനിക്കുന്ന ഘടകമാണ് സൗഹൃദം. അത് വ്യക്തമാക്കാം താഴെ പറയുന്ന സന്ദർഭത്തിലൂടെ.

കാറ്റത്ത് പറന്നുയർന്ന കടലാസു കഷണം ചെന്നു വീണത് മുരിക്കിൻ പൂവിന്റെ മുകളിലാണ്. ആ കടലാസിന്റെ ഹൃദയഹാരിയായ പരിമളം മുരിക്കിൻ പൂവിനെ അതിശയിപ്പിച്ചും അത് വിസ്മയത്തോടെ ചോദിച്ചു.

'നീയാര്, വേഷം മാറി വന്ന ദേവസുന്ദരിയോ'

ഹേയ് അല്ല. ഞാൻ വെറുമൊരു കടലാസു കഷ്ണം, നിനക്കീ സുഗന്ധം എവിടുന്നു കിട്ടി'

മുരിക്കിൻ പൂവ് ആശ്ചര്യത്തോടെ ചോദിച്ചു. 'ഞാനിപ്പോൾ പറന്നു വരുന്നത് ഒരു പൂക്കടയിൽ നിന്നാണ്.' മുല്ലപ്പൂ പൊതിഞ്ഞു വന്ന എന്നെ പുറത്തിട്ടപ്പോൾ കാറ്റ് എന്നെ നിന്റെ അരികിലെത്തിച്ചു. കടലാസു കഷണത്തിനു വന്ന പരിമളം നമ്മെ ചിന്തിപ്പിക്കുന്നു.

മുല്ലപ്പൂമ്പോടിയേറ്റു കിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം.

മുല്ലപ്പൂ കടലാസിനു സൗരഭ്യം പകരുന്നതുപോലെ നല്ല സുഹൃദ്ബന്ധം നാമറിയാതെ അവരുടെ നന്മയും, ഗുണവും നമ്മെ സ്വാധീനിക്കും.

കുട്ടികളുടെ കാര്യത്തിൽ മാതാപിതാക്കൾക്ക് അതീവ ജാഗ്രത വളരെ ആവശ്യം. അവരുടെ ചങ്ങാതിമാരെക്കുറിച്ച് അവബോധം മുതിർന്നവർക്ക് വേണ്ടതാണ്. കുട്ടികളെ നേർവഴിക്ക് ജീവിക്കുവാൻ പ്രാപ്തരാക്കാൻ നമ്മുടെ നിർദ്ദേശം അത്യാവശ്യം.
ഏതു തരത്തിലുള്ള കൂട്ടുകെട്ടാണ് അവർക്കു വേണ്ടത് എന്നതിന്റെ പ്രസക്തി പറഞ്ഞ് ബോധവല്ക്കരിക്കേണ്ട ബാദ്ധ്യസ്ഥത മറന്നു പോകരുത്. സംസർഗ്ഗഗുണം എന്ന ഘടകം അത്യന്താപേക്ഷിതമല്ലേ.

നല്ല പൗരന്മാരാകാൻ വേണ്ട പരിശീലനം സുഹൃത്തുക്കൾക്ക് പരസ്പരം കൈമാറാൻ കഴിയണം.

# മസ്തിഷ്കവും നാഡീവ്യൂഹവും

ഡോ. പാർവതി. കെ. എസ്

ശരീരത്തിന്റെ നാനാപ്രകാരത്തിലുള്ള പ്രവർത്തനങ്ങളെ സംയോജിപ്പിക്കുകയും അവയെ നിയന്ത്രിക്കുകയും ചെയ്യുന്ന കേന്ദ്രമാണ് മസ്തിഷ്കം. പഞ്ചേന്ദ്രിയങ്ങളിൽ നിന്നും നാഡീതന്തുക്കൾ വഴി എത്തിച്ചേരുന്ന അനേകം സന്ദേശങ്ങളെ ഉടനടി അപഗ്രഥിക്കുകയും മാംസപേശികൾക്കും ഗ്രന്ഥികൾക്കും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്ന മസ്തിഷ്കം ഒരു കംപ്യൂട്ടറിനെപ്പോലെയാണ് പ്രവർത്തിക്കുന്നത്.

മസ്തിഷ്കം, സുഷുമ്ന ഇവ രണ്ടിൽ നിന്നും ഉത്ഭവിക്കുന്ന അനേകം നാഡികൾ എന്നിവയാണ് നാഡീമണ്ഡലത്തിലെ പ്രധാന ഭാഗങ്ങൾ. തലയോടിനകത്ത് ഏതാണ്ട് മുഴുവൻ ഭാഗവും വ്യാപിച്ചു കിടക്കുന്നതും ശരാശരി 1500 ഗ്രാം ഭാരമുള്ളതുമായ അവയവമാണ് മസ്തിഷ്കം. മസ്തിഷ്കത്തിലുണ്ടാകുന്ന പല അസുഖങ്ങൾ പ്രത്യേക ഭാഗങ്ങളിലുണ്ടാകുന്ന ക്ഷതം എന്നിവയുടെ ഫലങ്ങൾ പഠിച്ച് ഇതിന്റെ ഓരോ ഭാഗത്തിന്റെയും ഏത് പ്രവർത്തനമാണ് കേന്ദ്രീകരിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും.

മസ്തിഷ്കത്തിലെ സെൻട്രൽ സൽക്കസിന്റെ മുന്നിലുള്ള ഭാഗം പ്രധാനമായും ശരീരത്തിന്റെ എതിർഭാഗത്തെ മാംസപേശികളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതായി കാണാം. ഇതിനെ മോട്ടോർ ഏരിയ (Motor Area) എന്നു പറയുന്നു. ഈ ഭാഗത്തിന് കുഴപ്പം നേരിടുമ്പോഴാണ് എതിർ ഭാഗത്ത് തളർച്ച അനുഭവപ്പെടുന്നത്. സാധാരണ കണ്ടു വരാറുള്ള പക്ഷാഘാതം (Stroke) ഇങ്ങനെയാണ് ഉണ്ടാകുന്നത്. പക്ഷാഘാതത്തിന്റെ പ്രധാന കാരണം തലച്ചോറിന്റെ ഈ ഭാഗത്തെ രക്തയോട്ടം നിലച്ചു പോകുന്നതാണ്.

ഭാഷ അപഗ്രഥിക്കുകയും ഉത്ഭവിക്കുകയും ചെയ്യുന്നത് മസ്തിഷ്കത്തിന്റെ പ്രത്യേകം പ്രവർത്തനം മൂലമാണ്. വലതു കൈ വശമുള്ള ഒരാളിന് തന്റെ ഇടത്തെ സെറിബ്രൽ അർദ്ധ ഗോളത്തിലാണ് ഭാഷയുടെ കേന്ദ്രം സ്ഥിതി ചെയ്യുന്നത്. ബ്രോക്കസ് ഏരിയ എന്നറിയപ്പെടുന്ന Frontal lobe ന്റെ ഭാഗത്തിനു കേടു വരുമ്പോൾ നമ്മുടെ വാക്കുകൾ പുറത്ത് പ്രകടിപ്പിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്നതായി കാണാം.

അതുപോലെ തന്നെ ടെമ്പറൽ (Temporal) പാരൈറ്റൾ (Parietal) വിഭാഗങ്ങളിൽ കുഴപ്പമുണ്ടാകുമ്പോൾ ഭാഷ അപഗ്രഥിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്നു. തലച്ചോറിന്റെ ഉൾഭാഗത്തിന് കേടുണ്ടാകുമ്പോൾ വലതുവശം തളരുകയും ഒപ്പം ഭാഷ നഷ്ടപ്പെടുകയും ചെയ്യുവാൻ കാരണമാകുന്നു. റെറ്റിനയിൽ നിന്നു വരുന്ന സന്ദേശങ്ങൾ അപഗ്രഥിക്കുന്നതും നാം എന്താണ് കാണുന്നത് എന്നതിനെപ്പറ്റിയുള്ള അറിവുണ്ടാക്കുന്നതും ഓക്സിപ്പിറ്റൽ ലോബ് (Occipital lobe) ആണ്. ടെമ്പറൽ ഭാഗത്ത് ശ്രവണശക്തിയുടെ അപഗ്രഥനവും ഘ്രാണശക്തിയുടെ അപഗ്രഥനവും നടക്കുന്നു. ഓർമ്മ ശക്തിയുടെ ഒരു പ്രധാന ഇരിപ്പിടവും ഇതാണ്.

## സെറിബ്രൽ അർദ്ധഗോളങ്ങൾ

മസ്തിഷ്കത്തിലെ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന കോശങ്ങളുള്ള ഭാഗമാണ് സെറിബ്രൽ അർദ്ധഗോളങ്ങൾ. ഇവയ്ക്കുള്ളിൽ കേന്ദ്രീകരിച്ചിട്ടുള്ള ന്യൂറോണുകളെ ബേസൽ ഗാംഗ്ലിയ (Basal Ganglia) എന്നു വിളിക്കുന്നു. ചലനത്തിനും നമ്മുടെ നില ക്രമീകരിക്കുന്നതിനും ഇവയ്ക്ക് പ്രധാനപങ്കുണ്ട്. പാർക്കിൻ സോണിസം (Parkin Sonism) എന്ന സവിശേഷമായ രോഗം ബേസൽ ഗാംഗ്ലിയയുടെ തകരാറിൽ നിന്നും ഉണ്ടാകുന്നതാണ്. ഈ അസുഖം ബാധിച്ച രോഗിക്ക് നടക്കാൻ പ്രയാസം നേരിടുകയും, കൈകാലുകൾക്ക് ശക്തമായ വിറയൽ അനുഭവപ്പെടുകയും ചെയ്യും. ഈ അസുഖം Dopamine എന്ന രാസവസ്തുവിന്റെ കുറവുമൂലമാണ് ഉണ്ടാകുന്നത്.

## സെറിബെല്ലം (Cerebellum)

മസ്തിഷ്കത്തിന്റെ പിന്നിലായി സെറിബ്രൽ അർദ്ധഗോളങ്ങൾക്കു താഴെ സ്ഥിതി ചെയ്യുന്ന ഭാഗമാണ് സെറിബെല്ലം. പർക്കിൻജി സെല്ലുകൾ (Purkinje





Cells) എന്നറിയപ്പെടുന്ന പ്രത്യേകതരം കോശങ്ങൾ ഇതിനകത്ത് കാണപ്പെടുന്നു. മാംസപേശികളിൽ നിന്നും വെസ്റ്റിബുലാർ യന്ത്രത്തിൽ നിന്നും സെറിബ്രൽ കോർട്ടെക്സിൽ (Cerebral Cortex) നിന്നുമാണ് സെറിബെല്ലത്തിലേക്കും പ്രധാനമായും സിഗ്നലുകൾ പ്രവഹിക്കുന്നത്.

സെറിബെല്ലം സെറിബ്രൽ കോർട്ടെക്സിലേക്കും, ബ്രയിൻ സ്റ്റെം എന്ന ഭാഗത്തു സ്ഥിതി ചെയ്യുന്ന ചില പ്രത്യേക ന്യൂറോണുകൾക്കും സന്ദേശങ്ങളയ്ക്കുന്നു. വളരെ സംഘടിതമായ ചലനങ്ങളാണ് ഈ ഭാഗത്തിന്റെ പ്രവർത്തനഫലമായി ഉണ്ടാകുന്നത്. അനേകം മാംസപേശികൾ പ്രവർത്തിച്ചാലേ ഓരോ ചലനവും സാധ്യമാകൂ. ആയാസരഹിതമായ ചലനത്തിന് ചില മാംസപേശികൾ ചുരുങ്ങുകയും ചിലത് അയയുകയും വേണം. ഇതിനു വേണ്ട സന്ദേശങ്ങൾ അയയ്ക്കപ്പെടുന്നത് സെറിബെല്ലത്തിന്റെ പ്രവർത്തനഫലമായാണ്.

മസ്തിഷ്കത്തിന്റെ പ്രവർത്തനമാണ് ഓർമ്മശക്തി, ബുദ്ധിശക്തി, ഭാഷാപാണ്ഡിത്യം, വൈകാരിക പ്രചോദനങ്ങൾ, കർമ്മകുശലത എന്നിവ നൽകുന്നത്. സാഹിത്യ, സാംസ്കാരിക, ശാസ്ത്രീയ മണ്ഡലങ്ങളിലെ എണ്ണപ്പെട്ട നേട്ടങ്ങളെല്ലാം തന്നെ മസ്തിഷ്ക പ്രചോതിദങ്ങളാണ്. മനുഷ്യമസ്തിഷ്കത്തിലെ സെല്ലുകളുടെ പ്രവർത്തനത്തെപ്പറ്റി നമുക്ക് കാര്യമായ അറിവുകൾ ലഭിച്ചിട്ടുണ്ട്. പ്രത്യേകിച്ചും അവയുടെ അടിസ്ഥാനപരമായ ഘടനയെപ്പറ്റിയും. അവയുടെ സാധാരണ പ്രവർത്തനത്തെപ്പറ്റിയും ഒറ്റപ്പെട്ട ഞരമ്പുസെല്ലുകളുടെ ഘടനയെ സംബന്ധിച്ച പരിജ്ഞാനം ഞരമ്പു സെല്ലുകളുടെ സജ്ജീകരണ മാതൃകയെ വിശദമാക്കുവാൻ സഹായിച്ചിട്ടുണ്ട്.

മസ്തിഷ്കത്തിലെ ആയിരം കോടിയോളം ഞരമ്പു സെല്ലുകളിൽ കൂടി സാധ്യമാകുന്നത് ഓർമ്മ ശക്തിയുടെ ഒരു മഹാപ്രപഞ്ചം തന്നെയാണ്. ഏതെങ്കിലും ഒരു പ്രത്യേക സംവേദനം ഉൾക്കൊള്ളുന്നതു കൊണ്ടുണ്ടാകുന്ന വൈദ്യുത ചലനങ്ങൾ ഒരു ഞരമ്പു കൈവഴിയിലൂടെ പ്രവഹിക്കുകയും അതിനനുയോജ്യമായ പ്രതികരണങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ആ സംവേദന സമ്പ്രദായം പുനരാവർത്തിക്കുന്നതോടുകൂടി അതേ പ്രക്രിയ വീണ്ടും വീണ്ടും സംഭവിക്കുകയും അങ്ങനെ ആ ഞരമ്പു കൈവഴിയിൽ ഉള്ള സന്ധികൾ ഈ പ്രതിഭാസവുമായി പരിചയപ്പെടുകയും ചെയ്യുന്നു. ഈ പരിചയത്തിൽ നിന്നും ഞരമ്പുസന്ധികൾക്കുണ്ടാകുന്ന പരിചയസമ്പത്താണ് ഓർമ്മശക്തിയെ ഒന്നു കൂടി ഉറപ്പിക്കാൻ സഹായിക്കുന്നത്. പിന്നീടൊരവസരത്തിൽ അതേ സംവേദനത്തിന് വിധേയമാകുമ്പോൾ ഓർമ്മശക്തിയെ ഉദ്ദീപിക്കുന്നതു താദാത്മ്യം പ്രാപിച്ച സുദൃഢമായ ഒരു ഞരമ്പു കൈവഴിയാണ്.

മസ്തിഷ്കപ്രക്രിയകൾക്കെല്ലാം പിന്നിൽ പ്രവർത്തിക്കുന്നത് രാസവസ്തുക്കളായ അസിറ്റൈൽ കൊളൈൻ (Acetyl Choline), ഗ്ലൂട്ടാമിക് ആസിഡ് (Glutamic Acid) എന്നിവയാണ്.

കവിത

# താദാത്മ്യം

എ.ബി.സി.കയ്മൾ

എങ്ങുമോതപ്രോതമായ് നിറഞ്ഞീടുന്ന
നിർണ്ണയാതീതമാം നിത്യചൈതന്യമേ !
വിസ്മയദൃശ്യങ്ങളെന്നുമൊരുക്കുന്നു
വിശ്വവിതാനങ്ങളിൽ നീയദൃശ്യനായ്,
പൂക്കൾ വിരിയിച്ചണയും പ്രഭാതവും
പൂക്കൾ വാടിക്കൊഴിയുന്നോരു രാത്രിയും,
ചുറ്റിലും കണ്ടുമനുഭവിക്കും ശതം
സ്വച്ഛപ്രകൃതീവിലാസഭേദങ്ങളും,
നിശ്ചയിക്കുന്നു നീ ദിക്കും ദിഗന്തവും
വിസ്തരിക്കുന്നു പ്രപഞ്ചതത്ത്വങ്ങളെ
സർവ്വത്തിനുമൂർജ്ജസ്രോതസ്സു നീ, സർവ്വ –
കർമ്മത്തിനും സാക്ഷിയായി വർത്തിപ്പൂ നീ
എന്നിൽ നീ ഞാനെന്ന ഭാരം ചുമത്തുന്നു
എന്നിൽ നിക്ഷേപിച്ചിടുന്നു ഗുണാദികൾ.
വർണ്ണിച്ചിടാനശക്യം നിന്റെ ഭൂതികൾ
നിർണ്ണയിക്കാനശക്യം നിന്നപാരത
എല്ലായിടത്തും നീയുണ്ടെന്നറിയുന്നു
എല്ലായിടത്തും ഞാനില്ലെന്നറിയുന്നു.
എന്നാലെൻ ഹൃത്തടം തന്നിൽ നീയും ഞാനു–
മൊന്നിച്ചു മേവുന്നുണ്ടെന്നുമറിയുന്നു.

# ചങ്ങമ്പുഴയുടെ പ്രേമദർശനം

ഡോ. ശാന്തകുമാരി

ഒരു കാലഘട്ടത്തിന്റെ ചൈതന്യം, പ്രേമം, നിരാശ, നൊമ്പരം, വേദന ഇത്തരം വികാരങ്ങളുടെ മൂർത്തിമത്ഭാവം, വിശേഷിച്ചും പ്രേമം, ചങ്ങമ്പുഴക്കവിതകളിലെ പ്രധാന പ്രമേയം തന്നെ പ്രേമമെന്ന വികാരമാണ്. അദ്ദേഹത്തിന്റെ കാവ്യകല പ്രേമത്തിലാണ് ചൈതന്യവത്തായിരുന്നത്. അതിലെ ഹൃദയബന്ധമാണ് അതിനു കാരണം. അതിർത്തികളെ തൊട്ടു കൊണ്ടു കിടക്കുന്ന ഇന്ദ്രിയാദ്ധ്യാത്മികാനുഭൂതികൾ.

രതിവിശാലമായ ഒരു പ്രപഞ്ചമാണ് സ്ത്രീപുരുഷബന്ധത്തിന് ആസ്പദം. ഹൃദയങ്ങൾ തമ്മിലുള്ള ബന്ധം പ്രേമവും ശാരീരികവേഴ്ചയ്ക്ക് ഏറിയ പങ്കുള്ള ബന്ധം കാമവും. നമ്മുടെ ശൃംഗാരകവിതകളിൽ കാമം തന്നെ പ്രധാനം. കാല്പനികകാലം കാമത്തെ പ്രേമത്തിലേക്ക് നയിച്ചു. നമ്മുടെ പ്രണയഗായകൻ എന്നും ചങ്ങമ്പുഴ തന്നെയാണ്. ചങ്ങമ്പുഴയുടെ വ്യക്തിത്വവും കാവ്യകലയും പ്രേമഗീതങ്ങളിൽ പരസ്പര പൂരകങ്ങളാകുന്നു. ഖണ്ഡകാവ്യങ്ങളിലും മിക്കവാറും ലഘുകവിതകളിലും പ്രമേയം പ്രേമം തന്നെ. വിവിധ ഭാഷകളിൽ നിന്ന് അദ്ദേഹം പ്രേമകവിതകൾ മലയാളത്തിലേക്ക് വിവർത്തനവും ചെയ്തിട്ടുണ്ട്. ലക്ഷണമില്ലാത്ത ശാരീരിക ബന്ധങ്ങളിലേയ്ക്ക് ഒരിക്കലും താഴാത്ത ഗംഭീരപ്രേമകഥാഖ്യാനമായിരുന്നു ചങ്ങമ്പുഴയുടേത്. ആശാൻ അലൗകിക പ്രണയത്തിനാണ് ഊന്നൽ കൊടുത്തത്. വാചാലതയും ഭാവചാപല്യവും അപൂർവ്വം കവിതകളെ ദുർബ്ബലമാക്കിയ കവിയും കൂടിയാണ് ചങ്ങമ്പുഴ.

യുവത്വത്തിന്റെ സ്വപ്നഗായകൻ. പ്രണയം അദ്ദേഹത്തിനെന്നും ജീവിതമൂല്യമായിരുന്നു. അദ്ദേഹത്തിന്റെ ജീവിതവീക്ഷണം പോലും പ്രേമവുമായി ബന്ധപ്പെട്ടു നില്ക്കുന്നു. ഈ ആരാധനയുടെ പൂർണ്ണതയാണ് രമണൻ. പ്രേമത്തെ ജീവിതമാക്കി നിരാശകൊണ്ട് ഹൃദയം തകർന്ന് ആത്മഹത്യ ചെയ്ത നായകനല്ല, മറിച്ച് ഏതു പ്രതിസന്ധിയേയും സധൈര്യം നേരിടാൻ ആത്മധൈര്യമുള്ള ഒരു പ്രേമാരാധനയുടെ നായകനാണ് രമണൻ. ഈ ഹൃദയബന്ധത്തെ നമുക്ക് വേണമെങ്കിൽ ഉദാത്തം എന്ന് വിളിക്കാം. ഇവിടെ ഹൃദയബന്ധങ്ങൾ മഹത്വത്തിലേക്ക് ചരിക്കുന്നു.

ആദ്യകാല കൃതികളിൽ കവി പ്രേമത്തെ അലൗകികം എന്ന് വാഴ്ത്തിയിട്ടുണ്ട്. ടാഗോറിന്റെ രീതിയിൽ പ്രേമകന്യകയോട്, അനശ്വര കാമുകനോട്, പ്രാർത്ഥന നടത്തുകയും ചെയ്യുന്നു.

മജ്ജീവനായകാ,കേളിയറക്കകം
ലജ്ജാവനമ്രമുഖിയായിരിക്കിലും
താവകവിഗ്രഹം മാത്രമാണെപ്പോഴും
താവുന്ന ഭക്തിയാൽ ധ്യാനിപ്പതോമന
കാലം കരാംഗുലി നീട്ടിപ്പതുക്കയെൻ
ലോലമുഖപടം നീക്കിയാൽ പിന്നെ ഞാൻ
മുഗ്ദ്ധലക്ഷണം നിന്നടുത്തെത്തി നിൻ-
സ്നിഗ്ദ്ധാനനം ഞാൻ മുകർന്നുകൊള്ളാം സ്വയം (മുഗ്ദ്ധരാഗം)

ഈ പ്രേമസ്വപ്നത്തിലെ അനുഭവ വിജയപരാജയങ്ങൾ എന്നും ചങ്ങമ്പുഴക്കവിതയിലെ അടിയൊഴുക്കായിരുന്നു.

ലൗകികപ്രേമം ശ്രദ്ധിച്ചാലോ ? ഹൃദയതരളതയും ലാളിത്യവും പ്രാസാദാത്മകതയും കവിതകളിൽ കാണാം.

പനിനീർപ്പൂവൊന്നിന്നു
നീയെനിക്കേകാമെങ്കിൽ
പകരം നിനക്കു ഞാൻ
തന്നിടാമൊരു കൂട്ടം - കാമുകന്റെ സല്ലാപവും
മല്ലികയവൾ മഹാ
കള്ളിയാണബദ്ധത്തി
ലെല്ലാം ഞാനവളോടു
പറഞ്ഞു പോയി - പരിഭ്രമവും

അന്വേഷണ വ്യഗ്രതയും സ്മരണകളെ ഉണർത്തുക തന്നെ ചെയ്യുന്നു. പക്ഷെ ചങ്ങമ്പുഴ കവിതകളിൽ അധികവും ഇത്തരത്തിൽ നിന്ന് വ്യത്യസ്തമാണ്. പ്രണയദു:ഖത്തിന്റെ കവിതകളാണധികം. വിപരീത സാഹചര്യം, വിധി, സമൂഹപശ്ചാത്തലം ഇവയിലൂടെ പ്രണയഭംഗം സംഭവിക്കുക ആ കവിതകളുടെ സവിശേഷത തന്നെ. ഈ കവിതകളിലെല്ലാം വിഷാദത്തിന്റെ മാധുര്യം കിനിയുന്നു.

1. 'ശ്യാമളേ സഖീ ഞാനൊരു വെറും
കാനനത്തിലെപ്പൂവല്ലേ ?
മാനമാളുന്ന സോമനുണ്ടാമോ
കാണുവാനെന്നിൽ കൗതുകം
2. കണ്ണുനീരിലലിഞ്ഞു ചേരുമി
മൻമനോരാഗസൗരഭം
നീയിനിയുമറിഞ്ഞിടാത്തതിൽ
നീരസം ലേശമില്ലമേ : ഈ വേദനയുടെ പാരമ്യമാണ് രമണനിലെത്തുന്നത്.

തകർന്നടിയുന്നു നവപീഠത്തിങ്കൽ
തരളമായൊരു തരുണ മാനസം
ഹതനിരാശതന്നിടിവെട്ടിൻ സ്വയം
ചിതറിപ്പോയൊരു ചകിത മാനസം

പ്രേമഭംഗത്തിലായ രമണൻ ആത്മഹത്യ ചെയ്യുന്നു. സമൂഹനീതിക്കെതിരെ കവി അട്ടഹാസം മുഴക്കുന്നുണ്ട്. എങ്കിലും തുടർന്ന് കവിതയിൽ കഥ കരുണയിലേക്കു തന്നെയാണ് നയിക്കുന്നത്.

'മാനസം കല്ലുകൊണ്ടല്ലാത്തതായുള്ള
മാനവരാരാനുമുണ്ടെന്നിരിയ്ക്കുകിൽ
ഇക്കല്ലറ തൻ ചവിട്ടുപടിയിലൊ -
രല്പമിരുന്നു കരഞ്ഞേച്ചു പോകണേ'

വൈകാരികാവസ്ഥയുടെ പരമാവസ്ഥ.

'ശരഭദ്രവീഥിയിലുല്ലസിക്കു-
മൊരുവെള്ളിനക്ഷത്രമെന്തകൊണ്ടോ
അനുരക്തയായി പോൽ പൂഴിമണ്ണി-
ലമരും വെറുമൊരു പുൽക്കൊടിയിൽ.'

പ്രേമത്തിലെ പ്രധാനാംശമായ ദുരന്തമാണ്, രമണനിൽ സംഭവിച്ചത്. അത്രയ്ക്ക് ദൃഢമായിരുന്നു രമണനിലെ ഹൃദയബന്ധം.

1. പണവും പ്രതാപവുമറ്റിടത്തും
പ്രണയം മുളച്ചു കൂടായ്കയില്ല
സമുദായ നീതികളല്ലതിന്റെ
വിമലസാമ്രാജ്യത്തിൻ മാനദണ്ഡം
2. മർത്യന്റെ നീതിതൻ മുള്ളുവേലിക്കക-
ത്തൊട്ടുമൊതുങ്ങാത്ത ദിവ്യരാഗം
കാണിച്ചിടുന്നോരപാരതയാണതിൽ
കാണില്ല കാമാന്ധകാരലേശം.

തീവ്രമായ പ്രേമത്തിന്റെ ശക്തിയും തേജസ്സും മഹത്വവും ചങ്ങമ്പുഴ വാഴ്ത്തുന്നു. ഇത്തരത്തിൽ സമുദായത്തെയാണ് കവി നികൃഷ്ട വസ്തുവായി തള്ളിക്കളയുന്നത്. സങ്കല്പവും യാഥാർത്ഥ്യവും കൂട്ടിമുട്ടും എന്ന വസ്തുത കവി വിസ്മരിക്കുന്നു. 'മാച്ചാലും മായാത്ത ആ മധുരവികാരം' കവിയിൽ ഏറെ കലർന്നതുകൊണ്ടുമാകാം. കവി തന്നെ സൂചിപ്പിക്കുന്നതുപോലെ 'പൂവുപോലുള്ളൊരോ മനക്കൗതുകമാണെതെങ്കിലും' രമണനിൽ സമുദായത്തോടും സമൂഹത്തോടും വെല്ലുവിളിയുണ്ട്. തീർച്ച.

ഭാവനാകുബേരനാണദ്ദേഹം. അവസാനത്തെ കവിതകളിൽ ഭാവദാർഢ്യം കൂടുതൽ ശക്തമാകുന്നു. പല കവിതകളിലും കൂടി കടന്നു പോകുമ്പോൾ കഥയുടെ ജീവിതകഥയിലെ വിവിധ ഘട്ടങ്ങളിലൂടെ വായനക്കാരനും കടന്നു പോകുന്ന പ്രതീതി തോന്നും അനുഭവത്തിന്റെ ശക്തിയാണത്. ചങ്ങമ്പുഴക്കവിതയുടെ ശക്തി, ദു:ഖം, വേർപാട്, എന്തിന് മരണത്തെപ്പോലും മനസ്സിലാക്കാൻ പ്രേമം സഹായിക്കും എന്ന ഭാവം പിന്നീട് കവിതകളിൽ കണ്ടു തുടങ്ങി അത്ര തീഷ്ണമായിരുന്നു ചങ്ങമ്പുഴയുടെ പ്രേമസങ്കല്പം.

ഇതേ പ്രേമത്തെ തന്നെ ലാവണ്യമായി, മണമായി, അർത്ഥമായി, പ്രവാഹമായി കൂടി കവി കാണുന്നു.

1. വിസ്മയം തോന്നുമാറെൻ വീക്ഷണത്തിനീ
വിശ്വം മുഴുവൻ പുതുമ പുരട്ടി നീ
വിസ്മയം തോന്നുമാറെൻ കൗതുകത്തിനീ
വിശ്വം മുഴുവൻ കവിത കൊളുത്തി നീ
ഇന്നു പ്രകൃതിയിലെന്തിനുമാനന്ദ -
സന്ദായിനിയാണ് നീ മനോമോഹിനി
2. എന്തിൻ മനസ്സും വിശുദ്ധീകരിക്കന്നൊ-
രെന്തോ മുഖത്തു വഹിപ്പവളാണു നീ
ദിവ്യാത്മബന്ധം ലോകം മറ്റൊന്നായ് വ്യാഖ്യാനിക്കാം
3. ദൈവത്തിൻ മുന്നിൽ പക്ഷെ
തെറ്റുകാരല്ലല്ലോ നാം (ഗൃഹലക്ഷ്മി)

ഇവിടെ പ്രേമത്തെ ജീവിതസൗഭാഗ്യമായി കവി കാണുന്നു. പാടുന്ന പിശാചിൽ പ്രേമത്തെ ശപിക്കുമ്പോഴും അതേ പ്രേമത്തെ തന്നെ പ്രകാശ ചൈതന്യമായും കാണുന്ന വൈരുദ്ധ്യം ചങ്ങമ്പുഴ കവിതയിൽ കാണാം. കവിയുടെ ഈ പ്രത്യേക മനോഭാവം പ്രേമനൈരാശ്യത്തെയും ദുരീകരിക്കുന്നു.

സ്നേഹിക്കുക ഭുവനത്തിൽ
സ്നേഹിക്കപ്പെടുക ജീവ

ദാഹത്തിനമൃതധാരയാണതു രണ്ടും
സ്നേഹശോക, സ്നേഹബാഷ്പ
സ്നേഹനിരാശകളെല്ലാം
സ്നേഹശൂന്യസുഖത്തേക്കാളതിമധുരം

മനസ്വിനി ചങ്ങമ്പുഴയുടെ കവിതയുടെ മുഖമുദ്രയാണ്. അവിടെ പ്രേമം അന്ധതയേയും ബാധിര്യത്തെയും എന്തിനധികം ശാരീരികാസ്വസ്ഥതയെപ്പോലും ജയിക്കുന്നു. മഞ്ഞത്തെച്ചി പൂങ്കുലയായി വന്ന നായിക കവിതയുടെ രണ്ടാം ഘട്ടത്തിൽ വസൂരി ബാധിച്ച് ഇരുളിന്റെ കൂട്ടിലായിപ്പോകുന്നു. അപ്പോഴും അവളിൽ ആത്മീയചൈതന്യം കാണുന്നു കവി.

സ്പന്ദിക്കുന്ന അസ്ഥിമാടത്തിലാവട്ടെ മാനവനീതിയെക്കുറിച്ച് വിമർശിക്കുന്നുണ്ടെങ്കിലും അവിടെയും പ്രേമം തന്നെയാണ് സ്വാന്തനമായെത്തുന്നത്.

എന്തിനധികം പറയുന്നു - മരിച്ചാൽ ശരീരത്തിന്റെ ഓരോ അംശവും പഞ്ചഭൂതങ്ങളിൽ ലയിച്ച് അവൾക്ക് നൽകുന്ന സമാധാനത്തിലൂടെ സായൂജ്യം നേടണമെന്നാണ് കവിയുടെ പ്രാർത്ഥനപോലും. ആ പ്രേമം മതി മറ്റൊരു സുഖവും വേണ്ട.

ദേവി നിൻ പാദസ്പർശനഭാഗ്യം
താവിനില്ക്കുമാപ്പൂങ്കാവനത്തിൻ
വിദ്രുമദ്രുമഛായയിൽ വീണെൻ
മൃദ്വിഭാഗം ശയിച്ചിരുന്നെങ്കിൽ

ചങ്ങമ്പുഴകവിതകളിലൂടെ സഞ്ചരിച്ചാൽ പ്രേമം അദ്ദേഹത്തിന് സർവ്വസ്വവുമായിരുന്നു എന്നു തോന്നും.

മായാമയമാമീലോകത്തിൽ നിന്നു ഞാൻ
മായാത്ത രണ്ടു വരി പഠിച്ചു

1. സർവ്വവും ഭാഗികം ചഞ്ചലം ശാശ്വത -
മൂർവ്വിയിൽ പ്രേമമതൊന്നുമാത്രം (ദിവ്യ)

2. നീ മാത്രം ശേഷിപ്പൂ നീ മാത്രം ഭാസിപ്പൂ
സീമാവിഹീനമേ വിസ്മയമേ
സത്യം നീ നിത്യം നീ സച്ചിദാനന്ദം നീ
നിസ്തുല പ്രേമമേ ! സർവ്വവും നീ

ചങ്ങമ്പുഴയുടെ പ്രേമദർശനം എന്നല്ലാതെ ഈ പ്രേമത്തെ എന്താണ് വിളിക്കുക.

**2019 സെപ്റ്റംബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ**



**ബാലകൃഷ്ണപിള്ള ബി. ബി**
L/0687, സ്കൈലൈൻസിറ്റി പാർക്ക് 6 ഡി,
ഓക്വുഡ് അപ്പാർട്ട്മെന്റ്സ്, ജവഹർ നഗർ
കടവന്ത്ര, കൊച്ചി - 682020



**മനിക്കിരി ഭാസ്ക്കരമേനോൻ**
L/1658, ARRA- 5B, നന്ദനം
NSS സുബ്രഹ്മണ്യസ്വാമി ടെമ്പിൾ
ഇടപ്പള്ളി നോർത്ത്, കൊച്ചി - 682024



**കെ. എസ്. നാരായണൻകുട്ടി മേനോൻ**
L/2015, ഫ്ളാറ്റ് നമ്പർ -6 , കാഞ്ചൻജംഗ
അപ്പാർട്ട്മെന്റ്സ്, മാടയ്ക്കാപ്പിള്ളി ലെയിൻ
ചിറ്റൂർ റോഡ്, കൊച്ചി - 682016



**ലീല എം.**
L/2368, ശങ്കരി, 55/2221, Near രവിപുരം പൗരസമിതി
രവിപുരം റോഡ്, കൊച്ചി - 682016



**ശാന്തകുമാരി എൻ.ടി**
L/1725, ഉഷസ്, അശോക ലെയിൻ
ആലുവ, കൊച്ചി - 683101





# അതിജീവനം

**ജി. മാധവൻനായർ**

ഉറക്കത്തിൽ നിന്ന് ഉണർത്തുന്നതിലേക്കുള്ള മണിനാദം അരികത്ത് വച്ചിരുന്ന യന്ത്രത്തിൽ നിന്നും മുഴങ്ങി. ഫോണിൽ തെളിഞ്ഞു നിന്ന പ്രകാശത്തിൽ സമയം അഞ്ച് എന്നു കണ്ടു. ഇനി അവളുടെ ദിവസം തുടങ്ങുകയായി. രണ്ടു തട്ടുകളുള്ള കട്ടിലിന്റെ മുകളിലത്തേതിൽ മൂത്ത മകൾ കിടന്നുറങ്ങുന്നുണ്ട്. അവൾക്കിന്ന് സ്കൂളിൽ പഠനത്തിനെ സംബന്ധിച്ച് ഒരു പ്രത്യേക യോഗം ചർച്ചക്കായിട്ടുള്ളതിനാൽ, നേരത്തെ വിളിക്കണമെന്നു പറഞ്ഞിട്ടുള്ളത് പെട്ടെന്ന് ഓർമ്മയിൽ വന്നു. തലേദിവസം അതിനു വേണ്ടുന്ന വിവരങ്ങളെല്ലാം ശേഖരിച്ച് തയ്യാറാക്കി വെച്ചെങ്കിലും അതെല്ലാം ഒന്നുകൂടി വായിച്ച് ഹൃദിസ്ഥമാക്കണം. അവളെ വിളിച്ചു നോക്കാം. പെട്ടെന്നൊന്നും എഴുന്നേൽക്കാറില്ല. വളരെ നേരത്തെ പ്രയത്നത്തിനു ശേഷം മോൾ നിദ്രാഭംഗം വരുത്തിയതിനു മുറുമുറുപ്പോടെ ഉണർന്നു.

തൊട്ടടുത്തു മേശപ്പുറത്ത് വച്ചിരുന്ന കണ്ണടയെടുത്ത് ഹൗസ്കോട്ടിന്റെ വക്കുകൊണ്ട് ചില്ലും ഫ്രെയിമും തുടച്ചിട്ട്, അപ്പുറത്തെ മുറിയിൽ ചെന്നു നോക്കി. മകനും, അവന്റെ അച്ഛനും വിശാലമായ കട്ടിലിലെ ഉയരം കൂടിയ മെത്തയിൽ ഗാഢസുഷുപ്തിയിലാണ്. ആ കിടപ്പ് പതിവുള്ളതാണ്. ഇപ്പോൾ വിളിച്ചിട്ടു കാര്യമില്ല. തൊട്ടടുത്തുള്ള കുടുസ്സായ മുറിയാണ് ഇളയമകളുടെ സാമ്രാജ്യം. അവളെ ചുമലിൽ സ്പർശിച്ച് കുലുക്കി വിളിച്ച് നോക്കി. ഉറക്കച്ചടവോടെ, കോട്ടുവായിട്ടുകൊണ്ട് അവൾ അമ്മയോടു പരിഭവിച്ചു.

'കുറച്ചു കഴിഞ്ഞോട്ടേ, ഞാനെഴുന്നേറ്റു കൊള്ളാം.'

ശരി ഞാനിപ്പോൾ കുളിമുറിയിലേക്ക് പോയിട്ടു വരാം. അപ്പോഴേയ്ക്കും നീ, പാഠപുസ്തകമെടുത്തിരിക്കണം.

മോളെ വിശ്വസിച്ചുകൊണ്ട് അവൾ നേരെ താഴത്തെ നിലയിലുള്ള ചെറിയ ശുചിമുറിയിലേക്ക് കടന്നു. അവിടെ ഇരിക്കുമ്പോഴാണ് ഓരോന്ന് മനസ്സിൽ വരിക. ഈ പുറം രാജ്യത്ത് വന്നിട്ട്, ആദ്യമായിട്ടാണ് ഒരു ജോലിക്കു പോകുന്നത്. പഠിപ്പിനും യോഗ്യതയ്ക്കും അനുയോജ്യമായ ഒന്നല്ല. പക്ഷേ, ഇപ്പോഴത്തെ സാഹചര്യത്തിൽ പരുങ്ങലിലായ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താതെ പറ്റില്ല. കരാറടിസ്ഥാനത്തിൽ ജോലി ചെയ്തു വന്നിരുന്ന ഭർത്താവിന്റെ ഒദ്യോഗിക കാലാവധി അവസാനിക്കുകയാണ്. ഇനി പുതിയ ഒരെണ്ണം കണ്ടെത്താൻ കുറച്ചു സമയമെടുക്കും. മുഖാമുഖങ്ങൾ പലതു കഴിഞ്ഞാലേ രണ്ടു കൂട്ടർക്കും തൃപ്തികരമായ ഒരവസ്സരം കൈവരൂ.

സ്വന്തമായി വീടുള്ളതിനാൽ വാടക കൊടുക്കേണ്ട. അതുകൊണ്ടു തന്നെ ഒരു വലിയ ചിലവു ലാഭിക്കാൻ കഴിയുന്നു. ഈ രാജ്യത്ത് വിദ്യാഭ്യാസം പാഠശാലതലം വരെ സൗജന്യമാണെങ്കിലും അനുബന്ധ ചിലവുകൾ അനവധിയാണ്. ഭക്ഷണത്തിനും, വസ്ത്രത്തിനും യാത്രയ്ക്കുമെല്ലാം വക കണ്ടെത്തണം. നല്ലൊരു സംഖ്യ മാറ്റി വയ്ക്കണം. കുടുംബാംഗങ്ങൾക്ക് ഏവർക്കും ഇഷ്ടമുള്ള പരമ്പരാഗതമായ ആഹാരം കഴിക്കണമെങ്കിൽ അതിനുള്ള സാധനസാമഗ്രികൾ സംഭരിക്കണം. ഏതായാലും കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകുന്നതിന് മുൻപ് പല സ്ഥലങ്ങളിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് ഈ ജോലി ലഭ്യമായത്.

ഏറെ താമസിയാതെ ശുചിമുറിയിൽ നിന്നിറങ്ങി കുശിനിയിലേക്ക് പ്രവേശിച്ചു. കുഴലിൽ കൂടി പ്രവഹിക്കുന്ന വാതകം ഉപയോഗിച്ചുള്ള അടുപ്പ് പ്രവർത്തനക്ഷമമാക്കി. ചെമ്പിന്റെ അടിഭാഗമുള്ള ഒരു സ്റ്റീൽ പാത്രത്തിൽ വെള്ളം നിറച്ചിട്ടു തിളപ്പിക്കുവാൻ വച്ചു. കൂടാതെ തൊട്ടടുത്ത് വച്ചിട്ടുള്ള ജലം നിറച്ച കെറ്റിൽ സ്വിച്ചിട്ട് വൈദ്യുതി പ്രവാഹത്തിലാക്കി. ഫ്രിഡ്ജ് തുറന്ന് അതിനകത്തിരിക്കുന്ന ചില ആഹാരസാധനങ്ങൾ പുറത്തെടുത്തു. ഓവനിലും അടുപ്പിലുമൊക്കെയായിട്ടു അത് ചൂടാക്കി വച്ചു. കുട്ടികൾ ഉണർന്നെഴുന്നേറ്റു വരുമ്പോഴേയ്ക്കും എല്ലാം തയ്യാറാക്കി വയ്ക്കണം. സ്കൂളിലേക്കു പോകുന്നതിനു മുമ്പ് പ്രാതലും അതുപോലെ തന്നെ ഉച്ചഭക്ഷണപൊതികളും എല്ലാം ശരിയാകണം.

വെള്ളം തിളച്ചു വന്ന മുറയ്ക്ക് ചായ ഉണ്ടാക്കുവാനുള്ള യത്നം ആരംഭിച്ചു. പാസ്ചുറൈസ്ഡ് പാൽ അണുമുക്തമാണ്. ഇനി അതു തിളപ്പിക്കേണ്ട കാര്യമില്ല. ഒന്ന് ചൂടാക്കി എടുത്താൽ മതി. തിളച്ച വെള്ളത്തിൽ ചായപ്പൊടി ഇട്ടശേഷം പാലും പഞ്ചസാരയും ചേർത്തിളക്കി പാത്രം താഴെ വെ

ച്ചശേഷം അതിൽ നിന്നും ചായ ഒരു കപ്പിലേക്കു പകർന്നു. നല്ല ചൂടോടെ തന്നെ ഉത്തേജക ദ്രാവകം ഊതിക്കൊണ്ട് അല്പാല്പം ചുണ്ടോടടുപ്പിച്ചു. കപ്പ് കൈയിലെടുത്തു മൂലയിലിരുന്ന സ്റ്റൂളിൽ ഇരുന്നു. സാധാരണ സ്മരണമണ്ഡപത്തിലെ തിരി കൊളുത്തുന്നത് ഇവിടെ വച്ചാണ്. നാട്ടിലെ കാര്യങ്ങൾ ഓരോന്നായി മനസ്സിലുണർന്നു. വസിച്ചിരുന്ന വീടും പരിസരങ്ങളും വന്നുപോയ സ്ഥലങ്ങളുമെല്ലാം മനോമുകുരത്തിൽ ദൃശ്യമായി. അകലെ അന്യനാട്ടിൽ കഴിഞ്ഞു കൂടുമ്പോൾ ഓർമ്മകൾ എന്നും വികാരവായ്പ്പോടെ മാത്രമേ സ്മരിക്കാനാവൂ. പലപ്പോഴും അത് നൊമ്പരത്തിലേക്ക് വഴുതി പോകാറുണ്ട്. തല്ക്കാലം അതിനൊക്കെ വിരാമമിട്ടുകൊണ്ട് ചായക്കപ്പ് കാലിയാക്കി. ഉറങ്ങിക്കഴിഞ്ഞിരുന്ന മകളെ വിളിക്കുവാൻ അവൾ മുകളിലേക്ക് പടി കയറി.

പെൺമക്കൾ രണ്ടു പേരും ഉണർന്നിരുന്നെങ്കിലും, എഴുന്നേറ്റിരുന്നില്ല. അവരെ നയപരമായ ഒരു സമീപനത്തിൽ വീഴ്ത്തി, കിടക്കയോട് വിട പറയിച്ചു. അച്ഛന്റെ കൂടെ ശയിക്കുന്ന മകനെ ഹോംവർക്കിന്റെ കാര്യമുണർത്തിച്ച് സുഷുപ്തിയിൽ നിന്ന് ഒരു കണക്കിനുണർത്തി. എല്ലാവരും അവരുടെ പുസ്തകങ്ങളും പഠനസഹായത്തിനുള്ള ഉപകരണങ്ങളുമായി ഗൗരവത്തോടെ തങ്ങളുടെ പ്രവൃത്തിയിൽ മുഴുകി. തുടർന്നു പാതി ഉണർന്ന ഭർത്താവിനെ ശല്യപ്പെടുത്താതെ അവൾ താഴേയ്ക്കുള്ള പടികളിറങ്ങി. ഒരു പക്ഷേ, രാത്രി മുഴുവൻ വീട്ടിൽ തന്നെ ഇരുന്നുള്ള ജോലി ചെയ്തിട്ടായിരിക്കണം അദ്ദേഹം മയക്കത്തിലേക്ക് വീണത്. വിശ്രമരഹിതമായ ഒരു ജീവിതമാണ് അദ്ദേഹത്തിനു വിധിച്ചിട്ടുള്ളതെന്നു തോന്നുന്നു.

ഇനി അടുക്കളയിൽ ചെന്ന് പ്രാതൽ ഭക്ഷണവും ഉച്ചയ്ക്കുള്ള ആഹാരവുമെല്ലാം വിശദമായി തന്നെ തയ്യാറാക്കണം. അതിനു വേണ്ടുന്ന ഒരുക്കങ്ങൾ നല്ല വേഗതയിൽ തന്നെ ആരംഭിച്ചു. സ്കൂളിലേക്ക് കൊണ്ടു പോകുന്ന ലഞ്ചുബോക്സ് എടുത്ത് അതിൽ തയ്യാറായി കഴിഞ്ഞ ചിലതെല്ലാമെടുത്ത് നിറച്ചു. കുടിക്കുന്നതിനു വേണ്ടിയുള്ള വെള്ളം കുപ്പികളിൽ നിറച്ചു. ഇനി കാര്യമായിട്ടുള്ള പണിയൊന്നുമില്ല. ഓവനിൽ ഭക്ഷണം ചൂടാക്കുന്ന പ്രക്രിയ ഭർത്താവ് എഴുന്നേറ്റ് വരുമ്പോൾ ചെയ്തോളും. തുടർന്ന് ശൗചത്തിനായി കുളിമുറിയിൽ പ്രവേശിച്ചു. കുളി ധൃതിയിൽ കഴിച്ച് തിരിച്ചെത്തി. തലയിൽ വെള്ളമൊഴിച്ചാൽ മുടി ഉണങ്ങി കിട്ടാൻ താമസമുണ്ടാകും. കൂടാതെ പ്രതിരോധശക്തി സ്വതവേ കുറവുള്ള ശരീരമായതിനാൽ ജലദോഷം വരുവാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. ജോലിക്കു പോകുവാൻ പറ്റിയ വസ്ത്രങ്ങളെല്ലാം ധരിച്ച്, തീൻമേശയുടെ മുൻപിലെത്തി. രണ്ടു കഷ്ണം പുത്തൻ റൊട്ടി, വെണ്ണയിൽ പുരട്ടി ഭക്ഷിച്ചു. ഒരു ഗ്ലാസ്സ് ഓട്സും കഴിച്ച്, സ്വീകരണ മുറിയിലെ മേശപ്പുറത്ത് വച്ചിരുന്ന കാറിന്റെ ചാവിയെടുത്തു. ലഘുഭക്ഷണം നിറച്ച സഞ്ചിയും കൈയ്യിലാക്കി. മൂത്ത മകളെ വിളിച്ച് യാത്രയാകുകയാണെന്നു പറഞ്ഞപ്പോൾ പലടത്തായിരുന്ന മക്കളെല്ലാവരും കൂടി ഒന്നിച്ചു വന്നു. അവർ സ്നേഹത്തോടെ അമ്മയെ ആശ്ലേഷിച്ച് യാത്രാമംഗളങ്ങൾ നേർന്നു.

കൂട്ടിൽ കിടന്നിരുന്ന റെക്സ് എന്ന നായ അവൾ പോകുന്നതു കണ്ട് അലമുറയിട്ടു. അവന്റെയടുത്തു ചെന്ന് തടവി, താലോലിച്ചിട്ട് വേഗത്തിൽ മടങ്ങി വരുമെന്നു പറഞ്ഞു തിരികെയെത്തി. വാതിൽ തുറന്ന് പുറത്ത് കിടന്നിരുന്ന രണ്ടു കാറുകളിൽ ചെറുതിൽ കയറി, അത് പ്രവർത്തന സജ്ജമാക്കിക്കൊണ്ട് നിരത്തിലേക്കിറക്കി. വാഹനം, വഴിയോരത്ത് നിർത്തിയ ശേഷം കവാടം ബന്ധിച്ച് തിരികെ വാഹനത്തിൽ കയറി. യാത്ര തുടർന്നു. ചെറിയ വഴിയിലൂടെ സ്കൂളിന്റെ മുൻവശത്ത് ചെന്ന് വലത്തോട്ടു തിരിഞ്ഞ് അവിടെ നിന്നും കായികപരിശീലന കേന്ദ്രത്തിന്റെ വലിയ പടിവാതിലിന്റെ പുറത്ത് ഇടത്തോട്ടുള്ള , ഇടുക്കിൽ കടന്നു. അവിടെ നിന്നും അങ്ങേ വശത്തുള്ള വിശാലമായ വീഥിയിലേക്ക് ശകടം ഓടിച്ചു, ഇനി നല്ല വേഗതയിൽ തന്നെ പോകാം. അരമണിക്കൂർ കൊണ്ട് ജോലിസ്ഥലത്തെത്തും.

കാറിലിരുന്ന് ചുറ്റുപാടും ഒന്നു വീക്ഷിച്ചു. നഗരം ഉണർന്നു വരുന്നതേയുള്ളൂ. അപൂർവ്വം ചില വിദ്യാർത്ഥികൾ അകലെയുള്ള പാഠശാലയിലേക്ക് പോയി തുടങ്ങുന്നു. അതുപോലെ ദൂരെ ദിക്കിൽ പണിയെടുക്കേണ്ടവർ അവരവരുടെ വാഹനങ്ങളിൽ 'ട്യൂബ്' റെയിൽവേ കേന്ദ്രങ്ങളിലേക്കും സ്ഥലത്തു തന്നെയുള്ള പ്രാദേശിക റെയിൽ ആഫീസുകളിലേക്കും പ്രവഹിക്കുന്നു. അവിടെ നിന്നും ദീർഘദൂരയാത്ര ചെയ്ത് ജോലിസ്ഥലങ്ങളിലെത്തും. തനിക്ക് പോകേണ്ടുന്ന സ്ഥലം അത്രയ്ക്കകലത്തിലല്ല. എന്നാലും പ്രധാന വീഥിയിൽ നിന്ന് കുറച്ചുള്ളിലേക്ക് കയറിയിട്ടാണ്. അതുകൊണ്ട് സ്വന്തം വാഹനമുപയോഗിക്കാതെ നിർവ്വാഹമില്ല. പ്രത്യേകിച്ച്, ആ സ്ഥലത്തേയ്ക്ക് പൊതുവാഹനങ്ങൾ നന്നേ കുറവാണ്.

ഇതിനിടയ്ക്ക് നിരത്തിൽ ഒരുവൻ ഗതാഗത തടസ്സമുണ്ടാക്കി. ഒരു കൂറ്റൻ ഇന്ധനം നിറച്ചു വന്ന ലോറിയുടെ ചാലകശക്തിക്ക് എന്തോ തകരാർ സംഭവിച്ചു. ഞൊടിയിടയിൽ ഉയർന്ന പാതകളിൽ പരിശോധനക്ക് വേണ്ടി റോന്തു ചുറ്റുന്ന പോലീസെത്തി.





വാഹനങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുമ്പോൾ, ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ ബന്ധപ്പെട്ട ശകടത്തെ കെട്ടി വലിച്ചു കൊണ്ടു പോകുന്നതിലേക്കുള്ള അതിശക്തനായ ഒരു കുട്ടി ഭീമനെത്തി. വാഹനനിരയിൽ നിന്ന് അനങ്ങാഭൂതത്തെ ഉയർത്തി, കൊളുത്തുകൾ ഘടിപ്പിച്ച്, വലിച്ചുകൊണ്ട് അപ്പുറത്തെ ഒഴിഞ്ഞ സ്ഥലത്തേയ്ക്ക് കൊണ്ടു പോയി. വീണ്ടും ഗതാഗതം സുഗമമായി നിരനിരയായി വണ്ടികൾ ഒഴുകി തുടങ്ങി. വലിയ താമസം കൂടാതെ അവൾ തന്റെ ജോലിസ്ഥലത്തെത്തി.

കാർ നിർത്തിയിടേണ്ട സ്ഥലത്തു നിന്നും പ്രവൃത്തിയെടുക്കുന്ന ഭാഗത്തേയ്ക്ക് കുറച്ചു ദൂരമുണ്ട്. അത് നടന്നു തന്നെ എത്തണം. ലോകമാകമാനം വേരുകളുള്ള ആഗോളപ്രശസ്തിയിൽ വിരാജിക്കുന്ന ഒരു വ്യാപാരസ്ഥാപനമാണത്. ഏതാണ്ട് പതിനായിരം പേരോടൊപ്പം അവളും പണിയെടുക്കുന്നു. ഉപഭോക്താക്കൾക്ക് വേണ്ടി, വിവിധ തരത്തിലുള്ള ഉല്പന്നങ്ങൾ കച്ചവടം ചെയ്യുന്നത് വളരെ വിപുലമായ കമ്പ്യൂട്ടർ ശൃംഖല (ഇന്റർനെറ്റ്) ഉപയോഗിച്ചാണ്. കമ്പോളത്തിൽ നേരിട്ടുപോയി വാങ്ങുന്നതിനേക്കാൾ വിലക്കുറവും, സമയലാഭമുള്ളതിനാൽ ഈ രീതിയിലുള്ള വില്ക്കൽ വാങ്ങൽ ഏവർക്കും സ്വീകാര്യമാണ്.

നെടുനീളത്തിലായി കിടക്കുന്ന ശാലകളിലേക്ക് അഭ്യസ്തവിദ്യരായ യുവതി യുവാക്കളുടെ ഒരു പ്രവാഹം ആണ് പിന്നെ കണ്ടത്. ആ കുത്തൊഴുക്കിൽ അവളും ഒരു ഭാഗമായി. കവാടത്തിനരികെയുള്ള സമയം ദ്യോതിപ്പിക്കുന്ന, യന്ത്രത്തിൽ കൈയ്യിലുള്ള ടാഗ് വച്ചമർത്തി ഉള്ളിലേക്ക് കടന്നു. നിരനിരയായിട്ടുള്ള ഷെൽഫുകളിൽ ഉപഭോക്താക്കൾക്കായി വച്ചിരിക്കുന്ന സാധനസാമഗ്രികൾ നിരവധിയാണ്. വാച്ചുകൾ, ഷൂസുകൾ, ചെരിപ്പുകൾ, ഫോണുകൾ, ടി.വി, തുണിത്തരങ്ങൾ, ഫ്രിഡ്ജുകൾ, അലക്കുയന്ത്രങ്ങൾ തുടങ്ങി മിക്കവാറും ഉപഭോക്താക്കൾക്ക് പ്രിയങ്കരമായിട്ടുള്ള എല്ലാം അവിടെ ഒരുക്കി വച്ചിരിക്കുന്നു. കമ്പ്യൂട്ടർ തുറന്ന്, നെറ്റിലൂടെ വരുന്ന എല്ലാ അപേക്ഷകളും, ആവശ്യങ്ങളും പരിഗണിച്ച് പണം ഉറപ്പാക്കിയതിനുശേഷം പാഴ്സൽ അയക്കുവാൻ സത്വര നടപടി സ്വീകരിക്കണം.

ഹാളിലുള്ളവർ പരസ്പര ധാരണയോടെ യോജിച്ചുള്ള കൂട്ടായ ഒരു പ്രവർത്തനം കാഴ്ച വയ്ക്കുന്നു. എണ്ണ ഇട്ട് പ്രവർത്തിപ്പിക്കുന്ന നല്ല ഒരു യന്ത്രത്തിന്റെ സ്വഭാവമാണിവിടെ പ്രകടമാകുന്നത്. വിശ്രമവേളയില്ലാത്ത അസംഖ്യം ആളുകളുടെ സംഘടിത ശ്രമംകൊണ്ട് ഉടമയ്ക്കും, ഉപഭോക്താവിനും ഒരേ സമയത്ത് ചാരിതാർത്ഥ്യമടയാം. പരാതികൾ വളരെ വിരളമായിട്ടേ വരാറുള്ളൂ.

തനിക്കനുവദിച്ചു തന്നിട്ടുള്ള മേശയ്ക്ക് പിന്നിലെ കസേരയിലിരുന്ന് അവൾ കമ്പ്യൂട്ടർ പ്രവർത്തിപ്പിച്ച് അനുസ്യൂതം ജോലി ചെയ്തു. വിശ്രമവേളയ്ക്ക് , ശരിയ്ക്ക് ഒരവസരമില്ല. കാരണം നെറ്റിൽ ഉപഭോക്തൃ സംസ്കാരത്തിന്റെ പ്രതിഫലനം നിരന്തരം നിഴലിച്ചു വരും. ഇടയ്ക്ക് അഭ്യർത്ഥിച്ചാൽ അപ്പുറത്തെ പാർക്കിംഗ് സെക്ഷനിന്നാരെങ്കിലും വന്ന് ആ ജോലി ഏറ്റെടുക്കും. അപ്പോൾ എന്തെങ്കിലും ചെറുഭക്ഷണവും ഉത്തേജക പാനീയവും കഴിക്കും. കൂട്ടത്തിൽ ശുചിമുറി വരെ ഒന്നു പോകുകയും ചെയ്യാം. അങ്ങേ വശത്തു നിന്നും സ്നേഹിത ശ്രീലങ്കക്കാരി ഒരു പുഞ്ചിരിയോടെ വന്ന് അവളുടെ അടുത്തു നിന്നിട്ട് തോളത്ത് സ്പർശിച്ചു. ആശ്വാസത്തോടെ, അയൽ രാജ്യത്ത് നിന്നും വന്ന് ചേക്കേറിയവളോട് നന്ദി പറഞ്ഞ് അവൾ എഴുന്നേറ്റ് ഹാളിനു പുറത്തുള്ള വിശ്രമകേന്ദ്രത്തിലേക്ക് ചെന്നു. കരുതിയിരുന്ന ഭക്ഷണം കഴിച്ച്, ശുചിമുറി സന്ദർശനം കൂടി നിർവ്വഹിച്ചിട്ട് അവൾ വേഗത്തിൽ തിരികെയെത്തി.

പകരം കസേരയിലിരുന്നിരുന്ന യുവതിയോട് ഒരിക്കൽ കൂടി നന്ദി പറഞ്ഞതോടെ അവർ സ്വഗതമെന്നോതിക്കൊണ്ട് എഴുന്നേറ്റു. തുടർന്ന് ഉപവിഷ്ടയായ അവൾ ശൃംഗലാ പ്രവർത്തനത്തോടെ വീണ്ടും ജോലിയിൽ വ്യാപൃതയായി.

ജോലിക്കാരുടെ കൂട്ടത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നും വരുന്നവരുണ്ട്. ചെറുപ്പക്കാരും മദ്ധ്യവയസ്കരും, യുവവൃദ്ധരുമെല്ലാം നിരനിരയായിട്ടാണിരിക്കുന്നത്. അതിജീവനത്തിനുള്ള ഒരു മാർഗ്ഗമായിട്ടാണ് ഈ ജോലിയെങ്കിലും ചുരുക്കം ചിലർക്കത് ഒരു അധിക വരുമാനമാണ്. കാരണം, വിവാഹിതരായ രണ്ടാൾക്കും ജോലി ലഭിക്കുന്നതിനാൽ കുടുംബ ജീവിതം കൂടുതൽ സുഖകരവും, ഭദ്രവുമായിത്തീരുന്നു.

തുടർച്ചയായി ആറു മണിക്കൂർ പണി എടുത്തു കഴിഞ്ഞാൽ വന്നവർക്കു പോകാം. പിന്നീടു അടുത്ത കൂട്ടം എന്ന പ്രമാണമനുസരിച്ച് പുതിയ ആൾക്കാർ എത്തും. അവരുടെ ഊഴം രാത്രി അവസാനിക്കുന്ന മുറയ്ക്ക് മറ്റൊരു സംഘം, വീണ്ടും ജോലി ഏറ്റെടുക്കും. നാഴിക മണിയുടെ പ്രവർത്തനം പോലെ സദാ സമയവും അവിടെ കർമ്മനിരതരായ ആൾക്കാരുണ്ടാകും. ഇത് മറ്റൊരിടത്തുമില്ലാത്ത വാണിജ്യ വ്യാപാരത്തിന്റെ ഒരു സവിശേഷതയാണ്. സാധനസാമഗ്രികൾ വാങ്ങുവാൻ ഉപഭോക്താക്കൾ ഏതു സമയത്താണാഗ്രഹിക്കുക എന്നു പറയുവാൻ

കഴിയില്ല. കടുത്ത മത്സരമുള്ള ഒരു മേഖലയായതിനാൽ ഇടപാടുകാർ നെറ്റിൽ പ്രത്യക്ഷപ്പെടുന്ന സന്ദർഭം ഏറ്റവും പ്രധാനപ്പെട്ടതാണ്. അത് മുതലാക്കുവാൻ ഉപഭോക്താക്കളുടെ ആഗ്രഹമനുസരിച്ചുള്ള നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ സ്വീകരിച്ച്, ഉടമ്പടി ഉറപ്പാക്കണം.

മദ്ധ്യാഹ്നം കഴിഞ്ഞതോടെ അവളുടെ ജോലിയുടെ സമയം ഏതാണ്ടവസാനിച്ചു. പ്രവർത്തനം അവിരാമമായി തുടരുന്നതിലേക്ക് വേണ്ടി എത്തിച്ചേർന്ന ജർമ്മൻ യുവതിയെ ചുമതല ഏല്പിച്ച് ഒരു ചെറുപുഞ്ചിരിയോടെ അവരോടു യാത്ര പറഞ്ഞ് അവൾ അവിടെ നിന്നിറങ്ങി. വെളിയിൽ വച്ചിരിക്കുന്ന യന്ത്രത്തിൽ കാർഡിട്ട് പ്രവർത്തിപ്പിച്ച് സമയം രേഖപ്പെടുത്തിയശേഷം കെട്ടിടത്തിനു പുറത്തേയ്ക്ക് നടന്നു. ഏതാണ്ട് ഒരു ഫർലോങ്ങിൽ കൂടുതൽ ദൂരം പിന്നിട്ട് കാർ നിർത്തൽ കേന്ദ്രത്തിലെത്തി. അവിടെ നിന്നും തന്റെ വാഹനമെടുത്തുകൊണ്ട് വന്ന്, വാണിജ്യകേന്ദ്രത്തിനകത്തുള്ള വഴിയിലൂടെ മുഖ്യകവാടം കടന്ന് പ്രധാന നിരത്തിലെത്തി. രണ്ടു വശത്തും വ്യാപാരകേന്ദ്രങ്ങളും, വിദ്യാലയങ്ങളും, ഭക്ഷണശാലകളുമെല്ലാം സ്ഥിതി ചെയ്യുന്ന പ്രദേശം താണ്ടി തന്റെ വാസസ്ഥലം ലക്ഷ്യമാക്കി, സാമാന്യം വേഗതയിൽ തന്നെ കാറോടിച്ചു.

ചെറുപാതയുടെ മുൻപിൽ തന്നെയുള്ള ചെറുവീടിന്റെ പടിവാതിലിനോടു ചേർന്ന്, കാർ നിർത്തി അതിൽ നിന്നിറങ്ങി. കവാടം തുറന്ന്, ശകടമകത്ത് കയറ്റി വീണ്ടും ഗേറ്റടച്ചു. വീടിന്റെ പുറത്തുള്ള കൂട്ടിൽ കിടന്നിരുന്ന റെക്സിനെ അടച്ചിട്ടിരുന്ന വാതായനം തുറന്ന് പുറത്തുവിട്ടു. അവൻ സ്വാഗതമോതി, ശബ്ദം പുറപ്പെടുവിച്ചിട്ട് തൊടിയിൽ ഒന്ന് കറങ്ങിയശേഷം അവളുടെ അടുത്തെത്തി.

ഗൃഹത്തിനകത്ത് ആരെങ്കിലുമുണ്ടോ എന്ന് ബോദ്ധ്യപ്പെടുവാൻ, മുൻവശത്തുള്ള കതകിന്റെ ഒരു വശത്ത് വച്ചിരുന്ന മണിയുടെ സ്വിച്ചമർത്തി നോക്കി. പ്രതികരണമൊന്നുമുണ്ടാകാത്തതിനാൽ ചാവി എടുത്ത് വാതിൽ തുറന്നകത്തേക്ക് കയറി. കാത്തുനിന്ന നായ അവളെ ഉരുമ്മിക്കൊണ്ട് ബലമായി തന്നെ വീട്ടിനുള്ളിൽ പ്രവേശിച്ചു. കോട്ടും, ഷാളും വരാന്തയിലെ ഹാംഗറിൽ തൂക്കി. ഷൂസ് ഊരി അതിന്റെ സ്റ്റാൻഡിൽ വച്ചു നേരെ സ്വീകരണമുറിയിലേക്ക് കടന്ന് അവിടെ ഇട്ടിരുന്ന ദിവാനിലേക്ക് വീണു. അതിനു താഴെ തറയിൽ റെക്സ്, വന്ന് കിടന്ന് ഉറക്കം തുടങ്ങി. മക്കളാരെങ്കിലും അവനു ഭക്ഷണം കൊടുത്തിരിക്കാം. ഇല്ലെങ്കിൽ ഇത്ര ശാന്തനാകുവാൻ സാദ്ധ്യതയില്ല. വൈകുന്നേരത്തെ അവന്റെ ശാപ്പാടും തയ്യാറാക്കണം.

ഏറെ നേരമായി വച്ചിരിക്കുന്ന കണ്ണട ഊരി അരികത്തുള്ള ടീപോയിൽ വച്ചിട്ട്, കൈയ്യിലുള്ള ടൗവ്വലുകൊണ്ട് നേത്രങ്ങൾ തുടച്ചു. കാലുകൾ നീട്ടിവെച്ച് കൈകൾ മടക്കി നെഞ്ചത്തു വച്ച്, കുറച്ചുനേരമങ്ങിനെ കിടന്നു. ഇനി കുറച്ചു നേരം വിശ്രമിക്കാം. ആരും വരാനില്ല. മക്കൾ പാഠശാല വിട്ടു വരണമെങ്കിൽ കുറച്ചു കൂടി സമയമുണ്ട്. കുട്ടികളുടെ അച്ഛൻ പുറത്തു പോയിരിക്കുകയാണല്ലോ. വരുന്നതിൽ ക്ലിപ്ത സമയമൊന്നുമില്ല.

പകലത്തെ അദ്ധ്വാനത്തിൽ തളർന്ന് അവൾ ആ കിടപ്പിൽ മയങ്ങിപ്പോയി. നിദ്രയിൽ നിന്ന് ഞെട്ടിയുണരുമ്പോൾ, നടുക്കത്തോടെ വാച്ചിലേക്ക് നോക്കി. കുട്ടികൾ വരേണ്ടുന്ന സമയം ഏതാണ്ടായിരിക്കുന്നു. ധൃതഗതിയിൽ ഗോവണിയിലൂടെ മുകളിൽ ചെന്ന് ശുചിമുറിയിൽ കയറി ഷവറിൽ ഒന്നു മേൽ കഴുകി, വസ്ത്രങ്ങൾ മാറ്റി. ഹൗസ് കോട്ടണിഞ്ഞിട്ട്, നേരെ താഴെ പാചകമുറിയിലേക്ക് പ്രവേശിച്ചു. തുടർച്ചയെന്നോണം മറ്റൊരു ജോലി ആരംഭിക്കുകയായി.



## അഭിനന്ദനങ്ങൾ

ലണ്ടനിലെ റോയൽ സൊസൈറ്റി ഓഫ് ട്രോപ്പിക്കൽ മെഡിസിൻ ആൻഡ് ഹൈജിൻ ഗ്രാൻഡിന് അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലെ ഡോ. ലക്ഷ്മി അരവിന്ദൻ അർഹയായിരിക്കുന്നു. ആഗോളതലത്തിൽ 30 പേർക്കു മാത്രം നൽകുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് റിസേർച്ച് (NIHR) യു.കെയുടെ സ്കോളർഷിപ്പ് നേടിയെടുത്ത ഡോ. ലക്ഷ്മി അരവിന്ദന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ. ഡോ. ലക്ഷ്മി അരവിന്ദ് നമ്മുടെ കരയോഗാംഗമായ ശ്രീ. എസ്. അരവിന്ദന്റെയും ശ്രീമതി. ജയശ്രീ അരവിന്ദന്റെയും മകളാണ്.





# കേരളവും പ്രളയവും

ഡോ. അമിതാ ബച്ചൻ കെ. എച്ച്. ഫോൺ : 9497627870

കേരളത്തിന്റെ പ്രത്യേകമായ ഭൂപ്രകൃതി, ഇന്ന് നമ്മൾ നേരിട്ടു കൊണ്ടിരിക്കുന്ന കാലാവസ്ഥയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, പാരിസ്ഥികമായിട്ടുള്ള തകർച്ച, ആവാസവ്യവസ്ഥകൾക്കുണ്ടായിട്ടുള്ള നാശം എന്നിവ നമ്മുടെ ജീവിതത്തെ ബാധിക്കുന്നുണ്ടെന്ന് ജനങ്ങളും, ഭരണകൂടവും, നീതിന്യായ വ്യവസ്ഥയുമെല്ലാം തിരിച്ചറിഞ്ഞിരിക്കുന്നു എന്നത് ഒരു യാഥാർഥ്യമാണ്. ഇതിൽ ആര് ആദ്യം തിരിച്ചറിഞ്ഞു എന്നതും ചിലർ തിരിച്ചരിഞ്ഞിട്ടും മൗനം ഭജിക്കുന്നതെന്താണെന്നതും നമ്മുടെ പ്രകൃതി-രാഷ്ട്രീയ ചരിത്രവും, ലോക നരവംശാധിപത്യ കാലത്തിന്റെ ചരിത്രവുമായും രാഷ്ട്രീയവുമായും, ഭാഷാപ്രയോഗത്തിലടക്കം പ്രകൃതി കേവല പരിസ്ഥിതിയായി ലോപിച്ചതിന്റെ ചരിത്രവുമായും ഇഴ ചേർന്നു കിടക്കുന്നു. ഇത്തരത്തിൽ ഒരു ജനകീയ-ആവാസ -ശാസ്ത്ര-രാഷ്ട്രീയ -സംവാദത്തിനു തുടക്കം കുറിക്കുന്നതിന് കാരണമായി എന്നതുകൊണ്ട് തന്നെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടും പ്രസക്തമാണ്. ഇടക്കിടെയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ സാമ്പത്തിക പ്രവർത്തനങ്ങളെ തന്നെ താറുമാറാക്കി, ആയാസരഹിതമായ ജീവനം എളുപ്പമല്ല എന്ന സങ്കീർണമായ സാമൂഹിക പ്രതിസന്ധിയിൽ എത്തിയിരിക്കുന്നു എന്നത് തന്നെയാണ് പരിസ്ഥിതി - പ്രകൃതി ചിന്തയേക്കാൾ ഇത്തരം അന്വേഷണങ്ങളിലേക്ക് പൊതു സമൂഹം തിരിയുന്നതിനു കാരണമായത് എന്നത് യാഥാർഥ്യമാണ്. കേവല പരിസ്ഥിതി വാദങ്ങൾക്കപ്പുറം വസ്തുനിഷ്ഠമായി ഊർജ്ജവിനിമയവ്യവസ്ഥകളെ അടിസ്ഥാനമാക്കിയുള്ള വിഭവങ്ങളുടെ വിനിമയത്തെ, അതിനെ ജീവനുമായി ബന്ധിപ്പിക്കുന്ന ആവാസ വ്യവസ്ഥകളിൽ സന്തുലിതമാക്കിയിട്ടുള്ള ജൈവ അജൈവ ബന്ധങ്ങളെ, അതിനു പശ്ചാത്തലമൊരുക്കുന്ന ഭൂമിശാസ്ത്രപരമായ പ്രത്യേകതകളെ മനസ്സിലാക്കുക എന്നത് സ്ഥായിയായ വികസനത്തിനും വിഭവ പരിപാലനത്തിനും ജീവസന്ധാരണത്തിനും അനിവാര്യമാണ് എന്നതാണ് വസ്തുത.

### കേരളം - മലകളുടെ നാട്

കേരളം എന്ന പേരിനൊപ്പം നമ്മൾ മറന്നുപോയ കേരളത്തിന്റെ മറ്റൊരു പേരാണ് മലനാട്. കേരവൃക്ഷങ്ങൾ തെങ്ങിൻ തോപ്പുകളിൽ നട്ടുവളർത്തുന്നതിന്റെ ഹ്രസ്വചരിത്രത്തിനപ്പുറത്തേക്ക് കേരളത്തിന്റെ ഉത്ഭവത്തെ തന്നെ ഓർമ്മിപ്പിക്കുന്ന 'മലനാട്' എന്ന് കാണേണ്ടതാണ് ആവാസശാസ്ത്രപരമായ (Ecological) ശരി. ശാസ്ത്രീയമായി പറയുകയാണെങ്കിൽ ഒരു മൗണ്ടെയ്നസ്സ് ലാന്റ് സ്കേയ്പ്. മലകൾകൊണ്ട് രൂപം കൊടുക്കപ്പെട്ടൊരു ഭൂപ്രദേശത്തെ അതിന്റെ മലത്തലപ്പിൽ ജീവിക്കുന്ന ആളുകൾ തൊട്ട് താഴെ തീരപ്രദേശത്ത് ജീവിക്കുന്ന ആളുകൾക്ക് വരെയും ഇത്തരം ഒരു ഭൂപ്രകൃതിയിലാണ് നമ്മൾ ജീവിക്കുന്നത് എന്നുള്ള ഒരു ബോധം ഉണ്ടാവുക എന്നുള്ളതാണ് ഒരു തരത്തിൽ പറഞ്ഞാൽ ഏറ്റവും അടിസ്ഥാനപരമായിട്ടുള്ള ആവാസ ശാസ്ത്ര വീക്ഷണം, പശ്ചിമഘട്ടത്തിലെ ഏറ്റവും സങ്കീർണമായ ഭൂപ്രകൃതിയും, ഇടവപ്പാതി, തുലാവർഷം എന്നിങ്ങനെയുള്ള വർഷപാതങ്ങൾകൊണ്ട് അനുഗ്രഹിക്കപ്പെട്ട പ്രകൃതി -ജൈവ സമ്പന്നമായ ദക്ഷിണ പശ്ചിമഘട്ട മേഖലയുടെ (Southern Western Ghats) ഏറ്റവും ഉയരമുള്ള കൊടുമുടിത്തലപ്പുകൾ മുതൽ പടിഞ്ഞാറു അറബിക്കടലിന്റെ തീരം വരെയുള്ള കേവലം 38863 ച.കി.മീ മാത്രം വരുന്ന, ഒരു കാലത്തു ലോകം മുഴുവൻ പ്രകൃതി വിഭവങ്ങളുടെ പ്രാധാന്യം കൊണ്ട് അറിയപ്പെട്ടിരുന്ന കേരളത്തെ നമുക്ക് പശ്ചിമഘട്ടമലകളാൽ രൂപം കൊടുത്ത ഒരു ഭൂപ്രദേശമെന്ന് വിളിക്കേണ്ടി വരും.

കന്യാകുമാരി മുതൽ വടക്കോട്ട് ഗുജറാത്തിനടുത്ത് തപ്തി നദീ താഴ്‌വര വരെ നീണ്ടു കിടക്കുന്ന ഏകദേശം 1600 കി.മീ നീളമുള്ളതും ശരാശരി 1500 മീ. ഉയരവുമുള്ള പശ്ചിമഘട്ടത്തിൽ പടിഞ്ഞാറോട്ട് കൂടുതൽ ചെറുമലകളും കിഴക്കോട്ട് ഏകദേശം കുത്തനെയുള്ള ചരിവുമാണുള്ളത്. പടിഞ്ഞാറോട്ടുള്ള ചെറുമലനിരകൾ അവസാനിക്കുന്ന ഭാഗത്ത് ചെങ്കൽ കുന്നുകളാൽ രൂപം കൊടുക്കപ്പെട്ട ഇടനാടും അതിനു ശേഷമുള്ള വളരെ ചെറിയൊരു തീരപ്രദേശവുമാണ് പശ്ചിമഘട്ടത്തിന്റെ രൂപം. അതുതന്നെയാണ് കേരളത്തിന്റെയും പ്രത്യേകത.

ഇതിൽ പാലക്കാട് ഭാഗത്ത്, പാലക്കാട് മലപ്പുറം ജില്ലയുടെ കിഴക്ക് ഭാഗത്തായി കാണുന്ന, മലമ്പുഴക്കുമൊക്കെ ഇപ്പുറം നെല്ലിയാമ്പതി വരെയുള്ള പരന്ന വിശാലമായ ഒരു ഇടനാഴിയുണ്ട്. അവിടെ

പശ്ചിമഘട്ട മലനിരകളില്ല. ചുരുക്കി പറഞ്ഞാൽ, നമുക്ക് കേരളത്തിൽ നിന്നും തമിഴ്നാട്ടിലേക്ക് മല കയറാതെ പോവാൻ പറ്റുന്നത് ഈ പ്രദേശത്തിലൂടെ മാത്രമാണ്. ഏകദേശം തൃശ്ശൂരിൽ നിന്ന് ഹൈവേ വഴി കുതിരാൻ കയറ്റം കയറിയിറങ്ങി, വടക്കാഞ്ചേരിയിൽ നിന്ന് തിരിഞ്ഞ് നെന്മാറ ഗോവിന്ദപുരം വഴി നമുക്ക് വേണമെങ്കിൽ പൊള്ളാച്ചിക്കു പോവാം. അല്ലെങ്കിൽ വാളയാർ വഴി നേരെ കോയമ്പത്തൂരിലേക്ക് പോവാം. ഈ പ്രദേശത്ത് മലനിരകളില്ലാത്തതാണ് അതിനു കാരണം പണ്ട് പശ്ചിമ ഘട്ടം ഏഷ്യയുടെ ഭാഗമായിരുന്നില്ല. ഹിമാലയം ഉണ്ടാവുന്നതിന് വളരെ മുമ്പ് പശ്ചിമഘട്ടം ആഫ്രിക്കയുടെയും മഡഗാസ്ക്കറിന്റെയുമൊക്കെ ഭാഗമായിരുന്നു. ആ കാലഘട്ടത്തിലുണ്ടായിരുന്ന ഭൂമിശാസ്ത്രപരമായിട്ടുള്ള പ്രത്യേകതകൾ ഇന്നും ഇവിടെ നിലനിൽക്കുന്നു എന്നുള്ളതുകൊണ്ട് അവിടെയൊരു പ്രത്യേക രൂപത്തിലുള്ള ഇടനാഴി രൂപപ്പെട്ടിട്ടുണ്ട്. പാലക്കാട് ഗ്യാപ്പ് എന്നറിയപ്പെടുന്ന ഈ ഭാഗത്തു നിന്ന് വീണ്ടും നമ്മൾ കുത്തനെയുള്ള മല കയറണം. വടക്കു സൈലന്റ് വാലി - അട്ടപ്പാടി - വയനാട് പ്രദേശങ്ങളിലേക്കും തെക്ക് നെല്ലിയാമ്പതിയിലേക്കും. ഇതിന്റെ ഇടയിലുള്ള പ്രദേശം വളരെ തുറന്ന കിഴക്കോട്ടുള്ള ഒരു ഇടനാഴിയായി കിടക്കുന്നു. അതിലൂടെ വരുന്ന തമിഴ്നാടിന്റെ ഡെക്കാൻ പീഠഭൂമിയുടെ വരണ്ട കാലാവസ്ഥയാണ് പാലക്കാട്. ജില്ലക്കും തൃശൂർ ജില്ലയുടെ വടക്കു - കിഴക്കൻ ഭാഗങ്ങൾക്കും മലപ്പുറം ജില്ലയുടെ തെക്കു - കിഴക്കൻ ഭാഗങ്ങൾക്കുമുണ്ടാവുന്ന വരണ്ട കാലാവസ്ഥയ്ക്കു കാരണം. പാലക്കാടിന് ഒരു പ്രത്യേക വരണ്ട കാലാവസ്ഥ കൊടുക്കുന്നതും അതുപോലെതന്നെ കിഴക്കുനിന്നുള്ള തുലാമഴയെ ഇവിടേക്ക് കടത്തുന്നതും ഇതുമൂലമാണ്.

ഇതിൽ ദക്ഷിണ പശ്ചിമഘട്ടത്തിന്റെ വടക്കേ അതിരായ തമിഴ്നാട് - കേരള - കർണ്ണാടക അതിർത്തിയിലുള്ള നീലഗിരിയുടെ ഭാഗമായ വലിയ ഉയരത്തിലുള്ള വിശാലമായ വയനാട് പ്രദേശം, ചുറ്റുമുള്ള മലനിരകൾ അതിനിടയിലുള്ള ചില താഴ്വാരങ്ങൾ പിന്നെ കുത്തനെ താഴോട്ടിറങ്ങിയാൽ പടിഞ്ഞാറോട്ട് മലപ്പുറം, നിലമ്പൂർ ഭാഗത്തേക്ക് വരുന്ന പതുക്കെ കോഴിക്കോട് വരെ വരുന്ന ഒരു ഭൂപ്രദേശം, അതിനിപ്പുറത്ത് നെല്ലിയാമ്പതിയാണെങ്കിലും നെല്ലിയാമ്പതിക്ക് ശേഷം ആനമല എന്നറിയപ്പെടുന്ന ചാലക്കുടി, തൃശൂർ, ആതിരപ്പിള്ളി, വാഴച്ചാൽ, വാൽപ്പാറ പ്രദേശങ്ങളും, പശ്ചിമഘട്ടത്തിലെ ഏറ്റവും വലിയ കൊടുമുടിയായ ആനമുടി (2694 മീ) വരെയുള്ള ആനമലകൾ, അതിനിപ്പുറത്ത് മൂന്നാറടക്കമുള്ള ഹൈറേഞ്ചും പിന്നീടുള്ള ഏലമലക്കാടുകളും അവിടുന്ന് വീണ്ടും തെക്കോട്ടു പോവുമ്പോൾ പെരിയാറിന്റെ ഒരു പ്രധാന മേഖലയായിട്ടുള്ള ഇന്നത്തെ പെരിയാർ കടുവ സങ്കേതം വരുന്ന കുമളി, തേക്കടി, അങ്ങ് തെക്ക് വളരെയധികം ജൈവ പ്രാധാന്യമുള്ള ശെന്തുരുണി മേഖലയിൽ അഗസ്ത്യകൂടവും അഗസ്ത്യമലയും, തിരുവനന്തപുരത്തിന്റെ കിഴക്കായിട്ട് വരുന്ന പൂപ്പാറ ഡാമുമൊക്കെ വരുന്ന പ്രദേശവും പൊന്മുടി മുതൽ കന്യാകുമാരി വരെ നീണ്ടുനിക്കുന്നതാണ് കേരളത്തിലെ പശ്ചിമഘട്ട പ്രദേശമെന്നു പറയുന്നത്.

## പുഴകൾ, മലനാടിന്റെ ജീവനാഡികൾ

ഒരു മലകൾകൊണ്ട് രൂപം കൊടുക്കപ്പെട്ട ഭൂപ്രദേശത്തിന്റെ (Mountain Landscape) പ്രത്യേകിച്ച് അവിടുത്തെ ജലലഭ്യതയെ നിർണ്ണയിക്കുന്നത് മഴ അഥവാ കാലവർഷം (മൺസൂൺ) ആണെങ്കിൽ അതിന്റെ ഘടനയെയും, വിഭവ ലഭ്യതയെയും തീരുമാനിക്കുന്നതിൽ പുഴയ്ക്കു സുപ്രധാന പങ്കുണ്ട്. മലത്തലപ്പിലെ ചോലവനങ്ങളിലെ ഒരു പൂവിനെ മുതൽ അങ്ങ് താഴെ കടൽത്തീരത്തെയും എന്തിനധികം പറയുന്നു അറബിക്കടലിലെ മത്സ്യ സമ്പത്തിനെ വരെയും നിർണ്ണയിക്കുന്നതിൽ പുഴയ്ക്കു ഒഴിച്ചുകൂടാനാവാത്ത പങ്കുണ്ട്. ഇത്തരത്തിൽ പശ്ചിമഘട്ടത്തിൽ ഏറ്റവും ഉയരം കൂടിയ ഭാഗത്തുള്ള, പ്രത്യേകിച്ച് മൂന്നാറിന്റെ ഭാഗത്തുള്ള മലകളിൽ നോക്കിയാൽ ഇരവികുളം ഭാഗത്ത് കാണുന്നത് പോലെ ഉള്ള ചോലക്കാടുകൾ, പുൽമേടുകൾ (Shola Grassland) എന്നിങ്ങനെ ഉള്ള ആവാസ വ്യവസ്ഥകളിൽ നിന്നാണ് പുഴകൾ ഉത്ഭവിക്കുന്നത്. ഇത്തരത്തിലുള്ള ആവാസവ്യവസ്ഥകളിൽ നിന്ന് ഉത്ഭവിക്കുന്ന നീരുറവകൾ ചെറുനീർചാലുകളായും, അവ ചേർന്ന് വലിയ നീർചാലുകളായും, അരുവികളായും ഉപനദികളായും (Tributeries) പിന്നീട് താഴെ സമതലത്തിനെത്തുന്നതിനു മുമ്പ് ഒരു പുഴയായും (River) രൂപാന്തരം പ്രാപിക്കുന്നു. സമതലങ്ങളിൽ പരന്ന് തണ്ണീർതടങ്ങളിലേക്കും (Wetlands) വയലുകളിലേക്കും മറ്റു ജലആവാസവ്യവസ്ഥകൾക്ക് രൂപം നൽകി വേനലിൽ ഉപ്പു കയറുന്ന കായലുകളിലൂടെ (Back Waters) തീരപ്രദേശത്തു വച്ചു അതാതു അഴിമുഖത്തിലൂടെ അറബിക്കടലിലേക്കെത്തുന്നു. മലത്തലപ്പു മുതൽ കടൽത്തീരം വരെ നീണ്ടു നിൽക്കുന്ന ജലപ്രവാഹമാണ് ഒരു വിശാലമായ നദീതടത്തെ വിഭവങ്ങളെയും, ഊർജ്ജത്തെയും ബന്ധിപ്പിക്കുന്ന ജൈവജാലിക. അതുമാത്രമല്ല കോടിക്കണക്കിനു വർഷത്തെ പുഴകളുടെ ഒഴുക്കാണ് ഈ ഭൂപ്രദേശത്തെ രൂപമാറ്റപ്പെടുത്തി





നമ്മൾ ഇന്ന് കാണുന്ന രൂപത്തിലാക്കിയത്. ഇത്തരത്തിൽ ഒരു അരുവിയിലേക്ക് ജലം ഒഴുകിയെത്തുന്ന ഭൂപ്രദേശത്തെ ആ അരുവിയുടെ നീർമറിത്തടെ / നീർത്തടം (വാട്ടർഷെഡ്) എന്ന് വിളിക്കാം. അത്തരം കുറെ നീർത്തടങ്ങൾ കൂടി ചേർന്ന് ഒരു പുഴയുടെ മുഴുവൻ വൃഷ്ടിപ്രദേശവും ഉൾപെടുമ്പോൾ അതിനെ നദീതടം (River Basin) എന്ന് വിളിക്കാം. ഇത്തരത്തിൽ കേരളത്തെ ആവാസശാസ്ത്ര പരമായി നോക്കി കാണുമ്പോൾ 44 നദീതടങ്ങൾ കൂടി ചേർന്നുള്ള മലനാട് (Mountanous Landscape) എന്ന് കാണേണ്ടി വരും. ഇത്തരത്തിൽ ഒരു ആവാസശാസ്ത്ര ഉൾക്കാഴ്ച ഉണ്ടെങ്കിൽ മാത്രമേ ഇടുക്കിയിലും തമിഴ്നാട്ടിലെ വാല്പ്പാറയിലും, ഷോളയാറിലും, നെല്ലിയാമ്പതിയിലുമെല്ലാം അതിശക്തമായ മഴപെയ്യുമ്പോൾ, അവിടെയുള്ള ഇരുപതിലധികം അണക്കെട്ടുകൾ തുറക്കുമ്പോൾ ചാലക്കുടിപ്പുഴയിലെയും പെരിയാറിലെയും 7102 ച.കി.മീ (1704, 5398) മേഖലയിലെ ജലം മുഴുവൻ (അതായതു കേരളത്തിലെ മൊത്തം വൃഷ്ടിപ്രദേശത്തിന്റെ 20– 30%) കൊടുങ്ങല്ലൂർ - കൊച്ചി കായലിലേക്ക്, പ്രത്യേകിച്ച് ചാലക്കുടി മേലൂർ മാള കണക്കൻകടവ് വഴി ചാലക്കുടിയാറും ആലുവ - പറവൂർ വഴി പെരിയാറും കൊടുങ്ങല്ലൂർ കായലിലേക്ക് ഒഴുകും എന്ന ബോധം നമുക്കുണ്ടാകുകയുള്ളൂ. ഇത്തരത്തിലുള്ള പ്രകൃതിയുടെ താളത്തെക്കുറിച്ചുള്ള അറിവുകൾ നമ്മുടെ സമൂഹത്തിൽ നിന്ന് തമസ്കരിക്കപ്പെട്ടതിന് ഒരു രാഷ്ട്രീയ ചരിത്രമുണ്ട്. അത് കൊളോണിയൽ അധിനിവേശക്കാലത്തു തുടങ്ങിയ സാമ്പത്തിക മുതലാളിത്ത നരവംശാധിപത്യകാലത്തിന്റെ ചരിത്രം തന്നെയാണ്.

## പ്രകൃതിയുടെ ആവാസശാസ്ത്രകാഴ്ച കേവല പരിസ്ഥിതിയായി പരിണമിച്ച നരവംശാധിപത്യ - മുതലാളിത്ത കാലഘട്ടം

കഴിഞ്ഞ ഇരുപതു വർഷമായി ചാലക്കുടിപുഴയെക്കുറിച്ചു, അവിടുത്തെ പുഴയോരക്കാടുകൾ, വേഴാമ്പൽ അടക്കമുള്ള ജൈവവൈവിധ്യം, കാടർ ഗോത്രവർഗ്ഗമുൾപ്പടെയുള്ള ആവാസവ്യവസ്ഥ, മനുഷ്യർ, ഇവ തമ്മിലുള്ള സങ്കീർണമായ ബന്ധങ്ങൾ, പാരിസ്ഥിതിക - ആവാസശാസ്ത്ര ചരിത്രം എന്നിവ പഠനവിധേയമാക്കിയതിലൂടെയാണ് പരിസ്ഥിതി എന്നത് നരവംശാധിപത്യ കാലഘട്ടത്തിലെ മുതലാളിത്തവല്ക്കരിക്കപ്പെട്ട, അല്ലെങ്കിൽ മനുഷ്യനെയും പ്രകൃതി വിഭവങ്ങളെയും കേവല കമ്പോള വസ്തുവാക്കി മാറ്റപ്പെട്ട, ആവാസവ്യവസ്ഥ മനുഷ്യരടക്കം മനുഷ്യരെല്ലാവരും പ്രകൃതിയുടെ ശത്രുവാണെന്നു ബോധവത്ക്കരിക്കപ്പെട്ട, കേവല പരിസ്ഥിതി എന്ന ചിന്താധാര പരസ്പര ബന്ധങ്ങളിലൂന്നിയ യഥാർത്ഥ പ്രകൃതി ശാസ്ത്രം (Ecology) അഥവാ ആവാസവ്യവസ്ഥാവബോധനത്തെ തമസ്കരിച്ചതിന്റെ രാഷ്ട്രീയം മനസ്സിലായത്.

മനുഷ്യകുലം ആധുനിക മനുഷ്യനായി പരിണമിച്ചിട്ട് ആയിരക്കണക്കിന് വർഷങ്ങൾ ആയെങ്കിലും കഴിഞ്ഞ ഒന്നര നൂറ്റാണ്ടു മാത്രമാണ് ആഗോളതലത്തിൽ സാമ്പത്തിക മുതലാളിത്തത്തിലൂന്നി ആയിരക്കണക്കിന് വർഷങ്ങൾകൊണ്ട് പരിണമിച്ചുണ്ടായ ഭൂമിയുടെ ജീവ വൈവിധ്യത്തേയും എന്നു വേണ്ട ഭൂമിയുടെ ഘടനയെത്തന്നെ അട്ടിമറിക്കുന്ന നരവംശാധിനിവേശ കാലമായി ശാസ്ത്രജ്ഞർ കണക്കാക്കുന്നുള്ളൂ. ആഗോള തലത്തിൽ ഭൂമിയുടെ ഊർജ - വിഭവ വിനിമയത്തിന്റെ സന്തുലിതാവസ്ഥ തകർക്കുന്ന രീതിയിൽ മനുഷ്യ പ്രവർത്തനം മാറിയെന്നതാണ് ഇതിനു കാരണം. ആഗോള കാലാവസ്ഥ വ്യതിയാനം ഇതിന്റെ ഉദാഹരണമാണ്. ഇത്തരം ഒരു കാലഘട്ടത്തിൽ സംഭവിച്ച ബോധനവും, അധിനിവേശവും എല്ലാം ഭൂമിയിലും വിഭവങ്ങളിലും സാമ്പത്തിക ലാഭത്തിനായുള്ള സ്വകര്യാധിനിവേശത്തെ സാധൂകരിക്കുന്നതിനായി സാമ്പത്തിക മുതലാളിത്തം തന്നെ രൂപപ്പെടുത്തിയതാണ്. ഉദാഹരണമായി കടലിനെയും, ഭൂമിയെയും പുഴയേയും എല്ലാം സ്വകാര്യ സ്വത്തായി മാറ്റാൻ യഥാർത്ഥത്തിൽ കഴിയില്ല എന്നാണ് ഇനിയും വിശ്വസിക്കുന്ന ആവാസവ്യവസ്ഥ മനുഷ്യരെ (ആദിവാസികൾ, കർഷകർ, മുക്കുവർ) ആട്ടിപ്പായിച്ചും, ഉന്മൂലനാശനം ചെയ്തും, ജാതി - മത - വർഗ ചിന്തകളിലൂടെ അടിമകളാക്കിയും, ഭൂമിയിൽനിന്നകറ്റി സാമ്പത്തിക മുതലാളിത്തത്തിന്റെ അടിമകളാക്കി മാറ്റിയുമൊക്കെ നിലനിർത്തിയുമാണ് സാമ്പത്തിക മുതലാളിത്തം മുന്നോട്ടു പോയത്. ഈ കാലയളവിൽ സമൂഹത്തിന്റെ ബോധനത്തെ നിയന്ത്രിക്കുന്ന ജനത ഭൂമിയുടെ ജൈവബന്ധങ്ങളെയും പുഴയൊഴുകുന്ന വഴിയേയുമെല്ലാം മറന്നു പോയി. ഒരു പ്രളയം തന്നെ വേണ്ടി വന്നു ആവാസശാസ്ത്രപരമായ ഇത്തരം യാഥാർത്ഥ്യങ്ങൾക്കു പുനർജന്മമേകാൻ.

മനുഷ്യൻ പ്രകൃതിയുടെ ശത്രുവാണെന്ന പൊതുബോധം തന്നെ സൃഷ്ടിക്കപ്പെട്ടത് ഈ കാലഘട്ടത്തിലാണ്. അത് കേട്ടാണ് നാം ഓരോരുത്തരും വളർന്നത്. യഥാർത്ഥത്തിൽ മനുഷ്യൻ പ്രകൃതിയുടെ ഭാഗമല്ലേ? പ്രകൃതിയുടെ ശത്രുവാണോ? ഇത്തരത്തിലുള്ള പരിസ്ഥിതി ബോധനത്തിലാണ് ഒരു ആദിവാസി വിറകെടുക്കുന്നതു, കർഷകൻ കൃഷി ചെയ്യുന്നതിനായി ചെടികൾ - മരങ്ങൾ മുറി

ക്കുന്നത്, ഒരാൾ ആഹാരത്തിനായി ഒരു ജീവിയെ കൊല്ലുന്നത് ഒക്കെ പരിസ്ഥിതി വിരുദ്ധമാണ് എന്ന് ചിത്രീകരിക്കപ്പെടുന്നത്. ഒരു കുട്ടി ചോദിച്ച പോലെ ഞങ്ങളാണോ പ്ലാസ്റ്റിക് സമൂഹത്തിൽ വിതരണം ചെയ്യുന്നത് ? അത് ലാഭമുണ്ടാക്കുന്ന കമ്പനികളും അതിനനുവദിക്കുന്ന സർക്കാർ നിലപാടുമല്ലേ ? വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന ഒരു മാനിനെ കടുവ പിടിച്ചാൽ കടുവയ്ക്കെതിരെ കേസെടുക്കുമോ എന്ന് ആദിവാസി ചോദിക്കുമ്പോളും, വയനാടിന്റെ പ്രകൃതി സംരക്ഷണത്തിനായി കാട്ടിൽ നിന്ന് ആദിവാസികളെ മാറ്റിപാർപ്പിക്കണമെന്നു വാദിക്കുന്ന പരിസ്ഥിതി (കേവല പരിസ്ഥിതി ബോധനത്തിന്റെ ഇരകളായ) വാദികൾ ഇതിനു മറുപടി കണ്ടെത്തേണ്ടി വരും. യഥാർത്ഥത്തിൽ വനത്തിൽ നിന്നു ആളുകൾ മാറിത്താമസിക്കേണ്ടി വരുമെങ്കിൽ ആദ്യം മാറേണ്ടത് ആരാണ്? വനവുമായി ആയിരക്കണക്കിന് വർഷങ്ങളുടെ ജീവചരിത്രമുള്ള ആദിവാസികളോ ? മറ്റു പരമ്പരാഗത വനവാസികളോ ? അതോ ഇത്തരം കപട പ്രകൃതി ബോധത്തിൽ ജീവിക്കുന്ന മുഖ്യധാരാ മനുഷ്യരോ? എന്നാൽ ആവാസശാസ്ത്രപരമായി മാവിൽ മാങ്ങയുണ്ടാകുന്നത് പ്രജനനത്തിനു വേണ്ടി മാത്രമല്ല മറ്റു ജീവികൾക്ക് ആഹരിക്കുന്നതിനും കൂടിയാണ്, എന്നാൽ മനുഷ്യന് മാത്രം ആഹരിക്കുന്നതിന് മാത്രമല്ല എന്ന് സാരം. ഇത്തരത്തിലുള്ള ആവാസശാസ്ത്ര ബോധം പ്രകൃതിയുമായി നിത്യേന ഇടപഴകി ജീവിക്കുന്നതുകൊണ്ടു തന്നെ ആവാസവ്യവസ്ഥ മനുഷ്യരിൽ സംസ്കാരത്തിന്റെ ഭാഗമായി ഇഴുകി ചേർന്നിട്ടുണ്ട്. ആ ബോധമാണ് അവരെ പ്രകൃതി വിരുദ്ധമായ പ്രവർത്തനങ്ങളിൽ നിന്ന് പിൻതിരിക്കുന്നത്. ആ ബോധം കേവലം ആവാസവ്യവസ്ഥ മനുഷ്യർക്കു മാത്രമാണെന്ന് പറയാൻ കഴിയില്ല. നാം ജീവിക്കുന്ന ചുറ്റുപാട് തന്നെയാണ് പ്രകൃതി അതിലെ സങ്കീർണമായ കണ്ണികളോട് നമ്മൾ ലളിതമായ ഓരോ നിമിഷവും സംവദിക്കുന്നത് കാലത്തിന്റെ അഥവാ സമയത്തിന്റെ വിശാലമായ കാൻവാസിൽ വളരെ സങ്കീർണമായ ബന്ധങ്ങൾ സൃഷ്ടിക്കുന്നു. അതിനെ അനുഭവിക്കൽ വളരെ സുന്ദരവും ലളിതവുമാണ്. ഒരു പൂവിന്റെ, വെള്ളച്ചാട്ടത്തിന്റെ, ഭംഗി ആസ്വദിക്കുന്നതുപോലെ, എന്നാൽ പൂവിനെ പൂവായും വെള്ളച്ചാട്ടത്തിനെ വെള്ളച്ചാട്ടമായും രൂപപ്പെടുത്തുന്ന ജൈവ ബന്ധങ്ങളെ നിർവ്വചിക്കുക എളുപ്പമല്ല. സാമ്പത്തിക മുതലാളിത്തത്തിന്റെ അശാസ്ത്രീയമായ പരിസ്ഥിതി ബോധനങ്ങൾ യഥാർത്ഥ ആവാസവ്യവസ്ഥ മനുഷ്യരെ ആവാസവ്യവസ്ഥകളിൽ നിന്നകറ്റി അധിനിവേശത്തിനായി രൂപം കൊടുക്കപ്പെട്ടതാണ്. 1800 കളുടെ അവസാനത്തിൽ യൂറോപ്യൻ അധിനിവേശം അമേരിക്കയിലെ ആവാസവ്യവസ്ഥ മനുഷ്യരെ ഉന്മൂലനാശം ചെയ്തുകൊണ്ടാണ് രൂപം പ്രാപിച്ചത്. എന്നാൽ സംരക്ഷണം എന്ന് അവർ വിളിച്ചത് ഭൂമിയുടെ അവകാശം കമ്പനികളിലേക്ക് മാറ്റി, പ്രകൃതിയെ ഉന്മൂലനാശം ചെയ്ത് തടിക്കായുള്ള ഏകവിള തോട്ടങ്ങൾ ഉണ്ടാക്കുകയും, വെളുത്തവർഗക്കാർക്കായി മാത്രം മൃഗയാവിനോദത്തിനായി റിസർവുകൾ കെട്ടിപ്പടുക്കുന്നതിനുമാണ്. ഇതേ നിയമങ്ങൾ തന്നെയാണ് നമ്മുടെ നാട്ടിൽ ബ്രിട്ടീഷുകാർ നടപ്പിലാക്കിയതും വലിയ മാറ്റങ്ങളില്ലാതെ നമ്മൾ തുടർന്ന് കൊണ്ടു പോകുന്നതും.

(തുടരും)

കവിത

## കാത്തുനിൽപ്പ്

**നന്ദിനി മനോഹരൻ**

ഓണക്കിളികൾ പാടി നടന്നു
ഓണം വരവായ് മലനാട്ടിൽ
ഓണത്തുമ്പികൾ പാറി പറന്നു
ഓണത്തപ്പനെ വരവേൽക്കാൻ
തുമ്പയും തെച്ചിയും ചെമ്പരത്തി
ചന്തത്തിൽ നീളെ പൂത്തുലഞ്ഞു
കാക്കപ്പൂ, ചെത്തിപ്പൂ, മുക്കുറ്റിയും
കാലെ കുളിച്ചണ്ടൊരുങ്ങിനിന്നു
മുറ്റത്തു ചന്തത്തിൽ പൂക്കളം തീർക്കാൻ
കറ്റക്കിടാങ്ങളെ കാത്തു നിന്നു
കാതോർത്തു നിന്നു കുഞ്ഞിപ്പൂക്കൾ
പൂവിളിയെങ്ങാനും കേൾക്കുന്നുണ്ടോ ?
കുഞ്ഞിളം കാറ്റു മൂളി പറഞ്ഞു
കാത്തിരുന്നീടേണ്ട കൂട്ടുകാരെ
കുട്ടികൾക്കാർക്കുമേ നേരമില്ല
വട്ടിയിൽ നിങ്ങളെ ശേഖരിക്കാൻ
പൂക്കളം തീർക്കുവാൻ മുറ്റമില്ല
പാട്ടുകൾ പാടാനൊഴിവുമില്ല
പൂക്കടകളിൽ ചെന്നുപൂക്കൾ വാങ്ങാം
ചേലോടെ പൂക്കളം തീർക്കാമല്ലോ ?
ഓണാഘോഷങ്ങൾ, മത്സരങ്ങൾ
ഓടി നടക്കുന്നു മാലോകരും.
തെന്നലിൻ വാക്കുകൾ കേട്ടനേരം
തുമ്പയും തെച്ചിയും മുഖം താഴ്ത്തി നിന്നു
ഓണത്തിൻ വിശുദ്ധിയും , സൗന്ദര്യവും
ഓർമ്മയിൽ മാത്രമായ് മാറീടുമോ ?





# ഒരു ആഭ്യന്തരമഹായുദ്ധം

**അനുരാധ. ഫോൺ: 9447035067**

തെളിഞ്ഞ പ്രഭാതം. വൃക്ഷശിഖരങ്ങളിൽ നിന്ന് അദൃശ്യരായ പറവകളുടെ സമൂഹഗാനം കേൾക്കാം.

ജഗദീശ് വരാന്തയിലെ ചാരുകസേരയിൽ ഒഴിവു ദിവസത്തിന്റെ അലസതയോടെ പത്രം വായിച്ചുകൊണ്ടിരിക്കുകയാണ്. രണ്ടാംശനിയാഴ്ചയായതുകൊണ്ട് ബാങ്കിന് അവധിയാണ്. ഇളംവെയിലിന്റെ തങ്കരശ്മികൾ വരാന്തയിലേക്ക് എത്തി നോക്കാൻ തുടങ്ങിയിരിക്കുന്നു. അടുക്കളയിൽ നിന്നും പാത്രങ്ങളുടെ ചിലമ്പലും പാർടൈം പണിക്കാരി ജാനുവിന് നിർദ്ദേശങ്ങൾ നൽകുന്ന നന്ദിതയുടെ സ്വരവും ഇടകലർന്ന് കേട്ടു. ഇടയ്ക്കവൾ ചാരുമോളെ വിളിച്ച് എന്തെല്ലാമോ പറയുന്നുണ്ട്.

ജഗദീശ് ആദ്യവായനയിൽ ശ്രദ്ധയിൽ പെടാത്ത അപ്രധാനവാർത്തകൾക്കായി പത്രത്തിന്റെ മുക്കും മൂലയും തിരയുന്നതിനിടയിൽ നന്ദിതയുടെ പാദസ്വരത്തിന്റെ നനുത്ത കിലുക്കം.

ബെഡ്കോഫിയോടൊപ്പം, അകന്ന ബന്ധത്തിലുള്ള ടെക്സ്റ്റയിൽ ബിസിനസ്സുകാരന്റെ മകളുടെ നാടടക്കം ക്ഷണിച്ചു കൊണ്ടുള്ള അത്യാഡംബര വിവാഹത്തിന്റെ വിശേഷങ്ങളുമായി അവൾ എപ്പോൾ വേണമെങ്കിലും തന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടേക്കാം എന്ന് അയാൾക്കറിയാമായിരുന്നു. അവളുടെ മാതാപിതാക്കളുടെയും ബന്ധുക്കളുടെയും ഉയർന്ന സാമ്പത്തിക സ്ഥിതിയെ പ്രകീർത്തിക്കാനുള്ള അവസരങ്ങൾ അവൾ ഒരിക്കലും പാഴാക്കാറില്ലല്ലോ.

ഇന്നലെ രാത്രി ഏറെ വൈകിയാണ് അവളുടെ അച്ഛന്റെ ഇന്നോവയിൽ കൊല്ലത്തു നിന്ന് അവൾ മടങ്ങി എത്തിയത്. രണ്ടു ദിവസത്തെ അതിഘോരമായ വിവാഹാഘോഷങ്ങളിൽ പങ്കെടുത്തതിന്റെ ക്ഷീണം കൊണ്ടാകാം കല്യാണവിശേഷങ്ങളുടെ പ്രക്ഷേപണത്തിന് ഒരു ദിവസത്തെ അവധി കൊടുത്തത്. പ്രതീക്ഷിച്ചതുപോലെ തന്നെ കാപ്പികപ്പ് അയാളെ ഏൽപിച്ചശേഷം അവൾ വരാന്തയിലെ തിണ്ണയിൽ ഇരുന്നുകൊണ്ട് കല്യാണ വിശേഷങ്ങളുടെ മാറാപ്പ് തുറന്നു. ജഗൻ ഈ കല്യാണമൊന്നു കാണേണ്ടതായിരുന്നു. ജഗന്റെ അനിയത്തി ശ്യാമേടെ കല്യാണം പോലൊന്നുമായിരുന്നില്ല കേട്ടോ. രാജാക്കന്മാരുടെ കാലം മടങ്ങി എത്തിയതുപോലുള്ള പ്രതീതിയായിരുന്നു. ഡാൻസും പാട്ടും സാക്സോഫോൺ കച്ചേരിയും ഒക്കെയായി ഞങ്ങളെല്ലാവരും ശരിക്കും അടിച്ചുപൊളിച്ചു. കല്യാണപന്തൽ അലങ്കരിക്കാൻതന്നെ ഒരഞ്ചുലക്ഷമെങ്കിലും ചിലവായി കാണും. ശ് ശോ ! കല്യാണപ്പെണ്ണ് വൈരാഭരണങ്ങളിൽ വെട്ടിത്തിളങ്ങി നിൽക്കുമ്പോ ചെക്കന്റെ അമ്മേടെ കൊണ്ടുവന്ന് മണവാട്ടീടെ കഴുത്തിലിടുന്നു ഒരു ചങ്കൻ വൈരനെക്കലേസ്!

അത്യുത്സാഹത്തോടെ നന്ദിത കല്യാണാഘോഷങ്ങളുടെ വിവരണം തുടർന്നുകൊണ്ടിരിക്കെ പത്രം ഭംഗിയായി മടക്കി മടിയിൽ വെച്ചശേഷം ജഗദീശ് വിരസതയോടെ പറഞ്ഞു. ചെക്കന്റെ ഡാഡി ഏതോ സ്വീറ്റ് ഷോപ്പ് ഉടമയാണെന്ന് വിവാഹപത്രികയിൽ കണ്ടു.

അങ്ങിനെ ഒന്നുമല്ലാ ജഗൻ. കൊല്ലത്തും അവിടെ നിന്ന് തെക്കോട്ടേക്കും ഒരു പത്തറുപതു ഷോപ്പെങ്കിലും കാണും.

'പെണ്ണിന്റെ ഡാഡിയും ചെക്കന്റെ ഡാഡിയും വൻകിട ബിസിനസ്സുകാരാണല്ലോ ? അപ്പോളിന്നിലെ നടന്നത് കള്ളപ്പണങ്ങൾ തമ്മിലുള്ള ബാന്ധവമായിരിക്കും. കൊള്ളാം.' തന്റെ അനുജത്തി ശ്യാമയുടെ വിവാഹത്തെക്കുറിച്ചുള്ള ആക്ഷേപത്തിന് തിരിച്ചടി നൽകാനുള്ള അവസരം ജഗദീശും പാഴാക്കിയില്ല. കല്യാണവിശേഷങ്ങളുടെ വിവരണം പെട്ടെന്ന് അവസാനിപ്പിച്ച് മുഖം കനപ്പിച്ചുകൊണ്ട് നന്ദിത നടന്നകന്നപ്പോൾ ജഗദീശിന്റെ ചുണ്ടിൽ ഒരു ചെറുപുഞ്ചിരി വിരിഞ്ഞു. ചാരുകസേരയിൽ നിന്നും എഴുന്നേൽക്കാൻ തുടങ്ങുമ്പോഴേക്കും നാലാം ക്ലാസുകാരി ചാരുമോൾ തോളിൽ വാട്ടർ ബോട്ടിലും തൂക്കി, തുള്ളിച്ചാടിക്കൊണ്ട് മുന്നിലെത്തി. ഡാഡി, ഇന്ന് സ്പോർട്സ് ഡേയാ. കളർഡ്രസ്സ് ഇട്ടോളാൻ പറഞ്ഞിരിക്കയാ ടീച്ചർ. മമ്മി കൊല്ലത്തു നിന്ന് വാങ്ങിക്കൊണ്ടു വന്ന പുത്തനുടുപ്പാ. ഇഷ്ടായോ.

നല്ല ഭംഗി , യു ലുക്ക് വെരി ബ്യൂട്ടി ഫുൾ

'താങ്ക് യൂ. പിന്നേയ് ഒരു സ്വകാര്യം. മമ്മി കൊല്ലത്തു നിന്ന് ഡാഡിക്ക് ഒരു ഷർട്ടും വാങ്ങിവെച്ചിട്ടുണ്ട്.

ഡാഡിയുടെ ബെർത്ത്ഡേയ്ക്ക് സർപ്രൈസായി സമ്മാനിക്കാൻ.'

'ഡാഡി ഇന്ന് അച്ഛമ്മേ കാണാൻ പോണില്ലേ?'

പെട്ടെന്നെന്തോ ഓർമ്മവന്നതുപോലെ ചാരു ചോദിച്ചു.

'ഉപ്പ്'

ചുറ്റുമൊന്ന് നിരീക്ഷിച്ച് നന്ദിത അടുത്തില്ലെന്ന് ഉറപ്പുവരുത്തിയശേഷം പതിഞ്ഞ സ്വരത്തിലവൾ പറഞ്ഞു. 'പോയിട്ട് വരുമ്പോ ആ മഞ്ഞപൂച്ചകുഞ്ഞിനെ കൊണ്ടുവരണേ ഡാഡി. മറക്കല്ലേ. അച്ഛമ്മ അതിനെ എനിക്ക് തരാമെന്ന് പറഞ്ഞിരിക്ക്യാ'.

വടക്കാഞ്ചേരിയിലാണ് ജഗദീശിന്റെ തറവാട്. വാട്ട്സാപ്പിൽ തള്ളപ്പൂച്ചയുടെയും കുഞ്ഞുങ്ങളുടെയും ഫോട്ടോ കണ്ടയുടനെ മഞ്ഞനിറമുള്ള പൂച്ചക്കുഞ്ഞിനെ അവൾ ബുക്ക് ചെയ്തു വെച്ചിരിക്കയാണ്. അതിന്റെ പേരുപോലും അവൾ നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു.

സ്കൂൾ ബസ്സിന്റെ ഹോൺ കേട്ട് ധൃതിയിൽ ചവിട്ടു പടികൾ ഇറങ്ങുന്നതിനിടയിൽ ചാരുമോൾ ഓർമ്മിപ്പിച്ചു. ' 'മമ്മിയോട് പറഞ്ഞേക്കല്ലേ ഡാഡി, മമ്മിക്ക് നാടൻ പൂച്ചകളെ ഇഷ്ടമല്ല.'

സന്ധ്യക്ക് വടക്കാഞ്ചേരിയിൽ നിന്നും മടങ്ങിയെത്തിയ ജഗദീശിന്റെ കാർ, ഗേറ്റ് കടന്ന് അകത്ത് എത്തിയപ്പോഴേക്കും ചാരുമോൾ ഓടി വന്നു. പിറകിലെ ഡോർ തുറന്ന് തുളകളുള്ള ചെറിയൊരു പെട്ടി എടുത്ത് ജഗദീശ് അവൾക്കു സമ്മാനിച്ചു. പെട്ടിയുമായി അവൾ വീടിനകത്തേക്ക് ഓടി മറഞ്ഞു. കാർ ഷെഡിൽ വണ്ടി പാർക്ക് ചെയ്തശേഷം അകത്തെത്തിയ ജഗദീശ് കാണുന്നത് വ്യത്യസ്ഥമായ മൂന്ന് വികാരപ്രകടനങ്ങളാണ്.

കവിളിൽ കൈപത്തികൾ ചേർത്ത് വിടർന്ന ചിരിയുമായി നിൽക്കുന്ന ചാരുമോളുടെ മുഖത്ത് ആഹ്ളാദവും കൗതുകവും ഇടകലർന്ന ഭാവം. നന്ദിതയുടെ മുഖത്ത് വെറുപ്പും അറപ്പും കലർന്ന ചുവപ്പ്. ഒരു അഭയാർത്ഥിയുടെ യാചനാഭാവത്തോടെ അവളെ നോക്കി ദയനീയമായി കരയുന്ന പൂച്ചക്കുഞ്ഞ്.

'എന്തിനാ ഇതിനെ ഇങ്ങോട്ട് കെട്ടിയെടുത്തത്?' നന്ദിതയുടെ അസഹൃത തുളുമ്പുന്ന സ്വരം.

'വളർത്താൻ' നിസ്സംഗതയോടെയായിരുന്നു ജഗദീശിന്റെ മറുപടി.

'എനിക്ക് പൂച്ചകളെ ഇഷ്ടമല്ലെന്ന് ജഗന് അറിഞ്ഞൂടെ'?

'അറിയാമല്ലോ. പക്ഷെ നമ്മുടെ മോൾക്ക് ഇഷ്ടമാണ്.'

'ഹോ ! ആ പെട്ടിമുഴുവൻ അത് മൂത്രമൊഴിച്ച് വെച്ചിരിക്കുകയാണ്. ചാരൂ, നീയത് പുറത്തെങ്ങാനും കൊണ്ടുപോയി വെക്ക്.'

വീണ്ടും പൂച്ചകുഞ്ഞിന്റെ യാചനാസ്വരം 'മ്യാവൂ.'

അതിനെ കയ്യിലെടുത്ത് തലോടിക്കൊണ്ട് ചാരുമോൾ മനസ്സിൽ കുറിച്ചു വെച്ചിരുന്ന പേര് അരുമയോടെ വിളിച്ചു, 'പുസ്സീ, പുസ്സിമോളെ', പിന്നെ നന്ദിതയോട് അപേക്ഷാസ്വരത്തിൽ ആവശ്യപ്പെട്ടു. 'മമ്മീ, അല്പം പാല്. പുസ്സിക്ക് വിശക്കുന്നുണ്ടെന്നാ തോന്നുന്നേ.'

'അതെല്ലാം നിന്റെ ഡാഡിയോട് പറഞ്ഞാൽ മതി.'

ജഗദീശിന്റെ നേരെ രോഷമാളുന്ന ഒരു നോട്ടമയച്ച് തല വെട്ടിത്തിരിച്ചുകൊണ്ട് നന്ദിത നടന്നകന്നു.

രാത്രിയായപ്പോൾ മറ്റൊരു പ്രശ്നവുമായി ചാരു ജഗദീശിന്റെ അടുത്തെത്തി. പുസ്സിയെ എവിടെ കിടത്തി ഉറക്കും ? പെട്ടി തീരെ ചെറുതല്ലേ ? അവളതിൽ മുഴുവൻ മൂത്രമൊഴിച്ചു വെച്ചിരിക്കയാ. പുറത്തു വിട്ടാൽ എവിടെ എങ്കിലും വൃത്തികേടാക്കിയാലോ. അല്ലെങ്കിലേ മമ്മി എന്നോട് മിണ്ടുന്നേയില്ല.

'ഒന്നു രണ്ടു ദിവസം കഴിഞ്ഞാൽ മമ്മീടെ പിണക്കമൊക്കെ താനെ മാറിക്കോളും' എന്നു ചാരുവിനെ ആശ്വസിപ്പിച്ചെങ്കിലും നന്ദിത തന്നോടും അതേ നയം തന്നെയാണല്ലോ സ്വീകരിച്ചിരിക്കുന്നത് എന്നോർത്തുകൊണ്ട് ജഗദീശ് സ്റ്റോർറൂമിലേക്ക് നടന്നു. ആകാംക്ഷയോടെ ചാരുമോൾ പിറകെയും.

ഏതാനും മാസം മുൻപ് വാങ്ങിയ മിക്സിയുടെ പെട്ടി ലോഫ്റ്റിൽ നിന്ന് ജഗദീശ് ഇറക്കി വെച്ചപ്പോൾ ചാരുമോളുടെ മുഖത്ത് ആശ്വാസം.

ചാരുവിന്റെ ബെഡ്റൂമിന്റെ ഒരു മൂലയിൽ പെട്ടി ഒതുക്കിവെച്ച് ചാക്കും പഴംതുണിയും വിരിച്ച് പുസ്സിയുടെ ബെഡ്റൂം ഒരുക്കുന്നതിനിടയിൽ ജഗദീശ് പറഞ്ഞു 'ഇന്നും നാളെയും നമുക്ക് പുസ്സിയെ ഇതിലാക്കാം. തിങ്കളാഴ്ച ഡാഡി എവിടുന്നെങ്കിലും ഒരു വീഞ്ഞപ്പെട്ടി കൊണ്ടു വരാം. എന്നിട്ട് നമുക്കവളെ അതിൽ സൂക്ഷിക്കാം'.

'ശരി ഡാഡി' ചാരു ജഗദീശിന് കൃതജ്ഞതയോടെ ഒരുമ്മയും സമ്മാനിച്ചു.

പിറ്റേന്ന് ഞായറാഴ്ച, ടിവിയിലെ കുട്ടിചാനലുകൾ തീർത്തും അവഗണിക്കപ്പെട്ടു. പുസ്സിയെ കൊഞ്ചിക്കാനും കളിപ്പിക്കാനുമായിരുന്നു ചാരുവിനു താല്പര്യം. പുസ്സി അവളുമായി പെട്ടെന്നിണങ്ങി. അവളുടെ മടിത്തട്ടിലെ ഇളം ചൂടിൽ, കുറുങ്ങിക്കൊണ്ട് ആലസ്യത്തോടെ കണ്ണു ചിമ്മിക്കിടന്നു. ഇടയ്ക്ക് കണ്ണുതുറന്ന് നന്ദിപുരസരം അവളുടെ മുഖത്തേക്ക് നോക്കി.

തിങ്കളാഴ്ച മുതൽ ജഗദീശ് കൊണ്ടുവന്ന വീഞ്ഞപ്പെട്ടിയിലായി പുസ്സിയുടെ താമസം. ചാരുവും പാർടൈം ജോലിക്കാരി ജാനുവുമായുള്ള കൂട്ടായ്മയിൽ വീഞ്ഞപ്പെട്ടിക്കകത്തു തന്നെ മണൽ നിറച്ച ചട്ടിയിൽ പുസ്സിയുടെ ശുചിമുറിയും തയ്യാറായി. ചാരു





സ്കൂളിൽ നിന്നു മടങ്ങിയെത്തുന്നതു വരെ പുസ്സിക്ക് വീഞ്ഞപ്പെട്ടിയിൽ തന്നെ കഴിയേണ്ടി വന്നു. അവധി ദിവസങ്ങൾക്കായി ചാരുവും പുസ്സിയും കാത്തിരുന്നു. ദിവസങ്ങൾ കടന്നു പോയിട്ടും നന്ദിതയുടെ ശീതസമരത്തിന് എള്ളിടപോലും അയവുണ്ടായില്ല എന്നതും ഹോംവർക്ക് ചെയ്യാതെ പുസ്സിയുടെ പിറകേ നടന്നതിന് ചാരുവിന് നന്ദിതയിൽ നിന്നും ഏതാനും കൊച്ചു നുള്ളുകൾ ശിക്ഷയായി കിട്ടി എന്നതും ഒഴിവാക്കിയാൽ ഗൃഹാന്തരീക്ഷം പൊതുവേ ശാന്തമായിരുന്നു. എങ്കിലും കുറച്ചു ദിവസം മുൻപു വരെ രാത്രി ഉറങ്ങുന്നതിനു മുൻപ് കുറച്ചു നേരം തന്നെ ചേർത്തു പിടിച്ചു കിടക്കാറുള്ള മമ്മിയും മമ്മിയുടെ കുഞ്ഞിക്കഥകളും ചാരുവിൽ നഷ്ടബോധമുളവാക്കി.

എട്ടു പത്തു ദിവസങ്ങൾ കടന്നുപോയി. ഒരു വെള്ളിയാഴ്ച 'മമ്മീ, വിശക്കുന്നു' എന്നു പറഞ്ഞുകൊണ്ട് സ്കൂളിൽ നിന്നും മടങ്ങിയെത്തിയ ചാരുവിനെ വരവേറ്റത് അറപ്പുകൊണ്ട് മൂക്കുംചുളിച്ചു നില്ക്കുന്ന നന്ദിതയാണ്. 'ഇവിടെയൊന്നുമിരിപ്പില്ല. നീ നിന്റെ ഡാഡിയോട് ആ അസത്തുപ്പൂച്ചയെ എവിടെക്കെങ്കിലും കൊണ്ടു പോയി കളയാൻ പറയ്' നന്ദിത കയർത്തു.

'അതാ പെട്ടിക്കകത്തല്ലേ മമ്മീ. പാവം'

